# സീറോമലബാർ വിഷൻ

സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ പ്രസിദ്ധീകരണം

JANUARY 2026 | Vol - 6 ● Issue - 1 ● 16 Page Tabloid | www.syromalabarvision.com




കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത് - നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും നല്കുന്ന പദ്ധതി (ജറെമിയാ 29:11).

സീറോമലബാർ വിഷന്റെ എല്ലാ മാന്യ വായനക്കാർക്കും പുതുവത്സരാശംസകൾ

# സമുദായശക്തീകരണം സഭയുടെ വളർച്ചയ്ക്ക്



**ആർച്ചുബിഷപ്പ്**
**മാർ ആൻഡ്രൂസ് താഴത്ത്**



**'സഭ' എന്ന പദം വിശ്വാസത്തിന്റെയും കൗദാശികജീവിതത്തിന്റെയും ദൈവികദൗത്യത്തിന്റെയും ആഴമുള്ള ആത്മീയാർഥം സൂചിപ്പിക്കുന്നതാണ്. എന്നാൽ 'സമുദായം' എന്ന പദം ഉപയോഗിക്കുന്നത് സഭയുടെ ഈ ആത്മീയയാഥാർഥ്യത്തെ നിഷേധിക്കുന്നതല്ല; മറിച്ച് അതിനെ കൂടുതൽ വിശാലമായ മനുഷ്യബന്ധങ്ങളുടെയും, പങ്കാളിത്തത്തിന്റെയും, ഉത്തരവാദിത്വത്തിന്റെയും തലത്തിലേക്ക് കൊണ്ടുവരുന്നതിനാണ്. 'സമുദായം' എന്നത് വിശ്വാസികളായ വ്യക്തികൾ തമ്മിലുള്ള ഐക്യവും പരസ്പര ആശ്രയവും സഹജീവിതവും വ്യക്തമാക്കുന്ന ആശയമാണ്.**

'നിന്റെ അമ്മ, ജലാശയത്തിനടുത്തു നട്ടിരിക്കുന്ന മുന്തിരിച്ചെടിപോലെയാണ്. ധാരാളമായി വെള്ളം കിട്ടിയതുമൂലം അതു വളർന്നു ശാഖകൾ വീശി. നിറയെ ഫലം പുറപ്പെടുവിച്ചു.' (എസെക്കിയേൽ 19:10)

നമ്മുടെ അമ്മയായ തിരുസഭയെ ധാരാളം ഫലങ്ങൾ നൽകുന്ന ഒരു മുന്തിരിച്ചെടിയോട് ഉപമിക്കാം. ഇതിന്റെ ഫലങ്ങൾ രണ്ടു തരമുണ്ട്. ആത്മീയഫലങ്ങളാണ് അവയിൽ ആദ്യത്തേതും പ്രധാനപ്പെട്ടതും. പരിശുദ്ധ കൂദാശകളും അവയിലൂടെ ലഭിക്കുന്ന ദൈവികകൃപാവരവും സഭയാകുന്ന അമ്മ തന്റെ മക്കൾക്കു നൽകുന്ന ആത്മീയഫലങ്ങളാണ്. എന്നാൽ ഈ മുന്തിരിച്ചെടി ഭൗതീകഫലങ്ങളും നൽകുന്നുണ്ട്. അതു തന്റെ മക്കൾക്കു മാത്രമല്ല ലോകം മുഴുവനും അവൾ നൽകുന്നു. വിദ്യയുടെ വെളിച്ചംകൊണ്ട് ലോകത്തിന്റെ ഇരുൾ അകറ്റുന്നതും അനാഥരെയും അഗതികളെയും അംഗഹീനരെയുമെല്ലാം മാറോടണച്ച് അഭയവും ആതുരശുശ്രൂഷയും നൽകുന്നതും സഭയുടെ ഭൗതീകഫലങ്ങളുടെ തെളിവാണ്.

സഭ അതിന്റെ ആത്മീയഫലങ്ങൾ പുറപ്പെടുവിക്കുന്നത് കർത്താവിൽനിന്നു സ്വീകരിക്കുന്ന ആത്മീയപോഷണത്തിൽ നിന്നാണ്. അതേസമയം ആത്മീയകർമങ്ങൾ നിർവഹിക്കുന്ന വ്യക്തികൾ (വൈദികർ), സ്വീകരിക്കുന്ന വ്യക്തികൾ (ദൈവജനം), അവ നിർവഹിക്കപ്പെടുന്ന സ്ഥലങ്ങൾ (പള്ളികൾ) തുടങ്ങിയ ഭൗതികഘടകങ്ങളും ആത്മീയ ഫലപ്രാപ്തിക്ക് ആവശ്യമാണ്. സഭ ഭൗതികഫലങ്ങൾ പുറപ്പെടുവിക്കുന്നത് ദൈവവചനത്താലും പരിശുദ്ധാത്മാവിനാലും അവൾ പ്രചോദിപ്പിക്കപ്പെടുന്നതുമൂലമാണെങ്കിലും അതിനും അവളെ സഹായിക്കുന്ന ഭൗതികഘടകങ്ങൾ ധാരാളമുണ്ട്. വിശ്വാസിസമൂഹത്തിന്റെ അംഗബലം, അവരുടെ സാമ്പത്തിക സാഹചര്യങ്ങൾ, പൊതുസമൂഹത്തിലും രാഷ്ട്രത്തിന്റെ ഭരണനിർവഹണത്തിലും അവർക്കുള്ള സ്വാധീനങ്ങൾ തുടങ്ങിയവ ഈ ഭൗതികഘടകങ്ങൾക്ക് ഉദാഹരണങ്ങളാണ്. ഇപ്രകാരം സഭയുടെ ആത്മീയവും ഭൗതികവുമായ ഫലം നൽകലിന് അത്യന്താപേക്ഷിതമായ ഭൗതികഘടകങ്ങളെക്കുറിച്ചു പ്രത്യേകമായി ചിന്തിക്കുവാനും അവയുടെ പിന്നാക്കാവസ്ഥകൾ പരിഹരിച്ച് അവയെ ഊർജവത്താക്കാനുമായിട്ടാണ് നമ്മൾ സമുദായശക്തീകരണം 2026 ആചരിക്കുന്നത്.

'സമുദായം' എന്ന പദം എന്തിന് ഉപയോഗിക്കണം, സഭ എന്ന് ഉപയോഗിച്ചാൽ ഇതു സാധ്യമാകില്ലേ? എന്ന ചോദ്യം ചിലർ ഉയർത്തുന്നുണ്ട്. എന്നാൽ കൃത്യമായ ഒരു കാഴ്ചപ്പാടു വ്യത്യാസത്തിനുവേണ്ടിയാണ് 'സമുദായം' എന്ന പദം ബോധപൂർവം ഉപയോഗിച്ചിരിക്കുന്നത്. സഭ എന്നുപറയുമ്പോൾ നമ്മുടെ മനസിലേക്കുവരുന്നത് ഒരു ആത്മീയതലമാണ്. പള്ളി, കൂദാശകൾ, വൈദികർ, സന്യസ്തർ തുടങ്ങിയവ ഉദാഹരണങ്ങളാണ്. എന്നാൽ സമുദായം എന്ന പദം ഉപയോഗിക്കുമ്പോൾ നമ്മുടെ കാഴ്ചപ്പാട് സ്വാഭാവികമായി മാറുകയാണ്. നമ്മുടെ സംസ്കാരം, പാരമ്പര്യം, ആചാരാനുഷ്ഠാനങ്ങൾ, ജനസംഖ്യ, തൊഴിൽ, സാമ്പത്തികരംഗം, രാഷ്ട്രീയ ഭരണപങ്കാളിത്തം തുടങ്ങിയ നമ്മുടെ ഭൗതികാവസ്ഥകളിലേക്ക് നമ്മുടെ ചിന്തകൾ സ്വയമേ ചെന്നെത്തുകയാണ്.

'സഭ' എന്ന പദം വിശ്വാസത്തിന്റെയും കൗദാശികജീവിതത്തിന്റെയും ദൈവികദൗത്യത്തിന്റെയും ആഴമുള്ള ആത്മീയാർഥം സൂചിപ്പിക്കുന്നതാണ്. എന്നാൽ 'സമുദായം' എന്ന പദം ഉപയോഗിക്കുന്നത് സഭയുടെ ഈ ആത്മീയയാഥാർഥ്യത്തെ നിഷേധിക്കുന്നതല്ല; മറിച്ച് അതിനെ കൂടുതൽ വിശാലമായ മനുഷ്യബന്ധങ്ങളുടെയും പങ്കാളിത്തത്തിന്റെയും ഉത്തരവാദിത്വത്തിന്റെയും തലത്തിലേക്ക് കൊണ്ടുവരുന്നതിനാണ്. 'സമുദായം' എന്നത് വിശ്വാസികളായ വ്യക്തികൾ തമ്മിലുള്ള ഐക്യവും പരസ്പര ആശ്രയവും സഹജീവിതവും വ്യക്തമാക്കുന്ന ആശയമാണ്. സഭയെ ഒരു സ്ഥാപനമായോ ആചാരപരമായ ഘടകമായോ മാത്രം കാണാതെ, ജീവിക്കുന്ന മനുഷ്യരുടെ കൂട്ടായ്മയായി, ദൈനംദിന ജീവിതത്തിൽ സാക്ഷ്യം നൽകുന്ന വിശ്വാസസമൂഹമായി തിരിച്ചറിയാൻ 'സമുദായം' എന്ന പദം സഹായിക്കുന്നു. അതിനാൽ 'സഭ' എന്ന പദം അസാധുവാകുന്നില്ല; മറിച്ച് സഭയുടെ സാമൂഹിമായ മുഖം വ്യക്തമായി പ്രകടമാക്കുന്നതിനായി 'സമുദായം' എന്ന പദം പ്രസക്തമാകുന്നു.

മുൻകാലങ്ങളിൽ 'ജാതി' എന്ന പദം ഉപയോഗിച്ചിരുന്നു. അത് ആളുകളിൽ ഉച്ചനീചത്വങ്ങളെക്കുറിച്ചുള്ള ചിന്തകളാണ് ഉളവാക്കിയിരുന്നത്. എന്നാൽ പാശ്ചാത്യവിദ്യാഭ്യാസം, ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ വളർച്ച, സാമൂഹിക നവോത്ഥാന പ്രസ്ഥാനങ്ങളുടെ കടന്നുവരവ് തുടങ്ങിയവയിലൂടെ സാമൂഹികനീതി, സാമൂഹികസമത്വം എന്നീ ആശയങ്ങൾ പ്രചരിക്കുകയും ജാതികൾ തങ്ങളെതന്നെ സമുദായങ്ങളായി കാണാൻ തുടങ്ങുകയും ഉച്ചനീചത്വങ്ങൾക്കു പകരം തങ്ങളുടെ അംഗങ്ങൾക്കിടയിലെ ഐക്യം, സ്നേഹം, ഉന്നമനം എന്നിവ ലക്ഷ്യം വയ്ക്കുകയും ചെയ്തു. അതിനാൽ സമുദായം ഒരു പുരോഗമനപദമാണ് എന്നു മനസിലാക്കാം.

സമുദായത്തെ ചിലരൊക്കെ വർഗീയതയായി തെറ്റിധരിക്കുന്നുണ്ട്. എന്നാൽ അങ്ങനെയല്ല, സമുദായബോധം അഭിമാനബോധമാണ്. എനിക്കു സ്വന്തമായവയെ എന്റെ ജനം, എന്റെ സംസ്കാരം, പാരമ്പര്യം, ആചാരാനുഷ്ഠാനങ്ങൾ തുടങ്ങിയവയെ ഞാൻ സ്നേഹിക്കുകയും അവയിൽ അഭിമാനം കൊള്ളുകയും ചെയ്യണം എന്ന ബോധ്യമാണ് അത്. സമുദായബോധം വർഗീയവാദത്തിൽനിന്നു തികച്ചും വിഭിന്നമാണ്, വർഗീയവാദം സങ്കുചിതചിന്തയിൽനിന്നും അസൂയയിൽനിന്നും ഉണ്ടാകുന്നതും മറ്റുള്ളവരെ നശിപ്പിക്കണം എന്ന ചിന്തയിൽ വേരുറച്ചതുമാണ്. സമുദായബോധത്തെ നമ്മൾ ക്രിസ്തീയ സാഹോദര്യത്തിന്റെ പ്രകാശനമായിട്ടാണ് മനസിലാക്കേണ്ടത്. ആദിമ ക്രൈസ്തവ സമൂഹം ഒരു ഹൃദയവും ഒരാത്മാവുമായിരുന്നു എന്നു നമുക്കറിയാം. അവർ മറ്റുള്ളവരെക്കാൾ കൂടുതൽ പരസ്പരം സ്നേഹിച്ചിരുന്നു. ഈ സാഹോദര്യം നമ്മുടെയിടയിലും കൂടുതൽ കൂടുതൽ വളർന്നുവരണം.

ആത്മാവും ശരീരവും പോലെ തന്നെയാണ് സഭയും സമുദായവും. ആത്മാവിന്റെ ഭൗതീകവസതി ശരീരമാണ്. സഭയുടെ ഭൗതിക ചുറ്റുപാടുകളാണ് സമുദായം. സഭ ലോകത്തിനു മുഴുവൻ നന്മ ചെയ്യുന്ന, ധാരാളം ഫലങ്ങൾ പുറപ്പെടുവിച്ച് എല്ലാ മനുഷ്യർക്കും നൽകുന്ന മുന്തിരിച്ചെടിയാണെങ്കിൽ സമുദായം ആ ചെടിയുടെ സ്വയം പോഷണത്തെയും ആന്തരീക ശക്തീകരണത്തെയുമാണ് ഓർമിപ്പിക്കുന്നത്. രണ്ടും ചേർന്നതാണ് സമഗ്രത. കത്തോലിക്ക ജീവിതത്തിൽ നമ്മുടെ ആത്മീയ ജീവിതതലവും ഭൗതീകതലവും സമാന്തരമായി ചരിക്കുന്നതല്ല. രണ്ടിന്റെയും സമഗ്രതയാണ് സഭ ലക്ഷ്യം വയ്ക്കുന്നത്. സഭയിൽ നടക്കുന്ന സമുദായശക്തീകരണം സമഗ്രതയുടെ സന്ദേശമാണ് നൽകുന്നത്. നമുക്ക് നമ്മുടെ സഭയെയും സമുദായത്തെയും സ്നേഹിക്കാം, ശക്തിപ്പെടുത്താം, വളർത്താം. സമുദായശക്തീകരണം 2026 അതിന് നിമിത്തമാകട്ടെ. ■

## എഡിറ്റോറിയൽ

# കൂട്ടായ്മയിൽ ശക്തിപ്പെടാം!

സീറോമലബാർസഭയിൽ 2026 സമുദായ ശക്തീകരണവർഷമായി ആചരിക്കുകയാണല്ലോ. സാമൂഹ്യസാംസ്കാരിക വിദ്യാഭ്യാസമേഖലകളിൽ പലവിധ കാരണങ്ങളാൽ പിന്തള്ളപ്പെട്ടുപോകുന്ന സീറോമലബാർസഭാംഗങ്ങളുടെ ജീവിതസാഹചര്യങ്ങളെ വസ്തുതകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് സമുദായവർഷാചരണത്തിലൂടെ ലക്ഷ്യമാക്കുന്നത്. ഒരുകാലത്ത് പൊതുസമൂഹത്തിന് വിവിധ മേഖലകളിൽ നേതൃത്വം നല്കിയിരുന്ന ക്രൈസ്തവസമൂഹം ഇന്ന് എണ്ണത്തിൽ കാര്യമായ കുറവ് നേരിടുന്നുണ്ട്. രാഷ്ട്രീയസാമൂഹ്യ സാംസ്കാരിക സമവാക്യങ്ങളിൽ പലപ്പോഴും ഈ സമുദായം അവഗണിക്കപ്പെടുന്നു എന്നതും യാഥാർഥ്യമാണ്.

ഈ സാഹചര്യങ്ങളെ യാഥാർഥ്യബോധത്തോടെ വിലയിരുത്തിയ ശേഷം 2025 ജനുവരിയിൽ ചേർന്ന സഭയുടെ മെത്രാൻ സിനഡാണ് 2026 സമുദായ ശക്തീകരണവർഷമായി ആചരിക്കാൻ തീരുമാനമെടുത്തത്. വിവിധതലങ്ങളിൽ നടത്തിയ പഠനങ്ങളും 2024-ൽ നടത്തിയ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലിയിൽ ഉയർന്നുവന്ന വ്യക്തമായ സൂചനകളും ഈ തീരുമാനത്തിന്റെ പിന്നിലുണ്ട്. പൊതുസമൂഹവുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ ഏകോപനത്തിനായുള്ള സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷനാണ് ഈ വർഷാചരണത്തിന്റെ പ്രധാന ഉത്തരവാദിത്വം.

കൂട്ടായ്മയിൽ അടിയുറച്ച പ്രവർത്തനങ്ങൾ സമുദായത്തിന്റെ നിലനില്പിനും അതിജീവനത്തിനും ആവശ്യമാണ് എന്നത് സമകാലിക സംഭവങ്ങളിലൂടെ വ്യക്തമാകുന്ന വസ്തുതയാണ്. ന്യൂനപക്ഷങ്ങളിൽ ന്യൂനപക്ഷമായ ക്രൈസ്തവരുടെ ന്യായമായ ആവശ്യങ്ങളെ കൃത്യമായി അവഗണിക്കുകയും ക്രൈസ്തവവിശ്വാസത്തെയും സംഭാസംവിധാനങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും കരുതിക്കൂട്ടി അവഹേളിക്കുകയുംചെയ്യുന്ന പ്രവണത ഭരണസംവിധാനങ്ങളിൽ രാഷ്ട്രീയവ്യത്യാസമില്ലാതെ കാണപ്പെടുന്നത് വേദനാജനകമാണ്. പലസഭകളായി പിരിഞ്ഞ് വിശ്വാസവ്യത്യാസങ്ങൾക്കപ്പുറം മറ്റ് കാരണങ്ങളാൽ അകലം പാലിക്കുന്ന സഭാവിഭാഗങ്ങളുടെ കൂട്ടായ്മയുടെ അഭാവം കൃത്യമായി മുതലെടുക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഓരോ സഭയിലെയും മെത്രാന്മാരും വൈദികരും അല്മായരും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളെയും സ്വാഭാവികമായി ഉടലെടുക്കുന്ന പ്രശ്നങ്ങളെയും ഊതിപ്പെരുപ്പിച്ച് സോഷ്യൽമീഡിയായിൽ അത് സജീവമായി നിലനിർത്താൻ ഇക്കൂട്ടർ കാണിക്കുന്ന താത്പര്യവും കണ്ടില്ല എന്ന് നടിക്കാനാവില്ല.

നമ്മുടെ സഭയും സമുദായവും നേരിടുന്ന പ്രശ്നങ്ങൾക്കും ഭാവിയിലേക്ക് നമ്മൾ നോക്കുമ്പോൾ അനുഭവിക്കുന്ന അരക്ഷിതാവസ്ഥയ്ക്കും മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നതിനുപകരം ആത്മവിമർശനത്തോടെ ജീവിതശൈലികൾ മാറ്റുകയും കൂട്ടായ്മയുടെ പിൻബലത്തിൽ മുന്നോട്ടുപോകാൻ വഴികൾവെട്ടുകയുമാണ് വേണ്ടത്. ഇന്ന് നമ്മൾ കാണിക്കുന്ന നിസംഗതയും പുലർത്തുന്ന സ്വാർഥതയും ഭാവിക്കുന്ന താൻപോരിമയും വ്യക്തികളുടെ മാത്രമല്ല സമുദായത്തിന്റെതന്നെ തകർച്ചക്ക് കാരണമായിത്തീരുമെന്നത് ഉറപ്പാണ്.

അതിനാൽ ഈശോയെ നാഥനും രക്ഷകനുമായി സ്വീകരിക്കുന്ന, സീറോമലബാർസഭയിലൂടെ കത്തോലിക്കാസഭയുടെ മാതൃത്വം അനുഭവിക്കുന്ന നമ്മൾ ഐക്യത്തിലും കൂട്ടായ്മയിലും സ്നേഹത്തിന്റെ മനോഭാവത്തിലും നാളെയുടെ നന്മ ലക്ഷ്യമാക്കി കൈകൾ കോർക്കേണ്ടത് അനിവാര്യമാണ്. സമുദായ ശക്തീകരണവർഷം അതിനുള്ള അവസരവും പ്രചോദനവുമായിത്തീരട്ടെ!! ■

**രക്ഷാധികാരി**
മാർ റാഫേൽ തട്ടിൽ, മേജർ ആർച്ചുബിഷപ്പ്
**ചീഫ് എഡിറ്റർ**
ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ
**എക്സിക്യൂട്ടിവ് എഡിറ്റർ**
ഫാ. ടോം ഓലിക്കരോട്ട്
**മാനേജിങ് എഡിറ്റർ**
ഫാ. സെബി കൊളങ്ങര
**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. ജോസഫ് തോലാനിക്കൽ, ഫാ. ജോസഫ് മറ്റത്തിൽ
**കൺസൾട്ടന്റ് എഡിറ്റർ**
വിനായക് നിർമ്മൽ
**എഡിറ്റോറിയൽ ബോർഡ്**
ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ
ഫാ. ജോബിൻ കാഞ്ഞിരത്തിങ്കൽ
ഫാ. ജിഫി മേക്കാട്ടുകളം
ഫാ. ജോഷി പാണംപറമ്പിൽ
ഫാ. മാത്യു തുരുത്തിപ്പള്ളി
ഡോ. ചാക്കോ കാളംപറമ്പിൽ
ഡോ. കൊച്ചുറാണി ജോസഫ്
സി. നവ്യ ടോം DST
സി. റോസ്മിത SMC
സി. ജെസ്സി മരിയ OP

**ഡിസൈൻ & പ്രിന്റ്:** ഡോൺ ബോസ്കോ IGACT, എറണാകുളം, Ph: 0484-2806411
**ഐ.ടി. സപ്പോർട്ട്:** ജോബ് ജോസഫ്

For Editorial queries: Email: syromalabarvision@gmail.com
മാനേജിങ് എഡിറ്റർ : 9447269363, Website: www.syromalabarvision.com

# ഓർമിക്കാനൊരു ദിനം

**ജനുവരി 1:** വർഷാരംഭം
നമ്മുടെ കർത്താവിന്റെ നാമകരണം
**ജനുവരി 2:** ദൈവമാതൃത്വത്തിരുനാൾ
**ജനുവരി 3:** വിശുദ്ധ കുര്യാക്കോസ് ഏലിയാസ്
**ജനുവരി 6:** നമ്മുടെ കർത്താവിന്റെ ദനഹാത്തിരുനാൾ
സഭയിലെ പ്രധാനപ്പെട്ട തിരുനാൾ. കടമുള്ള ദിവസം.
മാർ നെസ്തോറിയസിന്റെ കൂദാശക്രമം ഇന്ന് വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്നു.
മാർ മാത്യു മൂലക്കാട്ട് മെത്രാന്റെ അഭിഷേകം (1999)
**ജനുവരി 8:** മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ മെത്രാന്റെ ചരമം (1951)
**ജനുവരി 9:** വിശുദ്ധ യോഹന്നാൻ മാംദാന
ഇന്ന് മാർ നെസ്തോറിയസിന്റെ കൂദാശക്രമം വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്നു
**ജനുവരി 10:** കണ്ടത്തിൽ മാർ അഗസ്റ്റിയൻ മെത്രാപ്പോലീത്തായുടെ ചരമം (1956)
**ജനുവരി 11:** മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ സ്ഥാനാരോഹണം (2024)
**ജനുവരി 14:** വിശുദ്ധ ദേവസഹായം
**ജനുവരി 16:** വിശുദ്ധ പത്രോസ്, വിശുദ്ധ പൗലോസ് ശ്ലീഹന്മാർ
**ജനുവരി 18:** സഭൈക്യവാരം തുടങ്ങുന്നു
**ജനുവരി 20:** വിശുദ്ധ സെബസ്ത്യാനോസ്
**ജനുവരി 24:** വിശുദ്ധ ഫ്രാൻസിസ് സാലസ്
**ജനുവരി 25:** സഭൈക്യവാരം അവസാനിക്കുന്നു
വിശുദ്ധ പൗലോസിന്റെ മാനസാന്തരം
**ജനുവരി 26:** മൂന്നു നോമ്പ് തിങ്കൾ
ഇന്ത്യൻ റിപ്പബ്ലിക് ദിനം
മാർ മത്തായി മാക്കിൽ മെത്രാന്റെ ചരമം (1914)
വിശുദ്ധ തിമോത്തേയോസ്, വിശുദ്ധ തീത്തൂസ്
**ജനുവരി 27:** മൂന്നു നോമ്പ് ചൊവ്വ
**ജനുവരി 28:** മൂന്ന് നോമ്പ് ബുധൻ
വിശുദ്ധ തോമസ് അകിനാസ്
**ജനുവരി 29:** സീറോമലബാർസഭയെ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തിക്കൊണ്ടും എറണാകുളം-അതിരൂപതാ മെത്രാപ്പോലീത്ത മാർ ആന്റണി പടിയറയെ ആദ്യത്തെ മേജർ ആർച്ചുബിഷപ്പായി നിയമിച്ചുകൊണ്ടുമുള്ള പ്രഖ്യാപനം (1993)
**ജനുവരി 30:** ലോകസമാധാനദിനം
**ജനുവരി 31:** വിശുദ്ധ ജോൺ ബോസ്ക്കോ

## നാമഹേതുകതിരുനാൾ മംഗളങ്ങൾ

**ജനുവരി 20**


മാർ സെബാസ്റ്റിയൻ വടക്കേൽ


മാർ സെബാസ്റ്റിയൻ എടയന്ത്രത്ത്


മാർ സെബാസ്റ്റിയൻ വാണിയപ്പുരയ്ക്കൽ


മാർ സെബാസ്റ്റ്യൻ പൊഴലിപ്പറമ്പിൽ


**ജനുവരി 31**


മാർ ബോസ്ക്കോ പുത്തൂർ

വഴികാട്ടികൾ

# സാറൂഗിലെ വി. യാക്കോബ്

റവ.ഡോ. അലക്സ് സെബാസ്റ്റ്യൻ കൊല്ലംകളം



ക്രിസ്തുവർഷം 451-ൽ മെസപ്പൊട്ടോമിയായിലെ കുർത്താം പട്ടണത്തിൽ ജനിച്ച യാക്കോബ് പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം ഏദേസായിലെ ദൈവശാസ്ത്രവിദ്യാക്ഷേത്രത്തിൽ ചേർന്നു. അവിടെ വി.ഗ്രന്ഥത്തിലും ആരാധനക്രമത്തിലും സഭാപിതാക്കന്മാരിലും മാത്രമല്ല വ്യാകരണം, പ്രഭാഷണകല, സംഗീതം, ഗണിതശാസ്ത്രം തുടങ്ങിയവയിലും അദ്ദേഹം പരിജ്ഞാനം നേടി. അഞ്ചാം നൂറ്റാണ്ടിലെ സാർവത്രിക സൂനഹദോസുകളിൽ (എഫേസൂസ്, കാൽസഡോൺ) തർക്കവിതർക്കങ്ങൾക്ക് കാരണമായ ദൈവശാസ്ത്രവിവാദങ്ങളിലൊന്നും ഉൾപ്പെടാൻ ആഗ്രഹിക്കാതിരുന്ന അദ്ദേഹം സാറൂഗിലെ ഹൗറായിലുള്ള ആശ്രമത്തിൽ പ്രാർഥനാജീവിതം നയിച്ചു.

ഹൗറായുടെ കോർ എപ്പിസ്ക്കോപ്പയായി നിയമിതനായ അദ്ദേഹം എഡി 518-ൽ സാറൂഹിന്റെ തലസ്ഥാനമായ ബത്നാനിലെ മെത്രാനായി അഭിഷിക്തനാകുന്നതുവരെ തൽസ്ഥാനത്തു തുടർന്നു. എ.ഡി. 521 നവംബർ 21-ാം തീയതി തന്റെ 70-ാം വയസിൽ ദിവംഗതനായ അദ്ദേഹം സുറിയാനിസഭയിലെ വേദപാരംഗതനും വിശുദ്ധനുമായി ആദരിക്കപ്പെടുന്നു. 763 കവിതാരൂപത്തിലുള്ള പ്രഭാഷണങ്ങളും (മെമ്ര), 43 കുറിപ്പുകളും എട്ടുതിരുനാൾ പ്രഭാഷണങ്ങളും സുറിയാനിസാഹിത്യലോകത്തിന് സമ്മാനിച്ച അദ്ദേഹത്തിന്റെ പേരിൽ ഒരു അനാഫൊറയും മാമ്മോദീസാക്രമവും ഉണ്ട്. പന്ത്രണ്ട് സിലബിൾ വീതമുള്ള രണ്ടുവരികളിലായുള്ള രചന സുറിയാനി കവിതാരംഗത്ത് വി.യാക്കോബിന്റെ സംഭാവനയാണ്. 'സഭയുടെ വീണ' യെന്നും 'പരിശുദ്ധ റൂഹായുടെ വേണു' വെന്നും ഉള്ള അഭിധാനങ്ങൾ അദ്ദേഹം സ്വന്തമാക്കിയത് വ്യത്യസ്തമായ ഈ രചനാശൈലിയും ആഴമായ ആത്മീയദർശനങ്ങളും കൊണ്ടാണ്. ■

വലിയ ഇടയന്റെ ഹൃദയത്തിൽനിന്ന്

# പ്രത്യാശയുടെ വാതിൽ തുറക്കുന്ന പുതുതുടക്കം

**ഈ പ്രത്യാശ ഓർമകളിൽ ഒതുങ്ങാതെ പ്രവൃത്തിയായി മാറേണ്ടതുണ്ട്. കാരുണ്യവും ദാനവും ക്രൈസ്തവ ജീവിതത്തിന്റെ ഹൃദയഭാഷയാണ്. വിശപ്പുള്ളവർക്ക് ആഹാരം നൽകുകയും, വേദനിക്കുന്നവനെ ആശ്വസിപ്പിക്കുകയും അവഗണിക്കപ്പെടുന്നവരോടൊപ്പം നിൽക്കുകയും ചെയ്യുന്നിടത്താണ് യഥാർഥ പുതുവത്സര നവീകരണം ആരംഭിക്കുന്നത്.**

മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ



പുതിയ ഒരു വർഷത്തിന്റെ പ്രഭാതത്തിൽ നാം എല്ലാവരും പ്രത്യാശയുടെയും നവീകരണത്തിന്റെയും വാതിൽപ്പടിയിൽ നില്ക്കുകയാണ്. ഓരോ പുതുവത്സരവും ദൈവം നമുക്ക് സമ്മാനിക്കുന്ന പുതിയ തുടക്കത്തിനുള്ള അവസരമാണ്. കഴിഞ്ഞ വഴികളെ തിരിഞ്ഞുനോക്കി വിലയിരുത്താനും ഉണ്ടായ പിഴവുകൾ തിരിച്ചറിഞ്ഞ് തിരുത്താനും അതോടൊപ്പം തന്നെ പുതുമയുള്ള തീരുമാനങ്ങളോടും സ്വപ്നങ്ങളോടുംകൂടി മുന്നോട്ട് നടക്കാനും അത് നമ്മെ ക്ഷണിക്കുന്നു. കാലത്തിന്റെ വെല്ലുവിളികളും ലോകത്തെ അലട്ടുന്ന യുദ്ധങ്ങളും അക്രമങ്ങളും അസഹിഷ്ണുതകളും മനുഷ്യമനസ്സിൽ ആശങ്കകൾ വിതറുമ്പോഴും ക്രിസ്തുവിൽ നമുക്ക് ലഭിച്ച പ്രത്യാശ ഒരിക്കലും അസ്തമിക്കാത്ത ദീപമായി തുടരുന്നു. പുതുവർഷത്തെ വരവേല്ക്കുന്നതിനു നമുക്കുള്ള ബലം ഏതു പ്രതിസന്ധികളുടെ നടുവിലും ദൈവം നമ്മുടെ കൂടെയുണ്ട് എന്ന വിശ്വാസത്തിൽ നിന്നു ഉളവാകുന്ന പ്രത്യാശയാണ്.

ഈ പ്രത്യാശ ഓർമകളിൽ ഒതുങ്ങാതെ പ്രവൃത്തിയായി മാറേണ്ടതുണ്ട്. കാരുണ്യവും ദാനവും ക്രൈസ്തവജീവിതത്തിന്റെ ഹൃദയഭാഷയാണ്. വിശപ്പുള്ളവർക്ക് ആഹാരം നൽകുകയും വേദനിക്കുന്നവനെ ആശ്വസിപ്പിക്കുകയും അവഗണിക്കപ്പെടുന്നവരോടൊപ്പം നിൽക്കുകയും ചെയ്യുന്നിടത്താണ് യഥാർഥ പുതുവത്സരനവീകരണം ആരംഭിക്കുന്നത്. വ്യക്തികളായും കുടുംബങ്ങളായും സമൂഹമായും കാരുണ്യത്തിന്റെയും ആർദ്രതയുടെയും സംസ്കാരം വളർത്തുമ്പോൾ ലോകം കൂടുതൽ മനുഷ്യസൗഹാർദ്ദവും ദൈവത്തിന്റെ സാന്നിധ്യമുള്ളതുമായിത്തീരും.

ഇന്നത്തെ ലോകത്തിന് ഏറ്റവും അവശ്യമായ മൂല്യങ്ങളിൽ ഒന്നാണ് സഹിഷ്ണുത. മതം, സംസ്കാരം, ഭാഷ, അഭിപ്രായവ്യത്യാസങ്ങൾ എന്നിവയെ ആദരിക്കുകയും പരസ്പര ബഹുമാനത്തോടെയും സംവാദത്തോടെയും ജീവിക്കുവാൻ പഠിക്കുകയുമാണ് സമാധാനത്തിന്റെ വഴി. സമാധാനപൂർവകമായ സഹജീവനവും സഹവർത്തിത്വവും അസാധ്യമാക്കുന്ന അസഹിഷ്ണുത നമ്മുടെ ഇടയിൽ വർധിച്ചുവരുന്നതിനെ നാം നിസാരമായി അവഗണിക്കരുത്. അസഹിഷ്ണുതയും വിദ്വേഷവും വർധിക്കുന്ന ഈ കാലഘട്ടത്തിൽ പരസ്പരം കുറ്റപ്പെടുത്തുന്നതിനുപകരം പുതുവത്സരം നമുക്ക് പുതിയ തീരുമാനങ്ങൾ എടുക്കാനുള്ള ധൈര്യം നൽകട്ടെ. സഹിഷ്ണുതയുടെയും സഹവർത്തിത്വത്തിന്റെയും വഴി തിരഞ്ഞെടുക്കാനുള്ള ധൈര്യം.

പുതിയവർഷം നവീകരിക്കപ്പെടാനുള്ള അവസരമാണ്. അവനവനെത്തന്നെ നവീകരിക്കാനും സ്വയംപുതുക്കിപ്പണിയാനുമുള്ള അവസരം. ഈ നവീകരണപ്രക്രിയയിൽ നമ്മുടെ ചിന്തകൾ നവീകരിക്കപ്പെടണം, പ്രവർത്തനങ്ങൾ നവീകരിക്കപ്പെടണം. ബന്ധങ്ങൾ പുതുക്കിപ്പണിയണം. കുടുംബബന്ധങ്ങൾമുതൽ സാമൂഹികബന്ധങ്ങൾവരെ ഇത്തരത്തിൽ പുതുതായ രീതിയിലുള്ള പുതുക്കിപ്പണിയൽ ആവശ്യപ്പെടുന്നുണ്ട്. സഭയോടും ദൈവത്തോടുമുള്ള ബന്ധത്തിൽ എവിടെയെങ്കിലും വിള്ളലുകൾ വീണിട്ടുണ്ടോയെന്ന് നാം അന്വേഷിക്കണം. ആശയപരമായി നമ്മെ അകറ്റിനിർത്തിയിരിക്കുന്ന അത്തരം കാരണങ്ങൾ കണ്ടെത്തുകയും പരിഹരിക്കപ്പെടുകയും വേണം. അപ്പോൾ മാത്രമേ വീണ്ടും പൂർവാധികം ശക്തിയോടും സ്നേഹത്തോടും കൂടി ഒന്നായിത്തീരാൻ നമുക്ക് സാധിക്കുകയുള്ളൂ. എവിടെയൊക്കെയാണ് നമ്മുക്ക് ദൈവത്തോടും മനുഷ്യരോടുമുള്ള ബന്ധം നഷ്ടമായതെന്നും സ്നേഹം മാഞ്ഞുപോയതെന്നും ചിന്തിക്കാനും കണ്ടെത്താനുമുള്ള അവസരം കൂടിയാണ് പുതുവർഷം.

കഴുകനെക്കുറിച്ച് നാം പറഞ്ഞുകേട്ടിട്ടുണ്ടല്ലോ, ഏകാന്തതയിലേക്കു സ്വയംപിൻവാങ്ങി ഏറെ വേദനയോടെയാണെങ്കിലും ശരീരത്തിലെ തൂവലുകൾ പിഴുതെറിഞ്ഞ് വീണ്ടും പുതുതാകാൻ ശ്രമിക്കുന്ന തയ്യാറെടുപ്പുകളെക്കുറിച്ച്.. വേദനയോടെയാണെങ്കിലും ഇത്തരത്തിലുള്ള നവീകരണപ്രക്രിയകൾ സഭാതലത്തിലും കുടുംബസാമൂഹികതലങ്ങളിലും നാം നടത്തിയേ തീരൂ. എങ്കിൽ മാത്രമേ ക്രിസ്തു ആഗ്രഹിക്കുന്നവിധത്തിലുള്ള പുതുസൃഷ്ടിയായിത്തീരാൻ നമുക്ക് സാധിക്കുകയുള്ളൂ. അതിനു നമ്മൾ ആദ്യം ചെയ്യേണ്ടത് ക്രിസ്തുവിൽ പുതിയ സൃഷ്ടിയായിത്തീരുകയാണ്. ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയതു കടന്നുപോയി, ഇതാ പുതിയതു വന്നുകഴിഞ്ഞു (2 കോറി 5:17).

പഴയതിനെയോർത്ത് നാം ഇനി കണ്ണീരൊഴുക്കരുത്. പഴയകാര്യങ്ങൾ പറഞ്ഞ് നാം ഇനി പിറുപിറുക്കരുത്. പഴയതിനെ പുറത്തെടുത്ത് കീറിമുറിക്കരുത്. കാരണം പഴയതു കടന്നുപോയിരിക്കുന്നു. കഴിഞ്ഞകാര്യങ്ങൾ നിങ്ങൾ ഓർക്കുകയോ പരിഗണിക്കുകയോ വേണ്ട. ഇതാ ഞാൻ പുതിയ ഒരു കാര്യം ചെയ്യുന്നു. അത് മുളയെടുക്കുന്നത് നിങ്ങൾ അറിയുന്നില്ലേ? ഞാൻ വിജനദേശത്തു ഒരു പാതയും മരുഭൂമിയിൽ നദികളും ഉണ്ടാക്കും (ഏശയ്യ 43:18-19).

ഈ തിരുവചനത്തിൽ വിശ്വസിച്ചു നമുക്കു പുതുവർഷത്തെ സ്വീകരിക്കാം. അസാധ്യതകൾക്കിടയിലും ദൈവം എല്ലാം സാധ്യമാക്കുമെന്ന് ഉറച്ചുവിശ്വസിക്കുകയും ചെയ്യാം. സീറോമലബാർവിഷന്റെ പ്രിയ വായനക്കാർക്ക് നന്മനിറഞ്ഞ, ദൈവാനുഗ്രഹങ്ങൾ നിറഞ്ഞ പുതുവർഷം സ്നേഹത്തോടെ ആശംസിക്കുന്നു. ■

# ബെത്‌ലഹേമിലെ നക്ഷത്രം: അത്ഭുതവും ശാസ്ത്രവും

**ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയയിൽ ബ്രോമിലി എഴുതുന്നു, 'ബെത്‌ലഹേമിലെ നക്ഷത്രം എന്തായിരുന്നു എന്നതല്ല, മറിച്ച് അത് ആളുകളെ ആരെയാണ് നയിക്കുന്നത് എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ചോദ്യം'.**

ബൈബിൾ സംശയങ്ങൾ

റവ. ഡോ. ടോം ഓലിക്കരോട്ട്

യേശുക്രിസ്തുവിന്റെ ജനനത്തോടനുബന്ധിച്ച് ആകാശത്തുണ്ടായ അസാധാരണമായ പ്രതിഭാസമാണ് 'ബെത്‌ലഹേമിലെ നക്ഷത്രം'. ജ്ഞാനികളെ (മജൈ) യേശുവിലേക്ക് നയിച്ച ഈ സ്വർഗീയ അടയാളത്തെക്കുറിച്ച് മത്തായിയുടെ സുവിശേഷത്തിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ജ്ഞാനികളെ യേശുവിലേക്ക് നയിക്കുക എന്നതായിരുന്നു നക്ഷത്രത്തിന്റെ പ്രധാന ദൗത്യം. പേർഷ്യയിൽ നിന്നുള്ള ഈ ജ്ഞാനികൾക്ക് (ബാൽതാസർ, ഗാസ്പർ, മെൽക്കിയോർ) പഴയനിയമപ്രവചനങ്ങളെക്കുറിച്ച് അറിവുണ്ടായിരുന്നിരിക്കാം (സംഖ്യാപുസ്തകം 24:17). ഈ നക്ഷത്രം ശിശു ഇരിക്കുന്നിടത്തുവരെ അവർക്ക് മുൻപായി പോയി എന്ന് ബൈബിൾ വിവരിക്കുന്നു.

## ശാസ്ത്രീയ നിഗമനങ്ങളും പരിമിതികളും

നൂറ്റാണ്ടുകളായി ശാസ്ത്രജ്ഞരും പണ്ഡിതന്മാരും ഈ നിഗൂഢതയെക്കുറിച്ച് പഠനം നടത്തുന്നുണ്ട്. പ്രധാനമായും മൂന്ന് ശാസ്ത്രീയ വിശദീകരണങ്ങളാണ് നൽകി വരുന്നത്.

*ഗ്രഹങ്ങളുടെ സംഗമം: ബി.സി. 2ൽ വ്യാഴം, ശുക്രൻ എന്നീ ഗ്രഹങ്ങൾ ഒന്നിച്ചു വന്നപ്പോൾ ഉണ്ടായ അമിതപ്രകാശം.

*സൂപ്പർനോവ: ഒരു നക്ഷത്രത്തിന്റെ സ്ഫോടനം മൂലം പെട്ടെന്നുണ്ടാകുന്ന തിളക്കം.

*വാൽനക്ഷത്രം: ആകാശത്ത് ചലിക്കുന്നതായി കാണപ്പെടുന്ന വാൽനക്ഷത്രങ്ങൾ.

എങ്കിലും ഈ സ്വാഭാവിക പ്രതിഭാസങ്ങൾക്കൊന്നും മത്തായിയുടെ വിവരണത്തെ പൂർണ്ണമായി വിശദീകരിക്കാൻ കഴിയില്ല. ഭൂമിയുടെ ഭ്രമണം കാരണം നക്ഷത്രങ്ങൾ നിരന്തരം ചലിച്ചുകൊണ്ടിരിക്കുന്നതിനാൽ, ഒരു പ്രത്യേക വീടിന് മുകളിൽ കൃത്യമായി വന്ന് നിൽക്കാൻ പ്രകൃതിദത്തമായ നക്ഷത്രങ്ങൾക്ക് കഴിയില്ല.

## അമാനുഷികമായ ദൈവിക ഇടപെടൽ

ക്രിസ്തുവിന്റെ കന്യകാജനനംപോലെ തന്നെ അമാനുഷികമായ ഒന്നായിരുന്നു ഈ നക്ഷത്രവുമെന്ന് പല ദൈവശാസ്ത്രജ്ഞരും വിശ്വസിക്കുന്നു. വിശുദ്ധ ജോൺ ക്രിസോസ്റ്റം (St. John Chrysostom) നടത്തിയ ഈ നിരീക്ഷണം, ബെത്‌ലഹേമിലെ നക്ഷത്രം ഒരു സാധാരണ നക്ഷത്രമല്ലെന്നും അതൊരു പ്രത്യേക ദൈവികഅടയാളമായിരുന്നുവെന്നും അടിവരയിട്ടുകൊണ്ടു പറയുന്നു: 'ആ നക്ഷത്രം ആകാശത്തിന്റെ ഉയരങ്ങളിൽനിന്ന് താഴേക്ക് വരികയും ആ ശിശുവിന്റെ തലയ്ക്ക് തൊട്ടുമുകളിൽ വന്ന് നിൽക്കുകയും ചെയ്തില്ലായിരുന്നുവെങ്കിൽ ഒരു പുൽത്തൊട്ടിയുടെയും തൊഴുത്തിന്റെയും അത്രയും ചെറിയൊരു സ്ഥലം അത് എങ്ങനെ കൃത്യമായികാണിച്ചുതരുമായിരുന്നു?' മൈക്കൽ ആർ. മൊൽനാർ തന്റെ 'ദി സ്റ്റാർ ഓഫ് ബെത്‌ലഹേം: ദി ലെഗസി ഓഫ് ദി മാഗി' എന്ന പുസ്തകത്തിൽ എഴുതുന്നു, 'ഹെറോദിന്റെ ഭരണകാലത്ത് ഒരു വലിയ സ്വർഗീയ അടയാളം ഉണ്ടായിരുന്നു അത് യഹൂദയിലെ ഒരു മഹാനായ രാജാവിന്റെ ജനനത്തെ സൂചിപ്പിക്കുന്നു. ദൈവം തന്റെ വലിയ ലക്ഷ്യങ്ങൾക്കായി പ്രകൃതിനിയമങ്ങളെ താൽക്കാലികമായി മാറ്റാറുണ്ട്. അറിയപ്പെടുന്ന പ്രകൃതിനിയമങ്ങളുടെ പശ്ചാത്തലത്തിൽ അതിനെ വിശദീകരിക്കാൻ കഴിയില്ല. ദൈവപുത്രന്റെ ജനനത്തോടൊപ്പം സ്വർഗത്തിൽ ഒരു അമാനുഷിക അടയാളവും ഉണ്ടാകുമെന്നതിൽ അതിശയിക്കേണ്ടതില്ല. ജ്ഞാനികളെ നയിച്ച നക്ഷത്രം ദൈവത്തിന്റെ അവിശ്വസനീയമായ പ്രവൃത്തികളിൽ ഒന്നാണെന്ന് വിശ്വസിക്കണം. അത് ഒരു അതുല്യമായ ഉദ്ദേശ്യത്തിനായി പ്രത്യേകം രൂപകൽപ്പന ചെയ്ത് സൃഷ്ടിച്ചതാണ്. അത് പ്രത്യാശയുടെ നക്ഷത്രമായിരുന്നു; അത് ജ്ഞാനികളെ അവരുടെ പ്രതീക്ഷകളുടെ പൂർത്തീകരണത്തിലേക്ക് നയിച്ചു. വിദ്വാന്മാർക്ക് മാത്രമാണ് ഈ നക്ഷത്രത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ സാധിച്ചത് എന്നത് ശ്രദ്ധേയമാണ്. ഹെരോദാവിനോ മറ്റുള്ളവർക്കോ ഇത് കാണാനോ തിരിച്ചറിയാനോ സാധിച്ചിരുന്നില്ല. ഇത് ഒരു പൊതുവായ ഗോള പ്രതിഭാസത്തേക്കാൾ ഉപരിയായി, ജ്ഞാനികൾക്ക് വേണ്ടി മാത്രമുള്ള ഒരു ദൈവിക വഴികാട്ടിയായിരുന്നു എന്ന് മനസിലാക്കാം. അസാധാരണമായ ഉദ്ദേശ്യങ്ങൾക്കായി ദൈവത്തിന് അസാധാരണമായ മാർഗങ്ങൾ ഉപയോഗിക്കാൻ കഴിയും. ദി ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയയിൽ, ബെത്‌ലഹേമിലെ നക്ഷത്രത്തെക്കുറിച്ച് ജെഫ്രി ഡബ്ല്യു. ബ്രോമിലി എഴുതുന്നു: 'ബൈബിളിലെ ദൈവം എല്ലാ ആകാശവസ്തുക്കളുടെയും സ്രഷ്ടാവാണ്, അവ അവനു സാക്ഷ്യം വഹിക്കുന്നു. അവന് തീർച്ചയായും ഇടപെടാനും അവയുടെ സ്വാഭാവിക ഗതി മാറ്റാനും കഴിയും.' ബൈബിളിലെ സങ്കീർത്തനം 19:1ൽ 'ആകാശം എല്ലായ്പ്പോഴും ദൈവത്തിന്റെ മഹത്വത്തെ ഘോഷിക്കുന്നു' എന്ന് പറയുന്നതിനാൽ, നക്ഷത്രത്തിലൂടെ ഒരു പ്രത്യേകരീതിയിൽ ഭൂമിയിലെ തന്റെ അവതാരത്തിന് സാക്ഷ്യം വഹിക്കാൻ ദൈവം അവരെ തിരഞ്ഞെടുത്തിരിക്കാം'.

## ഉപസംഹാരം

ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയയിൽ ബ്രോമിലി എഴുതുന്നു, 'ബെത്‌ലഹേമിലെ നക്ഷത്രം എന്തായിരുന്നു എന്നതല്ല, മറിച്ച് അത് ആളുകളെ ആരെയാണ് നയിക്കുന്നത് എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ചോദ്യം'. സങ്കീർത്തനം 19:1 പറയുന്നത് പോലെ, 'ആകാശം ദൈവത്തിന്റെ മഹത്വത്തെ ഘോഷിക്കുന്നു.' രക്ഷകന്റെ ജനനം ലോകത്തെ അറിയിക്കാൻ ദൈവം തിരഞ്ഞെടുത്ത അത്ഭുതകരമായ ഒരു അടയാളമായിരുന്നു ആ നക്ഷത്രം. അത് കേവലം ഒരു ജ്യോതിശാസ്ത്ര പദാർത്ഥമായിരുന്നില്ല മറിച്ച് ലോകത്തിന്റെ വെളിച്ചമായ ക്രിസ്തുവിലേക്കുള്ള വഴികാട്ടിയായിരുന്നു. അതിനാൽ ബെത്‌ലഹേമിലെ നക്ഷത്രത്തിലേക്കല്ല അത് ദിശ കാണിച്ച രക്ഷകനിലേക്കാകണം നമ്മുടെ ഹൃദയം ഉയർത്തേണ്ടത്.

'പാപത്തിന്റെ ഇരുളടഞ്ഞ രാത്രിയിൽ ബെത്‌ലഹേമിലെ നക്ഷത്രം പ്രകാശിച്ചു നിൽക്കുന്നു. പുൽത്തൊട്ടിയിൽ നിന്ന് പുറപ്പെടുന്ന ആ പ്രഭാവലയത്തിന്മേൽ ക്രൂശിന്റെ നിഴൽ പതിക്കുന്നു: വി. ആഗസ്തീനോസ്. ■

# സമുദായ ശക്തീകരണവർഷം സമഗ്രപുരോഗതിക്ക്



ഫാ. ജയിംസ് കൊക്കാവയലിൽ

സീറോമലബാർസഭ സമുദായ ശക്തീകരണ വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. നമ്മുടെ നസ്രാണി സമുദായത്തെക്കുറിച്ച് നമ്മൾ കൂടുതലായി ചിന്തിക്കുന്നതിനും നമ്മുടെ സമുദായത്തിന്റെ മഹനീയമായ ചരിത്രം ആഴത്തിൽ പഠിക്കുന്നതിനും സമുദായത്തിന്റെ വ്യതിരിക്തതകളും തനതാത്മകതകളും ബോധ്യപ്പെടുന്നതിനും നമ്മുടെ പിന്നാക്കാവസ്ഥകളെക്കുറിച്ചുള്ള അവബോധം അംഗങ്ങളിലേക്കു പകരുന്നതിനും സാധ്യമായ പരിഹാരനടപടികൾ സ്വീകരിക്കുന്നതിനുമായാണ് 2026 വർഷം നമ്മൾ മാറ്റി വച്ചിരിക്കുന്നത്. നമ്മുടെ സമുദയത്തിന് അതിന്റേതായ വ്യതിരിക്തതയുണ്ട്. നൂറ്റാണ്ടുകളായി തുടർന്നു പോരുന്ന ശക്തമായ കുടുബ ബന്ധം, ഏക ഭാര്യാ-ഭർതൃ വിവാഹം, ധാർമികജീവിതം, ജീവകാരുണ്യപ്രവൃത്തികൾ, ഞായറാഴ്ച ആചരണം, കുടുംബപ്രാർത്ഥന തുടങ്ങിയവ ക്രൈസ്തവ സമുദായത്തിന്റെ പ്രത്യേകതകളാണ്.

പ്രൗഢമായ ഒരു പാരമ്പര്യത്തിന്റെ അനന്തരാവകാശികളാണ് നമ്മളെങ്കിലും ഇന്നു നമ്മൾ പല മേഖലകളിലും പിന്നാക്കാവസ്ഥകൾ നേരിടുന്നുണ്ട്. ഇവയ്ക്കൊക്കെ ക്രിയാത്മകമായ പരിഹാരനടപടികൾ സ്വീകരിക്കാൻ നമുക്കു സാധിക്കണം. എല്ലാ പ്രശ്നങ്ങളും സർക്കാരുകൾ പരിഹരിക്കട്ടെ എന്ന ചിന്തയേക്കാൾ ഉപരിയായി നമുക്കുതന്നെ എന്തൊക്കെ ചെയ്യാൻ സാധിക്കും എന്ന അന്വേഷണവും കണ്ടെത്തലുകളും നടപടികളുമാണ് സമുദായ ശക്തീകരണത്തിന്റെ കാതൽ.

കേരളത്തിലെ നസ്രാണി സമുദായവും സീറോമലബാർസഭയും ഒത്തിരിയേറെ വെല്ലുവിളികളെ അതിജീവിച്ചാണ് ഇന്നുള്ള നിലയിൽ എത്തിയത്. ചരിത്രത്തിൽ നമ്മൾ അനുഭവിച്ചിട്ടുള്ള പ്രതിസന്ധികളും നമ്മൾ നടത്തിയിട്ടുള്ള ചെറുത്തുനിൽപ്പുകളും കേരളത്തിലെ മറ്റൊരു സമുദായവും നടത്തിയിട്ടുണ്ടാകാൻ ഇടയില്ല. ഭരണാധികാരികളുടെ സ്വേച്ഛാധിപത്യപരമായ നടപടികൾ, പടയോട്ടങ്ങൾ, നിവർത്തനപ്രക്ഷോഭം, വിമോചന സമരം, വിദ്യാഭ്യാസപ്രക്ഷോഭങ്ങൾ തുടങ്ങിയ ഐതിഹാസിക സമരങ്ങൾ, കുടിയേറ്റങ്ങൾ, കുടിയിറക്കുകൾ ഇവയെല്ലാം നമ്മൾ ചുവടുവച്ചു മുന്നേറിയ കനൽവീഥികളാണ്. അതോടൊപ്പം കേരള നവോത്ഥാനത്തിനും ഭാരതത്തിന്റെ രാഷ്ട്ര നിർമാണത്തിനും നമ്മൾ നൽകിയിട്ടുള്ള സംഭാവനകൾ നിസ്തുലങ്ങളാണ്. വിദ്യാഭ്യാസം, സംസ്കാരം, കല, സാഹിത്യം, നാടകം, സിനിമ, കായികരംഗം, സാമ്പത്തികമേഖല, രാഷ്ട്രീയരംഗം, ഉദ്യോഗസ്ഥതലം, കാർഷികരംഗം, ആതുരശുശ്രൂഷ തുടങ്ങിയ നിരവധി മേഖലകളിൽ നമ്മൾ ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഈ രംഗങ്ങളിലെല്ലാം വളരെ പ്രഗത്ഭരായ, ദേശീയ – അന്തർദേശീയ പ്രാധാന്യമർഹിക്കുന്ന വ്യക്തികൾ നമ്മുടെ സമുദായത്തിൽനിന്ന് ഉയർന്നുവന്നിട്ടുണ്ട്. ഇവയെക്കുറിച്ചൊക്കെ വ്യക്തമായ പഠനങ്ങളും പ്രചാരണങ്ങളും ഉണ്ടാകണം.

ഒരു മികച്ച ടീച്ചിങ് ടീം രൂപതാതലങ്ങളിൽ രൂപീകരിച്ച് ഇടവകകൾ, കുടുംബക്കൂട്ടായമകൾ, സംഘടനാ തലങ്ങൾ, സന്യാസ സമൂഹങ്ങൾ, സെമിനാരികൾ, വൈദികസമ്മേളനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ സമുദായ വിഷയങ്ങളെക്കുറിച്ച് കൃത്യമായ അവബോധം നൽകാൻ സാധിച്ചാൽതന്നെ സമുദായ ശക്തീകരണവർഷാചരണം പകുതി വിജയിച്ചു എന്നു പറയാം.

സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസിന്റെ യൂണിറ്റുകൾ എല്ലാ ഇടവകകളിലും ആരംഭിക്കേണ്ടതുണ്ട്. ഇതു നമ്മുടെ സമുദായത്തിന്റെ രാഷ്ട്രീയ സാമൂഹിക വിഷയങ്ങളിലുള്ള ഇടപെടൽ ശക്തമാക്കും. സമുദായ ജിഹ്വായായ ദീപിക ദിനപത്രം പ്രചരിപ്പിക്കപ്പെടണം. ദീപിക വഴിയാണ് വിവിധ വിഷയങ്ങളിലുള്ള സമുദായത്തിന്റെ നിലപാട് ഓരോ അംഗത്തിലും എത്തിക്കാൻ സാധിക്കുന്നത്. ഇന്നു കേരളത്തിലുള്ള പത്രങ്ങളിൽ ഏറ്റവും ശക്തമായതും വിഷയങ്ങളെ നിഷ്പക്ഷമായി കൈകാര്യം ചെയ്യുന്നതുമായ എഡിറ്റോറിയൽ പേജ് ദീപികയുടേതാണ് എന്നത് അഭിമാനപൂർവം ഓർമിക്കാം. പ്രോലൈഫ് ആക്ടിവിറ്റികൾ നടപ്പിലാക്കുകവഴി കൂടുതൽ കുട്ടികളുള്ള കുടുംബങ്ങളെ സഹായിക്കാൻ നമുക്കു സാധിക്കും, ബിസിനസുകാരുടെ കൂട്ടായ്മകൾ രൂപതാതലങ്ങളിലും ഇടവകകളിലും ആരംഭിക്കുകയും പരസ്പരസഹായത്തോടെയുള്ള നിലനിൽപ്പിനായി അവരെ സഹായിക്കുകയും ചെയ്യണം. ജോബ് ഫെയറുകൾ നടത്തി നമ്മുടെ യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ ഈ വർഷം നമുക്കു സാധിക്കണം. കരിയർ ഗൈഡൻസുകൾ, ആപ്റ്റിറ്റ്യൂഡ് ടെസ്റ്റുകൾ തുടങ്ങിയവ സണ്ടേസ്കൂളുകളും വിദ്യാഭ്യാസസ്ഥാപനങ്ങളും കുട്ടികൾക്കും യുവജനങ്ങൾക്കുമായുള്ള സംഘടനകളും വഴി ക്രമീകരിച്ച് അവർക്ക് മികച്ച തൊഴിലവസരങ്ങൾ പരിചയപ്പെടുത്തിക്കൊടുക്കേണ്ടതുണ്ട്.

ഗ്രാമസഭയിൽ പങ്കെടുക്കാൻ നമ്മുടെ ആളുകളെ പരമാവധി പ്രോത്സാഹിപ്പിക്കണം, അതുവഴിയാണ് പല സർക്കാർ ആനുകൂല്യങ്ങളും വിതരണം ചെയ്യപ്പെടുന്നത്. വോട്ടർ പട്ടികയിൽ പേരുചേർക്കൽ വളരെ പ്രധാനമാണ്. എസ്. ഐ. ആർ പ്രക്രിയമൂലം പേരു വെട്ടിമാറ്റപ്പെട്ടവരും ഇതുവരെയും പേരു ചേർക്കാത്തവരും നമ്മുടെ ഇടയിൽ ധാരാളമുണ്ട്. തദ്ദേശ തെരഞ്ഞെടുപ്പുകളിലും റസിഡൻസ് അസോസിയേഷൻ, കോ-ഓപ്പറേറ്റീവ് ബാങ്ക്, സഹകരണ സംഘം തുടങ്ങിയവയുടെ തെരഞ്ഞെടുപ്പുകളിലും നമ്മുടെ സമുദായാംഗങ്ങൾ കൂടുതലായി മത്സരിക്കാനും വിജയിക്കാനുമുള്ള പ്രോത്സാഹനങ്ങൾ നൽകണം, ഇടവക പരിധിയിലെ സർക്കാർസ്ഥാപനങ്ങളുമായുള്ള ലെയ്സണിങ് നമ്മൾ അത്യാവശ്യമായി നടപ്പിലാക്കേണ്ട കാര്യമാണ്. പ്രവാസി രജിസ്റ്ററുകൾ തയ്യാറാക്കി ഓരോ ഇടവകാംഗവും എവിടെ വസിക്കുന്നു എന്നതിന്റെ വിവരങ്ങൾ അതാതു സ്ഥലങ്ങളിലെ സീറോമലബാർ സഭാ സംവിധാനങ്ങളെ അറിയിക്കാൻ നമുക്കു സാധിച്ചാൽ ലോകം മുഴുവൻ ചിതറിക്കിടക്കുന്ന നമ്മുടെ ആളുകളുടെ അജപാലന സംരക്ഷണം എളുപ്പമായി മാറും. മറ്റു സഭകളുമായുള്ള ബന്ധം, മറ്റു സമുദായങ്ങളുമായുള്ള ബന്ധം, മാധ്യമങ്ങളും രാഷ്ട്രീയ പ്രവർത്തകരും ഉദ്യോഗസ്ഥരുമൊക്കെയായുള്ള ബന്ധം എന്നിവ കൂടുതൽ ദൃഢമാക്കുന്നതിന് ഈ വർഷം ഉപകരിക്കണം. നസ്രാണി ഭക്ഷണക്രമം, വസ്ത്രധാരണം ആചാരാനുഷ്ഠാനങ്ങൾ എന്നിവയുടെ പ്രചാരണം തുടങ്ങി നമ്മുടെ സംസ്കാര പരിരക്ഷണത്തിനുതകുന്ന നിരവധി കാര്യങ്ങളും നമുക്ക് ഈ വർഷം ചെയ്യാൻ സാധിക്കും. സംസ്ഥാന സർക്കാർ ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് പുറത്തുവിടുന്നതിന് ആവശ്യമായ സമരങ്ങളും മറ്റു പ്രതിഷേധ പരിപാടികളും നമ്മൾ കൂടുതലായി സംഘടിപ്പിക്കേണ്ടതുണ്ട്.

സമുദായ ശക്തീകരണ പദ്ധതികൾക്ക് ഒരു വ്യതിരിക്തതയുണ്ട്. അവ നമ്മൾ സ്ഥിരമായി ചെയ്യുന്ന കുറച്ചധികം പ്രവർത്തനങ്ങളേക്കാൾ ഉപരിയായി സമുദായത്തിന്റെയും സമുദായാംഗങ്ങളുടെയും വിവിധ മേഖലകളിലുള്ള ഉന്നമനം ലക്ഷ്യംവച്ചുള്ളതായിരിക്കണം. ഈ വർഷാചരണത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ കൃത്യമായി മനസിലാക്കി, അവ ശരിയായവിധം നടപ്പിലാക്കി നമ്മുടെ സമുദായത്തിന്റെ പുരോഗതിക്കായി നമുക്ക് ഒറ്റക്കെട്ടായി പരിശ്രമിക്കാം. ■

# സമുദായശക്തീകരണം മിസിസാഗ രൂപതയിൽ



മിസിസാഗ സീറോമലബാർ രൂപതയുടെ 'കമ്മ്യൂണിറ്റി എംപവർമെന്റ് പ്രോഗ്രാമിന്റെ' (സമുദായ ശക്തീകരണ പദ്ധതി) പ്രാരംഭ ഘട്ടത്തിന് ഔദ്യോഗികമായി തുടക്കമായി. സീറോമലബാർസഭയുടെ ആഹ്വാനപ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കുടിയേറ്റ വിശ്വാസിസമൂഹം നേരിടുന്ന സവിശേഷമായ സാഹചര്യങ്ങളും വെല്ലുവിളികളും തിരിച്ചറിഞ്ഞുകൊണ്ട്, വൈദികർ, സന്യാസിനികൾ, അത്മായർ എന്നിവരെ ഉൾപ്പെടുത്തി രൂപതാതലത്തിൽ നടത്തിയ ഓൺലൈൻ കൺസൾട്ടേഷനിലൂടെയാണ് മിസിസാഗ രൂപത ഈ സംരംഭത്തിന് തുടക്കം കുറിച്ചത്. നവംബർ മാസത്തിലുടനീളം ബോധവത്ക്കരണ സെമിനാറുകളും ബ്രെയിൻസ്റ്റോമിംഗ് സെഷനുകളും സംഘടിപ്പിച്ചു.

**പദ്ധതിയുടെ ഘട്ടങ്ങൾ**

പദ്ധതിയുടെ ഏകോപനത്തിനും മേൽനോട്ടത്തിനുമായി ഡിസംബർ ആദ്യവാരത്തിൽ ഒരു സെൻട്രൽ കമ്മിറ്റിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചു. 2025 ഡിസംബർ 25-ന് ബിഷപ്പ് മാർ ജോസ് കല്ലുവേലിൽ ഔദ്യോഗികമായി ദീപം തെളിയിച്ച് 'സമുദായശക്തീകരണ വർഷം' ഉദ്ഘാടനം ചെയ്തു. രൂപതാ ആസ്ഥാനത്ത് നടന്ന ചടങ്ങിൽ സി.ഇ.വൈ. (CEY) ഡയറക്ടർ, വൈദികർ, കത്തീഡ്രൽ പ്രതിനിധികൾ, അത്മായ നേതാക്കൾ, യുവാക്കൾ, കുട്ടികൾ എന്നിവർ പങ്കെടുത്തു. ഇതോടൊപ്പം തന്നെ എല്ലാ ഫൊറോനകളിലും ഇടവകകളിലും ക്രിസ്മസ് രാത്രിയിൽ സമാനമായ ഉദ്ഘാടന ചടങ്ങുകൾ നടന്നു.

ഒന്നാം ഘട്ടം: ഇടവക തലത്തിലുള്ള ആത്മപരിശോധനയിലാണ് ഈ ഘട്ടം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കുടിയേറ്റ സമൂഹമെന്ന നിലയിൽ വിശ്വാസികൾ നേരിടുന്ന സാമൂഹികം, സാംസ്കാരികം, ആത്മീയം, അജപാലനപരം എന്നിങ്ങനെയുള്ള വെല്ലുവിളികൾ തിരിച്ചറിയാൻ ഇത് സഹായിക്കും.

**തുടർന്നുള്ള ഘട്ടങ്ങൾ:** പദ്ധതികളുടെ നടപ്പിലാക്കൽ, ഭാവിയിലേക്കുള്ള സുസ്ഥിരമായ കർമ്മപദ്ധതികളുടെ രൂപീകരണം എന്നിവയിലാണ് അടുത്ത ഘട്ടങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

**പ്രധാന ലക്ഷ്യങ്ങൾ**

ആത്മീയവും വിശ്വാസപരവുമായ രൂപീകരണം, പങ്കാളിത്തപരമായ നേതൃത്വം, നൈപുണ്യ വികസനം, സാമൂഹിക അവബോധം, സാംസ്കാരിക തനിമ നിലനിർത്തൽ, അജപാലനപരമായ കരുതൽ എന്നിവയ്ക്ക് ഈ പദ്ധതിയിൽ മുൻഗണന നല്കുന്നു. ■

# ഇന്ത്യൻസഭയെക്കുറിച്ച് അർണോബിയൂസ്

**ലിറ്റർജിക്കൽ റിസർച്ച് സെന്റർ പഠനപരമ്പര**

റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ

**ലത്തീൻ, ഗ്രീക്ക് കൃതികളിൽ അവഗാഹമുള്ള പണ്ഡിതനായിരുന്ന അംബ്രോസിന് ഇന്ത്യയെക്കുറിച്ചും അറിവുണ്ടായിരുന്നു. ഇന്ത്യക്കാരുടെ ആചാരങ്ങൾ' (De moribus Brahmanorum) എന്ന അദ്ദേഹത്തിന്റെ വിശിഷ്ട കൃതി ഇതിന് ഉദാഹരണമാണ്. ഇന്ത്യയിലെ ആളുകളെക്കുറിച്ചും അവരുടെ ആചാരങ്ങളെക്കുറിച്ചും പല പട്ടണങ്ങളെക്കുറിച്ചും ഈ ഗ്രന്ഥത്തിൽ കാണാം. അതിലും പ്രത്യേകിച്ച് തോമാശ്ലീഹ കേരളത്തിൽ കപ്പലിറങ്ങിയ കൊടുങ്ങല്ലൂർ – അന്നത്തെ മുസിരിസ് – എന്ന പട്ടണത്തെക്കുറിച്ചും ഈ ഗ്രന്ഥത്തിൽ കാണാം.**

ഫ്രാൻസ് (Gaul) ഭരിച്ചിരുന്ന റോമൻ സഹചക്രവർത്തിയുടെ (Pretorian Prefect) മകനായി ക്രിസ്തുവർഷം 340-ൽ ജനിച്ച അംബ്രോസ് ഇറ്റലിയിലെ എമിലിയ, ലിഗൂറിയ എന്നീ പ്രദേശങ്ങളുടെ ഗവർണർ ആയിരിക്കുമ്പോഴാണ് 374 നവംബറിൽ മാമ്മോദീസ സ്വീകരിക്കുകയും ഡിസംബറിൽ മെത്രാനായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തത്. സ്വത്തുക്കൾ മുഴുവൻ പാവങ്ങൾക്കായി ദാനംചെയ്തിട്ടാണ് അദ്ദേഹം മെത്രാൻ ആയത്. 387 ലെ വിശുദ്ധ അഗസ്തിനോസിന്റെ മാനസാന്തരമാണ് അദ്ദേഹത്തിന്റെ കാലത്തെ ഒരു വലിയ സംഭവം. മറ്റൊന്ന് റോമൻചക്രവർത്തി ആയിരുന്ന തിയഡോഷ്യസ് തെസലോണിക്കയിൽ പ്രശ്നങ്ങൾ സൃഷ്ടിച്ച ചിലരെ വധിക്കാൻ ആജ്ഞാപിച്ചതിന് പരസ്യമായി പ്രായശ്ചിത്തം ചെയ്യാൻ ശിക്ഷിച്ചതാണ്. 397-ൽ ആയിരുന്നു അംബ്രോസിന്റെ മരണം.

ലത്തീൻ, ഗ്രീക്ക് കൃതികളിൽ അവഗാഹം ഉള്ള പണ്ഡിതനായിരുന്ന അംബ്രോസിന് ഇന്ത്യയെക്കുറിച്ചും അറിവുണ്ടായിരുന്നു. ഇന്ത്യക്കാരുടെ ആചാരങ്ങൾ' (De moribus Brahmanorum) എന്ന അദ്ദേഹത്തിന്റെ വിശിഷ്ട കൃതി ഇതിന് ഉദാഹരണമാണ്. ഇന്ത്യയിലെ ആളുകളെക്കറിച്ചും അവരുടെ ആചാരങ്ങളെക്കുറിച്ചും പല പട്ടണങ്ങളെക്കുറിച്ചും ഈ ഗ്രന്ഥത്തിൽ കാണാം. അതിലും പ്രത്യേകിച്ച് തോമാശ്ലീഹ കേരളത്തിൽ കപ്പലിറങ്ങിയ കൊടുങ്ങല്ലൂർ – അന്നത്തെ മുസീറിസ് – എന്ന പട്ടണത്തെക്കുറിച്ചും ഈ ഗ്രന്ഥത്തിൽ കാണാം. എന്തുകൊണ്ടാണ് ഈ ഗ്രന്ഥം എഴുതുന്നത് എന്നും ഈ ഗ്രന്ഥത്തിന്റെ ആരംഭത്തിൽ അംബ്രോസ് വിവരിക്കുന്നുണ്ട്. പല്ലാടിയസ് എന്ന വ്യക്തി അദ്ദേഹത്തെ സമീപിച്ച് ഇന്ത്യയെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ അറിയാൻ ആഗ്രഹം പ്രകടിപ്പിച്ചു. അദ്ദേഹത്തിന് ഉത്തരം നൽകാനും തന്റെ ജനത്തെ കൂടുതൽ പ്രബുദ്ധരാക്കാനും ആയിട്ടാണ് അന്നത്തെ അറിയപ്പെടുന്ന ഇന്ത്യയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനായി അംബ്രോസ് ഡോളെനിയിലെ ബിഷപ്പ് ആയിരുന്ന മുസേവൂസിനെ ഇന്ത്യയിലേക്ക് അയച്ച് ആ രാജ്യത്തെപ്പറ്റി കൂടുതൽ പഠിക്കുന്നത്.

അംബ്രോസ് ഈ പുസ്തകത്തിൽ എഴുതുന്നത് മുസേവൂസ് പല രാജ്യങ്ങൾ കടന്നും പല മലകൾ താണ്ടിയും അങ്ങ് അറ്റത്തുള്ള ഇന്ത്യയിൽ എത്തി എന്നാണ്. പണ്ട് അലക്സാണ്ടർ സന്ദർശിച്ച ഇന്ത്യയിലെ സ്ഥലങ്ങൾ ആയിരുന്നു ഇത് എന്നും ഈ പുസ്തകത്തിൽ കാണാം. ഇവിടുത്തെ ആളുകളുടെ ജീവിതരീതി, ഉത്പാദിപ്പിക്കപ്പെടുന്ന വസ്തുക്കൾ, സന്യാസിമാരുടെ ജീവിതശൈലി എല്ലാം ഇതിൽ കാണാം. യൂറോപ്പിൽ നിന്നും ഈ രാജ്യം വളരെ അകലെയാണ് എന്ന് പുസ്തകം സാക്ഷ്യപ്പെടുത്തുന്നു. തോമാശ്ലീഹായെ കുറിച്ചും ഈ ഗ്രന്ഥത്തിൽ പ്രത്യേകമായി എടുത്തു പറയുന്നുണ്ട്. റോമാസാമ്രാജ്യത്തിന് പുറത്തുള്ള ഇന്ത്യരാജ്യത്ത് സുവിശേഷം അറിയിച്ചത് ക്രിസ്തുശിഷ്യനായ തോമാശ്ലീഹാ ആണെന്ന് അംബ്രോസ് വ്യക്തമാക്കുന്നു. മത്തായിശ്ലീഹ സുവിശേഷം അറിയിച്ച പേർഷ്യയെക്കുറിച്ചും ഈ ഗ്രന്ഥത്തിൽ കാണാം. ഇന്ത്യയുടെ അങ്ങേ തെക്കേ അറ്റത്തുള്ള, അന്നത്തെ പ്രധാന തുറമുഖ പട്ടണമായ മുസിരിസിൽ (കൊടുങ്ങല്ലൂർ) ആണ് സുവിശേഷപ്രഘോഷണത്തിനായി തോമ വന്നിറങ്ങിയത് എന്ന് ഈ ഗ്രന്ഥം വ്യക്തമാക്കുന്നു (PL 17, 1169). അതിനാൽ തോമാശ്ലീഹായുടെ ഇന്ത്യയിലെ പ്രേഷിതപ്രവർത്തനത്തിന് ഈ ഗ്രന്ഥം വലിയൊരു തെളിവാണ്. ■

# നാർസിസ്റ്റിക് പേഴ്സണാലിറ്റി ഡിസോർഡർ

**മെന്റൽ ഹെൽത്ത് കോർണർ**

റവ. ഡോ. സിജോൺ കുഴിക്കാട്ടുമ്യാലിൽ



**അമിതമായ പ്രശംസ അല്ലെങ്കിൽ വിമർശനം, വിശ്വസനീയമല്ലാത്ത രക്ഷാകർതൃത്വം എന്നിവ പോലുള്ള ബാല്യകാല അനുഭവങ്ങൾ നാർസിസ്റ്റിക് പേഴ്സണാലിറ്റി ഡിസോർഡറിന് കാരണമാകുന്നു. ജനിതകവും ജീവശാസ്ത്രപരവുമായ കാരണങ്ങളും ഗണ്യമായ പങ്ക് വഹിക്കുന്നു.**

ഞാനെന്ന ഭാവമാണ് അമിതമായ ആത്മാരാധനയെന്ന വ്യക്തിത്വ വൈകല്യത്തിന്റെ മുഖ്യലക്ഷണം (Narcissistic Personality Disorder). താൻ വലിയവൻ, തന്നെ എല്ലാവരും അംഗീകരിക്കണം, വിമർശിക്കരുത്, വിമർശനം എനിക്കിഷ്ടമല്ല, ഇതാണ് ഈ വൈകല്യമുള്ളവരുടെ മനോഭാവം. പണവും പദവിയും പ്രശസ്തിയും കിട്ടാൻ ഇവർ പരമാവധി ശ്രമിക്കും. പക്ഷെ ഇവർക്ക് ആത്മാഭിമാനവും (Self-esteem) ആത്മവിശ്വാസവും വളരെ കുറവായിരിക്കുമെന്നാണ് പഠനങ്ങൾ.. സാധാരണ ബാല്യകാലത്തുതന്നെ ഈ ലക്ഷണങ്ങൾ പ്രത്യക്ഷമാകുന്നു. സ്ത്രീകളെക്കാൾ പുരുഷന്മാരിലാണ് ഈ അവസ്ഥ കൂടുതൽ കണ്ടുവരുന്നത്. പ്രായം കൂടുന്നതോടെ ഇതിന്റെ ഗാഢത കുറഞ്ഞുവരും.

## ലക്ഷണങ്ങൾ

ഊതിവീർപ്പിക്കപ്പെട്ട സ്വയം പ്രാധാന്യം മനസ്സിൽ നിറഞ്ഞു നിൽക്കുക, താൻ സുപ്പീരിയറാണെന്ന് മറ്റുള്ളർ കരുതണമെന്ന നിർബന്ധം, സ്വന്തം വിജയം, അധികാരം, സൗന്ദര്യം, പ്രാപ്തി ഇവയെപ്പറ്റിയുള്ള ഭാവനാലോകത്ത് കഴിയുക. തന്റെ അസാധാരണത്വം അസാധാരണ വ്യക്തികൾക്ക് മാത്രമേ മനസ്സിലാകൂ എന്ന തോന്നലിൽ ജീവിക്കുക, തന്നെ എപ്പോഴും ആളുകൾ പ്രശംസിക്കണം എന്ന നിർബന്ധം, തനിക്കുവേണ്ടി മറ്റുള്ളവരെ ഉപയോഗിക്കുന്ന രീതി, മറ്റുള്ളവരെ മാനിക്കാതിരിക്കുന്ന സ്വഭാവം, മറ്റുള്ളവരോട് സഹാനുഭൂതി തെല്ലും ഇല്ലാതിരിക്കുക, മറ്റുള്ളവരുടെ ആവശ്യങ്ങൾ നടപ്പിലാക്കാൻ വിമുഖത കാണിക്കുക, മറ്റുള്ളവരോട് അസഹിഷ്ണുതയും അസൂയയും തോന്നുക, മറ്റുള്ളവർക്ക് തന്നോട് അസൂയയാണെന്ന തെറ്റിദ്ധാരണ, യുക്തിയില്ലാത്ത, അമിത ആത്മവിശ്വാസം, താൻ ശരി മാത്രമെ ചെയ്യുന്നുള്ളൂ എന്ന തോന്നലിൽ ജീവിക്കുക, സ്വയം വിമർശിക്കാനോ കുറ്റങ്ങൾ ഏറ്റുപറയാനോ ഉള്ള വിമുഖത.

## നാർസിസ്റ്റിക് പേഴ്സണാലിറ്റി പല തരത്തിൽ

### ഗ്രാൻഡിയോസ് (Grandiose) നാർസിസ്റ്റ്

വലിയ അഹങ്കാരം കാണിക്കുക, ഞാനാണ് ഏറ്റവും മികച്ചവൻ, മറ്റുള്ളവരെ താഴെയാക്കുക, അധികാരം, പദവി, പേര് എന്നിവയ്ക്ക് അമിത പ്രാധാന്യം കൊടുക്കുക.

### വൾണറബിൾ (Vulnerable) നാർസിസ്റ്റ്

ഇത്തരക്കാർ പുറമേക്ക് ശാന്തനും നിഷ്ക്കളങ്കനുമായിരിക്കും. അവരുടെ ഉള്ളിൽ അമിത സ്വയം പ്രാധാന്യം ഉണ്ടായിരിക്കും. ഇവരിൽ അസൂയയും ആത്മദുഃഖവും കൂടുതലായിരിക്കും.

### മലിഗനന്റ് (Malignant) നാർസിസ്റ്റ്

ഏറ്റവും അപകടകരമായ തരമാണിത്. ക്രൂരത, മാനസികപീഡനം, മറ്റുള്ളവരെ നിയന്ത്രിക്കൽ, ഭീഷണി, കുറ്റബോധമില്ലായ്മ എന്നിവ ഇവരിൽ കൂടുതലായിരിക്കും.

### കമ്മ്യൂണൽ (Communal) നാർസിസ്റ്റ്

ഞാൻ വളരെ നല്ല മനുഷ്യൻ എന്ന് സ്വയം കാണിക്കാൻ ശ്രമിക്കും. സേവനം, സാമൂഹ്യപ്രവർത്തനം തുടങ്ങിയവ ഉപയോഗിച്ച് പ്രശംസ നേടാൻ ശ്രമിക്കും.

### സോമാറ്റിക് (Somatic) നാർസിസ്റ്റ്

ശരീരസൗന്ദര്യം, ഫിറ്റ്നസ് എന്നിവയ്ക്ക് അമിതമായ പരിഗണന നൽകും. രൂപം, വസ്ത്രം, യുവത്വം എന്നിവയിൽ അമിതശ്രദ്ധ കൊടുക്കും. മറ്റുള്ളവരെ ശരീരസൗന്ദര്യത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തും.

### സെറിബ്രൽ (Cerebral) നാർസിസ്റ്റ്

ഞാൻ ബുദ്ധിമാനാണ് എന്ന അമിതമായ അഭിമാനം കാണിക്കുന്നവരാണിവർ. അറിവ്, ഡിഗ്രികൾ എന്നിവയിൽ ഇവർ അഹങ്കരിക്കുന്നു. ജീവിതത്തിൽ ചെറിയ തോതിൽ ഇത്തരം ലക്ഷണം എല്ലാവർക്കും ഉണ്ടാകാം. ദൈനംദിന ജീവിതം, ബന്ധങ്ങൾ, തൊഴിൽ എല്ലാം തകർക്കുമ്പോഴാണ് നാർസിസ്റ്റിക് പേഴ്സണാലിറ്റി ഡിസോർഡർ ആയി രോഗനിർണയം ചെയ്യുന്നത്.

## കാരണങ്ങൾ

അമിതമായ പ്രശംസ അല്ലെങ്കിൽ വിമർശനം, വിശ്വസനീയമല്ലാത്ത രക്ഷാകർതൃത്വം എന്നിവ പോലുള്ള ബാല്യകാല അനുഭവങ്ങൾ നാർസിസ്റ്റിക് പേഴ്സണാലിറ്റി ഡിസോർഡറിന് കാരണമാകുന്നു. ജനിതകവും ജീവശാസ്ത്രപരവുമായ കാരണങ്ങളും ഗണ്യമായ പങ്ക് വഹിക്കുന്നു.

## മനഃശാസ്ത്ര സമീപനങ്ങൾ

നാർസിസ്റ്റ് പേഴ്സണാലിറ്റി ഡിസോർഡറിനുള്ള പ്രാഥമികചികിത്സ മരുന്നിനെക്കാൾ സൈക്കോതെറാപ്പി ആണെന്ന് മനസിലാക്കുക. വിഷാദം, ക്ഷോഭം അല്ലെങ്കിൽ ഉത്കണ്ഠ പോലുള്ള ചില മാനസിക രോഗലക്ഷണങ്ങളെ പരിഹരിക്കുന്നതിന് മരുന്ന് ഉചിതമായിരിക്കും. തെറാപ്പി സമയത്ത് തകരാറുള്ള വ്യക്തി തെറാപ്പിസ്റ്റുമായി എങ്ങനെ ഇടപഴകുന്നു, വ്യക്തിയുടെ മഹത്തായ ആത്മബോധം, ദുർബലചിന്ത എന്നിവ പരിശോധിക്കുകയും മാറ്റുകയും ചെയ്യുക, അവരുടെ വികാരങ്ങളെ നിയന്ത്രിക്കുന്നതിനുള്ള മാർഗങ്ങൾ പഠിപ്പിക്കുക, സ്വയം കേന്ദ്രീകൃത സ്വഭാവങ്ങൾ കൂടുതൽ ആരോഗ്യകരമാക്കുകയും ചെയ്യുക എന്നിവയിൽ സൈക്കോതെറാപ്പി ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ■

# വിശുദ്ധ ഡൊമിനിക്കിന്റെ കാലടികളെ പിന്തുടർന്ന്

## പാലക്കാട് കേന്ദ്രമായി ആരംഭിച്ച പരിശുദ്ധ ത്രിത്വത്തിന്റെ ഡൊമിനിക്കൻ സന്യാസിനിസമൂഹത്തിന്റെ നാൾവഴികളിലൂടെ

സ്തുതിക്കുക, അനുഗ്രഹിക്കുക, പ്രസംഗിക്കുക, ധ്യാനിക്കുക, ധ്യാനിച്ചറിഞ്ഞവ പകർന്നേകുക എന്നീ ആദർശവാക്യങ്ങളിലൂന്നിയുള്ള ഒരു സന്യാസിനീ സമൂഹമാണ് പരിശുദ്ധ ത്രിത്വത്തിന്റെ ഡൊമിനിക്കൻ സന്യാസിനീസമൂഹം. ഭാഗ്യസ്മരണാർഹരായ അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം, ഫാ. ജോസഫ് വിളങ്ങാടൻ എന്നിവരുടെ നേതൃത്വത്തിൽ 1966 ലാണ് ഇതിന് തുടക്കം കുറിക്കപ്പെട്ടത്. അതേ വർഷം ജർമ്മനിയിലേക്ക് അയക്കപ്പെട്ട സി. ക്ലാര മാളിയേക്കൽ, സി.ഡാനിയേല വാസുപുരത്തുകാരൻ, സി. മാർട്ടീന ഇഞ്ചോടിക്കാരൻ, സി. സെബസ്ത്യാന കരിയാറ്റി എന്നിവരാണ് സമൂഹത്തിലെ ആദ്യ അംഗങ്ങൾ. നിത്യവ്രതവാഗ്ദാനാനന്തരമാണ് അവർ 1975-ൽ കേരളത്തിലേക്ക് തിരികെയെത്തിയത്. അഭിവന്ദ്യ മാർ ജോസഫ് ഇരുമ്പൻ പിതാവിന്റെ അനുമതിയോടെ 1975 ഡിസംബർ 17ന് പാലക്കാട് രൂപതയിലെ മണ്ണാർക്കാട് ഹോളി സ്പിരിറ്റ് ഡൊമിനിക്കൻ കോൺവെന്റ് എന്ന പേരിൽ പ്രഥമഭവനം ആരംഭിച്ചു. ഇതാണ് ഇന്ന് ഈ സമൂഹത്തിന്റെ ജനറലേറ്റ്. 1998 ജനുവരി 28ന് പരിശുദ്ധ ത്രിത്വത്തിന്റെ ഡൊമിനിക്കൻ സന്യാസിനീ സമൂഹം എന്ന ഔദ്യോഗിക നാമത്തിൽ സീറോമലബാർസഭയിലെ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലുള്ള സ്വതന്ത്ര സന്യാസിനീസമൂഹമായി പ്രഖ്യാപിക്കപ്പെട്ടു. ലാൻസ്ബർഗിലെ സമൂഹത്തിന്റെ അനുഗ്രഹാശിസ്സുകളും സി. ഗെർട്രുഡീസ്, സി. ഉൾറിക്ക എന്നിവരുടെ അക്ഷീണപ്രയത്നവും ഇതിന് പിന്നിൽ പ്രധാനപങ്കുവഹിച്ചിട്ടുണ്ട്.




ഇന്ന് ഈ സന്യാസിനി സമൂഹത്തിന് 18 സന്യാസഭവനങ്ങളിലായി 102 സഹോദരിമാരുണ്ട്. പാലക്കാട്, തൃശൂർ, ഇരിഞ്ഞാലക്കുട, തലശേരി രൂപതകളിലും കേരളത്തിന് പുറത്ത് മംഗലാപുരം, ആന്ധ്ര, ആസാം, തെലങ്കാന, അരുണാചൽ, ജർമ്മനി എന്നിവിടങ്ങളിലും സിസ്റ്റേഴ്സ് ശുശ്രൂഷ ചെയ്യുന്നു. സുവിശേഷപ്രഘോഷണമാണ് ഡൊമിനിക്കൻ കാരിസത്തിന്റെ അന്തസ്സത്ത. വിദ്യാഭ്യാസം, ഭിന്നശേഷിയുള്ള കുഞ്ഞുങ്ങൾക്കായുള്ള പരിശീലനം, ആതുരസേവനം, ഇടവക പ്രേഷിതത്വം, ധ്യാനകേന്ദ്രങ്ങളിലുള്ള ശുശ്രൂഷകൾ, മിഷൻ പ്രവർത്തനങ്ങൾ, നിത്യാരാധന, കൗൺസിലിംഗ്, വിശ്വാസപരിശീലനം, ഭവനസന്ദർശനം, വിവിധ ഭക്തസംഘടനകൾക്ക് നേതൃത്വം കൊടുക്കൽ, സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള സാമൂഹ്യപ്രവർത്തനങ്ങൾ എന്നിവയിലൂടെ ഡൊമിനിക്കൻ സിസ്റ്റേഴ്സ് തങ്ങളുടെ കാരിസം അനുസരിച്ചുശുശ്രൂഷ ചെയ്യുന്നു. ഡൊമിനിക്കൻ ആധ്യാത്മികത ആശ്രമജീവിതപരവും ധ്യാനദർശനപരവും പ്രേഷിതപരവും ആണ്. ക്രിസ്തുവിനോടും അവിടുത്തെ വചനത്തോടുമുള്ള സ്നേഹവും ഭക്തിയും പരി. കന്യകാമറിയത്തോടും ജപമാലയോടുമുള്ള സ്നേഹം, പ്രേഷിതചൈതന്യം, വിശുദ്ധവചന പഠനം, ആത്മാക്കളുടെ രക്ഷക്കായുള്ള തീക്ഷ്ണത, വ്യക്തിപരമായ വിശുദ്ധീകരണം, തിരുക്കർമ്മ ജീവിതം, മൗനം, പരിഹാരജീവിതം എന്നിവ ഡൊമിനിക്കൻ ആധ്യാത്മികതയുടെ പ്രധാന ഘടകങ്ങളാണ്. ■



# പേരന്റിംഗിൽ ഇത്രത്തോളം കാർക്കശ്യം ആവശ്യമുണ്ടോ?

ഫാമിലി കോർണർ

പലതരം പേരന്റിംഗ് രീതികളുണ്ട്. അതിലൊന്നാണ് ഇന്റൻസീവ് പേരന്റിംഗ്. കുട്ടികളുടെ ജീവിതത്തിൽ മാതാപിതാക്കൾ അമിതമായി ഇടപെടുകയും അവരുടെ നല്ല ഭാവിയെ പ്രതി കാര്യങ്ങൾ നിയന്ത്രിക്കുകയും അതുവഴിയായി മക്കളുടെ ജീവിതം പെർഫെക്ട് ആക്കാൻ ശ്രമിക്കുകയും ചെയ്യുന്ന രീതിയാണ് ഇത്. എല്ലാം ഞാൻ തീരുമാനിക്കും എന്ന ലൈനാണ് മാതാപിതാക്കൾ ഇവിടെ പുലർത്തുന്നത്. കുട്ടിയുടെ കഴിവു വളർത്താനും മികച്ചതാരമാക്കാനും വേണ്ടി ട്യൂഷൻ, മ്യൂസിക്, ഡാൻസ്, സ്പോർട്സ് എന്നുവേണ്ട എല്ലാം ഏർപ്പാടാക്കിക്കൊടുക്കും. മക്കൾക്ക് അതിൽ എന്തുമാത്രം താല്പര്യമുണ്ട്, വാസനയുണ്ട് എന്നത് അപ്രസക്തമാണ്. താൻ പറയുന്നത് മക്കൾ അനുസരിക്കണം എന്നതാണ് ഇവിടെ മാതാപിതാക്കൾ ചിന്തിക്കുന്നത്. കുട്ടിക്ക് ഒരു തെറ്റു പറ്റാൻപോലും അവർ സമ്മതിക്കുകയില്ല. മക്കളുടെ കൂട്ടുകാരെപോലും തിരഞ്ഞെടുക്കുന്നത് മാതാപിതാക്കളായിരിക്കും. ഇങ്ങനെ എല്ലാവിധത്തിലും കുട്ടിയുടെ മേൽ നിയന്ത്രണവും സ്വാധീനവും ചെലുത്തുന്ന പേരന്റിംഗ് രീതിയാണ് ഇത്. കുട്ടി വഴിതെറ്റരുതെന്നുള്ള ചിന്തകൊണ്ടാണ് ഇവർ ചെയ്യുന്നതെല്ലാം.



പക്ഷേ ഈ രീതി എത്രത്തോളം നല്ലതാണ്. അല്ലെങ്കിൽ ഇതിൽ എന്തെങ്കിലും ദോഷങ്ങളുണ്ടോ? നന്മയും തിന്മയുമുണ്ട് എന്നുപറയുന്നതാവും ഏറ്റവും നല്ലത്.

അതുകൊണ്ട് ഈ പേരന്റിംഗ് രീതിയിലെ നന്മയെ ആദ്യം അപഗ്രഥിക്കാം, കുട്ടികൾക്ക് സുരക്ഷയും ശിക്ഷണവും കിട്ടുന്നു എന്നതാണ് ഇതിൽ ഒന്നാമത്തെ കാര്യം. കുട്ടി വഴിതെറ്റുകയോ മോശം കൂട്ടുകെട്ടുകളിൽ ചെന്നുചാടുകയോ ചെയ്യാനുള്ള സാധ്യത വിരളമാണ്. പഠിക്കുന്നതിനും ചില ശീലങ്ങൾ വളർത്തുന്നതിനും അക്കാദമിക വിജയങ്ങൾ നേടുന്നതിനും ഇതേറെ സഹായകരമാണ്. കുട്ടികളുടെ കഴിവു പ്രകടമാക്കാനുള്ള അവസരങ്ങളും ലഭിക്കും. എന്നാൽ ഇതിനെക്കാൾ കൂടുതലാണ് ഈ പേരന്റിംഗ് രീതി കൊണ്ടുള്ള ദോഷങ്ങൾ. ഇന്റൻസീവ് പേരന്റിംഗ് പലപ്പോഴും കുട്ടികളെ മുറിപ്പെടുത്താറുണ്ട്. അവരെ അതിസമ്മർദ്ദങ്ങൾക്ക് വിധേയമാക്കുകയും ചെയ്യും. മാതാപിതാക്കൾക്കു വേണ്ടി പെർഫെക്ടാകാനുള്ള ശ്രമങ്ങൾ മക്കളിൽ ഏല്പിക്കുന്ന മാനസികാഘാതം വളരെ കൂടുതലാണ്. ഉത്കണ്ഠ, ഡിപ്രഷൻ, ബേൺ ഔട്ട് തുടങ്ങിയ പ്രശ്നങ്ങളിലൂടെ മക്കൾക്ക് കടന്നുപോകേണ്ടതായും വന്നേക്കാം. എല്ലാ തീരുമാനങ്ങളും മാതാപിതാക്കൾ എടുക്കുന്നതിനാൽ മക്കളുടെ ആത്മവിശ്വാസം കുറയും. സ്വന്തമായി ഒരു കാര്യം തീരുമാനിക്കാനോ നടപ്പിൽവരുത്താനോ അവർക്ക് കഴിവില്ലാതെയാകും. മാതാപിതാക്കളുടെ അസാന്നിധ്യത്തിൽ ഒരു പ്രശ്നത്തെ കൈകാര്യം ചെയ്യുന്നതിലും അവർ പരാജയപ്പെട്ടു പോകും.

തിരക്കുപിടിച്ച ദിനചര്യകൾ മൂലം സ്വന്തം സന്തോഷങ്ങൾ കണ്ടെത്താനോ തന്റെ ഇഷ്ടം അനുസരിച്ചു പ്രവർത്തിക്കാനോ കഴിയാതെ പോകുന്നു. സ്വാതന്ത്ര്യവും നിയന്ത്രണവും തമ്മിലുള്ള ഏറ്റുമുട്ടൽ മൂലം മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിലും ഉരസൽ അനുഭവപ്പെടാം.

എല്ലാവിഷയങ്ങളിലുംമാതാപിതാക്കൾ ഇടപെടുമ്പോൾ, കുട്ടികൾക്ക് സമൂഹത്തിൽ സ്വയം ഇടപെടാനും പ്രശ്നങ്ങൾ പരിഹരിക്കാനും പ്രായോഗിക കഴിവുകൾ കുറയും. ഇങ്ങനെയൊരു സാഹചര്യത്തിൽ മാതാപിതാക്കൾ എന്താണ് ചെയ്യേണ്ടത് എന്നതിലേക്ക് വരാം. ഹെൽത്തി ബാലൻസ് ആണ് ഇവിടെ ആവശ്യം. അമിത നിയന്ത്രണമോ പൂർണ്ണസ്വാതന്ത്ര്യമോ അല്ലാതെ രണ്ടിനും നടുവിൽ ആരോഗ്യപ്രദമായ ഒരു രീതി അവലംബിക്കുക. പ്രായത്തിനനുസരിച്ച് ചെറിയ തീരുമാനങ്ങളും ഉത്തരവാദിത്തങ്ങളും മക്കൾക്ക് കൊടുത്തിട്ട് അവരെ വളർത്താൻ അനുവദിക്കുക. മക്കൾക്ക് തെറ്റുപറ്റരുതെന്ന് ആഗ്രഹിക്കാതെ അവർക്ക് പരാജയങ്ങളെയും തെറ്റുകളെയും കൈകാര്യം ചെയ്യാനുള്ള പരിശീലനം നല്കുക. പരാജയം നമ്മെ പല കാര്യങ്ങളുംപഠിപ്പിക്കാറുണ്ടല്ലോ. അതുപോലെ പരാജയങ്ങളിൽ നിന്ന് പാഠം പഠിപ്പിക്കാൻ മക്കൾക്ക് അവസരംകൊടുക്കുക. കൂടുതൽ നിയന്ത്രണം അടിച്ചേല്പിക്കാതെ കൂടുതൽ മാർഗനിർദ്ദേശവും പിന്തുണയുമാണ് മക്കൾക്ക് നല്കേണ്ടത്. പഠനവും കളിയും വിശ്രമവും പോലെയുള്ള കാര്യങ്ങൾ മക്കൾക്ക് നല്കുക. അവരെ കേൾക്കുകയും അവരോടൊപ്പം സമയം ചെലവഴിക്കുകയും ചെയ്യുക. ■

# പാസ്റ്ററൽ കൗൺസിൽ

CANON LAW

ഫാ. മാത്യു ശൗര്യാംകുഴി

**പാസ്റ്ററൽ കൗൺസിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് രൂപതയുടെ അജപാലനജീവിതം മാത്രമാണ്. അജപാലനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കുക, പ്രായോഗികപരിഹാരങ്ങൾ നിർദേശിക്കുക എന്നിവയാണ് അതിന്റെ കടമ. അതിനാൽത്തന്നെ രൂപതയിലെ അജപാലനസാഹചര്യങ്ങൾ ആവശ്യപ്പെടുന്നുണ്ടെങ്കിൽ മാത്രമാണ് രൂപതാധ്യക്ഷന് പാസ്റ്ററൽ കൗൺസിൽ സ്ഥാപിക്കാൻ കടമയുള്ളത്.**

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിർദേശങ്ങളിൽനിന്ന് രൂപംകൊണ്ട രൂപതാതലത്തിലുള്ള ഒരു ആലോചനാസമിതിയാണ് അജപാലനസമിതി അഥവാ പാസ്റ്ററൽ കൗൺസിൽ. രൂപതയിലെ അജപാലനപ്രവർത്തനങ്ങൾ സംബന്ധിച്ച കാര്യങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനും വിലയിരുത്തുന്നതിനും പ്രായോഗിക നിഗമനങ്ങൾ മുന്നോട്ടുവയ്ക്കുന്നതിനുംവേണ്ടിയാണ് ഈ സമിതി രൂപീകരിക്കുന്നത്. അതിന്റെ അധ്യക്ഷൻ രൂപതാമെത്രാനാണ്. രൂപതാ അസംബ്ലിയിൽനിന്ന് വ്യത്യസ്തമായി, ഇത് നിശ്ചിത കാലത്തേക്ക് രൂപീകരിക്കപ്പെടുന്ന ഒരു സ്ഥിരംസമിതിയാണ്. ഒരു സമ്മേളനംകൊണ്ട് അതവസാനിക്കുന്നില്ല. എന്നാൽ, രൂപതാഅസംബ്ലി ഇടയ്ക്കിടെ മാത്രം വിളിച്ചുകൂട്ടുന്ന സമ്മേളനമാണ്. പാസ്റ്ററൽ കൗൺസിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് രൂപതയുടെ അജപാലനജീവിതം മാത്രമാണ്. അജപാലനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കുക, പ്രായോഗികപരിഹാരങ്ങൾ നിർദേശിക്കുക എന്നിവയാണ് അതിന്റെ കടമ. അതിനാൽത്തന്നെ രൂപതയിലെ അജപാലനസാഹചര്യങ്ങൾ ആവശ്യപ്പെടുന്നുണ്ടെങ്കിൽ മാത്രമാണ് രൂപതാധ്യക്ഷന് പാസ്റ്ററൽ കൗൺസിൽ സ്ഥാപിക്കാൻ കടമയുള്ളത് (c. 272). പ്രസ്ബിറ്ററൽ കൗൺസിൽ പോലെ രൂപതയിൽ നിർബന്ധമായും സ്ഥാപിക്കപ്പെടേണ്ട ഒന്നല്ല പാസ്റ്ററൽ കൗൺസിൽ. പാസ്റ്ററൽ കൗൺസിലിനോട് ആലോചിച്ചു ചെയ്യണമെന്നു പറയുന്ന കാര്യങ്ങൾ CCEO അവതരിപ്പിക്കുന്നില്ല. അതുകൊണ്ട് ഈ സമിതിയോട് ആലോചിക്കാൻ രൂപതാമെത്രാനു കടമയില്ല. എങ്കിലും, പാസ്റ്ററൽ കൗൺസിലിനെ ശ്രവിക്കുകയും കൗൺസിൽ മുന്നോട്ടുവയ്ക്കുന്ന പ്രായോഗികനിർദേശങ്ങൾ ഗൗരവമായി പരിഗണിക്കുകയും ചെയ്യുന്നതാണ് ഉചിതം.

രൂപതാമെത്രാൻ പുറപ്പെടുവിക്കുന്ന പ്രത്യേക നിയമാവലിക്കനുസരിച്ചാണ് പാസ്റ്ററൽ കൗൺസിൽ രൂപീകരിക്കപ്പെടുന്നതും പ്രവർത്തിക്കുന്നതും. പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി, അംഗങ്ങളുടെ എണ്ണം, തെരഞ്ഞെടുപ്പ്, വിളിച്ചുകൂട്ടേണ്ട തവണകൾ, പ്രവർത്തന ശൈലി, വിവിധ കമ്മറ്റികൾ അധികാരികൾ തുടങ്ങി എല്ലാക്കാര്യങ്ങളും നിയമാവലിയിൽ ഉൾക്കൊള്ളിച്ചിരിക്കണം. പ്രസ്തുത നിയമാവലിക്കാനുസൃതമായി വൈദികർ, സന്ന്യസ്തർ, സന്ന്യാസമാതൃകയിൽ ജീവിതം നയിക്കുന്ന സൊസൈറ്റികളിലെ അംഗങ്ങൾ, അല്മായർ എന്നിവരുടെ പ്രതിനിധികൾ പാസ്റ്ററൽ കൗൺസിലെ അംഗങ്ങളായി നിശ്ചയിക്കപ്പെടുന്നു. സാധിക്കുന്നിടത്തോളം വിവിധതരം വ്യക്തികൾ, സംഘടനകൾ മറ്റു സംരംഭങ്ങൾ എന്നിവയെല്ലാം പ്രതിനിധീകരിക്കുംവിധം രൂപതയിലെ ക്രിസ്തീയ വിശ്വാസികളെ ഉൾക്കൊള്ളിച്ചായിരിക്കണം പാസ്റ്ററൽ കൗൺസിൽ സ്ഥാപിക്കേണ്ടത് (c. 273). വൈദികർ, സന്ന്യസ്തർ, അല്മായർ എന്നിവരുടെ അനുപാതത്തെ സംബന്ധിച്ച് രൂപതാമെത്രാനു നിശ്ചയിക്കാവുന്നതാണ്. Ex officio അംഗങ്ങൾ, തിരഞ്ഞെടുക്കപ്പെടുന്നവർ, നോമിനേറ്റു ചെയ്യപ്പെടുന്നവർ എന്നിങ്ങനെ അവരെ നിശ്ചയിക്കാം. ചുരുക്കത്തിൽ രൂപത മുഴുവൻ പ്രതിനിധീകരിക്കുന്നവിധം എല്ലാവിഭാഗം ആളുകളിൽനിന്നും സംഘടനകളിൽനിന്നും മറ്റു സംരംഭങ്ങളിൽനിന്നും പ്രതിനിധികൾ ഉണ്ടായിരിക്കണം.

ഉചിതമെങ്കിൽ, ഈ അംഗങ്ങളോടൊപ്പം മറ്റു സ്വയാധികാരസഭയിൽപ്പെട്ടവരെ പോലും രൂപതാമെത്രാനു ക്ഷണിക്കാം (c. 273§3). പ്രത്യേകിച്ച് മറ്റൊരു സ്വയാധികാരസഭയിലെ അംഗങ്ങൾ രൂപതാമെത്രാന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവരെക്കൂടി ക്ഷണിക്കുന്നത് ഉചിതമാണ്.

വിശ്വാസത്തിൽ ഉറപ്പുള്ളവരും നല്ല ധാർമികതയും വിവേകവുമുള്ളവരുമായ ക്രിസ്തീയ വിശ്വാസികളെയല്ലാതെ മറ്റാരെയും പാസ്റ്ററൽ കൗൺസിലിൽ നിയമിക്കരുത് (c. 273§4), കത്തോലിക്കാസഭയുമായി പൂർണ കൂട്ടായ്മയിലുള്ള ക്രിസ്തീയവിശ്വാസികളെയായിരിക്കണം പാസ്റ്ററൽ കൗൺസിലിൽ നിയമിക്കേണ്ടതെന്ന് CIC c. 512 §1 പറയുന്നു.

ആവശ്യാനുസരണം പാസ്റ്ററൽ കൗൺസിൽ വിളിച്ചുകൂട്ടുന്നതും അതിന്റെ അധ്യക്ഷനാകുന്നതും അതിൽ കൈകാര്യം ചെയ്യുന്ന കാര്യങ്ങൾ പ്രസിദ്ധീകരിക്കുന്നതും രൂപതാമെത്രാന്റെ അധികാരത്തിൽപെട്ടതാണ് (c. 275). രൂപത ആസ്ഥാനം ഒഴിവാകുമ്പോൾ പാസ്റ്ററൽ കൗൺസിൽ അവസാനിക്കുന്നു (C. 274 §2). പുതിയ രൂപതാമെത്രാൻ ഇതേ അംഗങ്ങളെ നിലനിറുത്താൻ കടപ്പെട്ടവനല്ല. ■

# ഊന കാരോ (ഒരു ശരീരം)

പ്രബോധനപാത

ഡോ. അഗസ്റ്റിൻ ചേന്നാട്ട്

**തങ്ങളെത്തന്നെ പരിധിയില്ലാത്തവരായി കാണാൻ മനുഷ്യരെ പ്രോത്സാഹിപ്പിക്കുന്ന ആഗോളസാങ്കേതിക അന്തരീക്ഷം, ബഹുഭാര്യത്വത്തെക്കുറിച്ചുള്ള ആഫ്രിക്കൻ സംസ്കാരങ്ങളിലെ ധാരണകളെ അഭിസംബോധന ചെയ്യേണ്ടതിന്റെ ആവശ്യകത, പടിഞ്ഞാറൻ രാജ്യങ്ങളിൽ ഏകഭാര്യത്വമില്ലാത്ത ബന്ധങ്ങളുടെ വളർച്ച എന്നിവയാണവ. ഏകഭാര്യത്വത്തെ ഒരു നിയന്ത്രണമായിട്ടല്ല, മറിച്ച് അനന്തമായി സ്നേഹിക്കാനുള്ള ഒരു അവസരമായി അതിനെ അവതരിപ്പിക്കാനാണ് ഈ രേഖ ശ്രമിക്കുന്നത്.**

വിശ്വാസസംരക്ഷണത്തിനായുള്ള ഡിക്കാസ്റ്ററി പ്രസിദ്ധീകരിച്ച പ്രബോധനാത്മകമായ ഒരു രേഖയാണ് 'ഒരു ശരീരം' എന്ന അർഥം വരുന്ന ഊന കാരോ (Una Caro). 2025 നവംബർ 21ന് ലെയോ പതിനാലാമൻ മാർപാപ്പ ഇത് അംഗീകരിക്കുകയും 2025 നവംബർ 25ന് പ്രസിദ്ധീകരിക്കുകയും ചെയ്തു. 'ഏകഭാര്യത്വത്തെ പ്രശംസിച്ചുകൊണ്ട് വിശിഷ്ടമായ ഐക്യവും പരസ്പര ഭാഗഭാഗിത്വവും എന്ന നിലയിൽ വിവാഹത്തിന്റെ മൂല്യത്തെക്കുറിച്ചുള്ള പ്രബോധനാത്മകമായ രേഖ' എന്നാണ് ഈ രേഖയുടെ പൂർണ്ണമായ തലക്കെട്ട്.

## ഉദ്ദേശ്യവും പശ്ചാത്തലവും

ഡിക്കാസ്റ്ററിയുടെ പ്രിഫെക്റ്റായ കർദിനാൾ വിക്ടർ മാനുവൽ ഫെർണാണ്ടസിനെ സംബന്ധിച്ചിടത്തോളം ഈ രേഖയ്ക്ക് പിന്നിലെ പ്രേരകങ്ങൾ മൂന്ന് പ്രധാന കാര്യങ്ങളാണ്. തങ്ങളെത്തന്നെ പരിധിയില്ലാത്തവരായി കാണാൻ മനുഷ്യരെ പ്രോത്സാഹിപ്പിക്കുന്ന ആഗോളസാങ്കേതിക അന്തരീക്ഷം, ബഹുഭാര്യത്വത്തെക്കുറിച്ചുള്ള ആഫ്രിക്കൻ സംസ്കാരങ്ങളിലെ ധാരണകളെ അഭിസംബോധന ചെയ്യേണ്ടതിന്റെ ആവശ്യകത, പടിഞ്ഞാറൻ രാജ്യങ്ങളിൽ ഏകഭാര്യത്വമില്ലാത്ത ബന്ധങ്ങളുടെ വളർച്ച എന്നിവയാണവ. ഏകഭാര്യത്വത്തെ ഒരു നിയന്ത്രണമായിട്ടല്ല, മറിച്ച് അനന്തമായി സ്നേഹിക്കാനുള്ള ഒരു അവസരമായി അതിനെ അവതരിപ്പിക്കാനാണ് ഈ രേഖ ശ്രമിക്കുന്നത്.

## ഘടനയും ഉള്ളടക്കവും

ഈ രേഖയെ ഏഴ് അധ്യായങ്ങളായി തിരിച്ചിരിക്കുന്നു. വിശുദ്ധ ഗ്രന്ഥം, സഭാചരിത്രം, തത്ത്വചിന്ത, കവിത എന്നിവയുൾപ്പെടെ നിരവധി സ്രോതസ്സുകളിൽനിന്ന് ഈ രേഖ ആശയങ്ങൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വാൾട്ട് വിറ്റ്മാൻ, പാബ്ലോ നെരൂദ, എമിലി ഡിക്കിൻസൺ തുടങ്ങിയ എഴുത്തുകാരുടെ ഉദ്ധരണികളും ഇതിൽ ഉൾപ്പെടുന്നു. ഈ രേഖ ഏകഭാര്യാത്വത്തെ ഉല്പത്തി പുസ്തകത്തിലെ വിശുദ്ധ ഗ്രന്ഥാടിസ്ഥാനത്തിൽ നിന്നുകൊണ്ട് സഭാപിതാക്കന്മാരുടെയും സഭാപ്രബോധനങ്ങളുടേയും സമകാലിക താത്വിക ദർശനങ്ങളുടെയും വെളിച്ചത്തിൽ അതിനെ പഠിക്കുന്നു.



## പ്രധാന ദൈവശാസ്ത്ര ആശയങ്ങൾ

ഈ രേഖ പരസ്പരഭാഗഭാഗിത്വം, ദാമ്പത്യസ്നേഹം എന്നീ രണ്ട് അടിസ്ഥാന ഘടകങ്ങളെ ഊന്നിപ്പറയുന്നു. ദമ്പതികളുടെ സ്വതന്ത്രസമ്മതത്തിൽ ഉറപ്പിക്കപ്പെട്ടിരിക്കുന്ന പരസ്പരഭാഗഭാഗിത്വം ത്രിത്വൈക കൂട്ടായ്മയെ പ്രതിഫലിപ്പിക്കുകയും ദാമ്പത്യബന്ധത്തിന്റെ സുസ്ഥിരതയ്ക്ക് സഹായമാകുകയും ചെയ്യുന്നു. ഈ ഭാഗഭാഗിത്വം വളരെ ഊഷ്മളമാണെങ്കിലും ഓരോ വ്യക്തിയുടെയും അന്തസ്സിനെയും സ്വാതന്ത്ര്യത്തെയും ബഹുമാനിക്കുന്നതുമാണ്. ഈ പരസ്പര ബഹുമാനത്തെ തകർക്കുന്ന ഏതൊരു തരത്തിലുള്ള ആധിപത്യത്തെയും അക്രമത്തെയും മാനസിക നിയന്ത്രണത്തെയും ഈ രേഖ ശക്തമായി അപലപിക്കുന്നു. ദാമ്പത്യസ്നേഹത്തെ ഏകീകരിക്കുന്ന ശക്തിയായും ദൈവികദാനമായും ഈ രേഖ അവതരിപ്പിക്കുന്നു. ദാമ്പത്യസ്നേഹത്തിലൂടെ ലൈംഗികതയെ സ്വയംദാനത്തിനും പങ്കാളിയുടെ നന്മയ്ക്കും വേണ്ടിയുള്ള ദൈവത്തിന്റെ ദാനമായി മനസിലാക്കുന്നു.

## സാമൂഹികവും വിദ്യാഭ്യാസപരവുമായ മാനങ്ങൾ

വിവാഹമോചനത്തിലെ വർദ്ധനവ്, ദുർബലമായ വിവാഹബന്ധങ്ങൾ, വ്യഭിചാരത്തെ നിസാരവൽക്കരിക്കൽ, ബഹുദാമ്പത്യത്തിന്റെ പ്രോത്സാഹനം എന്നിവയുൾപ്പെടെയുള്ള സമകാലിക വെല്ലുവിളികളെ ഈ രേഖ അഭിസംബോധന ചെയ്യുന്നു. ഇക്കാലത്ത് ദാമ്പത്യബന്ധങ്ങൾ തകരുമ്പോഴും സാംസ്കാരികാഖ്യാനങ്ങൾ സ്നേഹത്തെ മഹത്വമുള്ളതായി കണക്കാക്കുന്നു എന്ന വിരോധാഭാസത്തെയും ഈ രേഖ ചൂണ്ടിക്കാട്ടുന്നു. ഇതിനു മറുപടിയായി സ്നേഹം എന്നത് വെറുതെ ഒരു പ്രേരണയല്ല, മറിച്ച് അത് ഒരു ഉത്തരവാദിത്വമായും വിശ്വാസമായും മനസിലാക്കാൻ ഇന്നത്തെ യുവാക്കളെ സഹായിക്കുന്ന 'ഒരു പുതിയ അധ്യാപനശാസ്ത്രം' രൂപപ്പെടുത്തിയെടുത്തുകൊണ്ടുള്ള ഒരു വിദ്യാഭ്യാസരീതിയുടെ ആവശ്യകതയെ ഡിക്കാസ്റ്ററി അടിവരയിട്ടു പറയുന്നു. അതുപോലെ വിവാഹിതരായവർ ഒറ്റപ്പെട്ടു ജീവിക്കാതെ ഒരുമിച്ചുള്ള സാമൂഹികപ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതിന്റെ ആവശ്യകതയെയും ഈ രേഖ ഓർമിപ്പിക്കുന്നു.


## പ്രേക്ഷകരും പ്രയോഗവും

പധാനമായും മെത്രാന്മാരെ അഭിസംബോധന ചെയ്തുകൊണ്ടാണ് ഈ രേഖയെങ്കിലും, വിവാഹിതരായ ദമ്പതികൾ, യുവാക്കൾ എന്നിവരെ ക്രിസ്തീയ വിവാഹത്തിന്റെ സമ്പന്നത മനസ്സിലാക്കാൻ സഹായിക്കുക എന്നതാണ് ഈ രേഖയുടെ ലക്ഷ്യം. ഏകഭാര്യത്വം വിവാഹത്തിന്റെ അനിവാര്യമായ ഘടകമായി ഇത് അവതരിപ്പിക്കുന്നു. എക്സ്ക്ലൂസീവ് യൂണിയനും പരസ്പര പങ്കാളിത്തവും വളർത്തുന്നതുമായി അടുത്ത ബന്ധമുള്ളതാണ് ഇത്. ഒന്നിപ്പിക്കുക എന്ന ലൈംഗികതയുടെ ലക്ഷ്യത്തോടും പരസ്പരഭാഗഭാഗിത്വത്തോടും ബന്ധപ്പെടുത്തിക്കൊണ്ട് ഏകഭാര്യത്വം വിവാഹത്തിന്റെ അനിവാര്യമായ ഘടകമായി ഈ രേഖ അവതരിപ്പിക്കുന്നു. ■

# കേരള കത്തോലിക്കാ മെത്രാൻ സമിതിക്കു പുതിയ നേതൃത്വം



ആർച്ചുബിഷപ്പ് ഡോ. വർഗീസ് ചക്കാലയ്ക്കൽ



ഡോ. സാമുവേൽ മാർ ഐറേനിയോസ്



ആർച്ചുബിഷപ് മാർ തോമസ് തറയിൽ

കൊച്ചി: കേരള കാത്തലിക് ബിഷപ്സ് കൗൺസിലിന്റെ (കെസിബിസി) പ്രസിഡന്റായി കോഴിക്കോട് അതിരൂപത ആധ്യക്ഷൻ ഡോ. വർഗീസ് ചക്കാലയ്ക്കലിനെ തിരഞ്ഞെടുത്തു. ഡിസംബർ 12 വെള്ളിയാഴ്ച പാലാരിവട്ടം പിഒസിയിൽ നടന്ന കെസിബിസിയുടെ ശൈത്യകാല സമ്മേളനത്തിലാണ് തിരഞ്ഞെടുപ്പ് നടന്നത്. തിരുവനന്തപുരം അതിരൂപത അധ്യക്ഷനും മലങ്കരസഭയുടെ തലവനുമായ കർദിനാൾ മാർ ബസേലിയോസ് ക്ലിമീസ് പിതാവ് കാലാവധി പൂർത്തിയാക്കിയതിനെത്തുടർന്നാണ് കോഴിക്കോട് അതിരൂപതാദ്ധ്യക്ഷനായ ആർച്ച്ബിഷപ്പ് ഡോ. വർഗീസ് ചക്കാലയ്ക്കലിനെ തിരഞ്ഞെടുത്തത്. കെ.സി.ബി.സി. വൈസ് പ്രസിഡന്റായി പത്തനംതിട്ട രൂപതാധ്യക്ഷൻ ഡോ. സാമുവേൽ മാർ ഐറേനിയോസിനെയും സെക്രട്ടറി ജനറലായി ചങ്ങനാശേരി അതിരൂപതാധ്യക്ഷൻ ആർച്ചുബിഷപ് മാർ തോമസ് തറയിലിനെയും തിരഞ്ഞെടുത്തു.

# ആധുനികലോകത്തോട് സഭ സംവദിക്കുന്നതിൽ മാധ്യമങ്ങൾക്ക് നിർണായക പങ്ക്: മേജർആർച്ചുബിഷപ്



കാക്കനാട്: ആധുനിക ലോകത്തോട് സഭ സംവദിക്കുന്നതിൽ മാധ്യമങ്ങൾക്ക് നിർണായക പങ്കാണ് ഉള്ളതെന്ന് മേജർആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ. സീറോമലബാർസഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ മാധ്യമപ്രവർത്തകരുടെ ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തു സന്ദേശം നല്കുകയായിരുന്നു മാർ തട്ടിൽ. ക്രിസ്തുമസ് ദൈവം മനുഷ്യനോട് സംസാരിക്കുന്ന മഹാസന്ദർഭമാണ്. ആ സന്ദേശം മനുഷ്യരിലേക്കെത്തിച്ചത് ദൈവം നേരിട്ടായിരുന്നില്ല മറിച്ച് തന്റെ സന്ദേശവാഹകരിലൂടെയായിരുന്നു. ബേത്ലഹേമിന്റെ രാത്രിയിൽ ദൂതന്മാരും കാവലിരുന്ന ഇടയന്മാരും ദൂരെ നിന്ന് നക്ഷത്രത്തിന്റെ പ്രകാശം പിന്തുടർന്ന ജ്ഞാനികളും ഇവരൊക്കെയും ദൈവസന്ദേശത്തിന്റെ വഹകരായി മാറി. ഈ അർഥത്തിൽ, അവർ ആദ്യത്തെ മാധ്യമപ്രവർത്തകർ ആയിരുന്നു. ഇന്ന് ഈ ദൈവിക സന്ദേശവാഹകരുടെ പാരമ്പര്യം തുടരുന്നവരാണ് മാധ്യമപ്രവർത്തകർ. സഭയും ലോകവും തമ്മിലുള്ള പാലമായി, കാലത്തിന്റെ അടയാളങ്ങൾ വായിച്ച് സത്യം ഉത്തരവാദിത്തത്തോടെ സമൂഹത്തിലേക്കെത്തിക്കുന്നതാണ് മാധ്യമങ്ങളുടെ ദൗത്യം. ക്രിസ്തുമസിന്റെ സന്ദേശംപോലെ തന്നെ മാധ്യമപ്രവർത്തനവും പ്രകാശം പകരുന്നതായിരിക്കണം. ഇരുട്ടിലായിരിക്കുന്ന മനസ്സുകളിലേക്കും സമൂഹത്തിന്റെ അതിരുകളിലേക്കും സത്യത്തിന്റെ വെളിച്ചം എത്തിക്കുന്നതായിരിക്കണം. മേജർആർച്ച്ബിഷപ് ഓർമിപ്പിച്ചു. ദൈവത്തിന്റെ രക്ഷാകര സന്ദേശം സന്ദേശവാഹകരിലൂടെ ലോകത്തെത്തിയതുപോലെ ഇന്നത്തെ കാലത്ത് മനുഷ്യന്റെ വേദനകളും പ്രത്യാശകളും ലോകത്തിന്റെ മനസ്സാക്ഷിയിലേക്കെത്തിക്കുന്നത് മാധ്യമങ്ങളിലൂടെയാണ്. സത്യം, നീതി, സമാധാനം എന്നിവയുടെ സേവകരാകുമ്പോൾ, മാധ്യമപ്രവർത്തകർ ക്രിസ്തുമസ് ദൗത്യത്തിന്റെ തുടർച്ചക്കാരായി മാറുന്നു. മാർ റാഫേൽ തട്ടിൽ കൂട്ടിച്ചേർത്തു. വിവിധസ്ഥാപനങ്ങളെ പ്രതിനിധീകരിച്ച് മാധ്യമപ്രവർത്തകർ പരിപാടിയിൽ പങ്കെടുത്തു.

മാധ്യമപ്രവർത്തകരെ പ്രതിനിധീകരിച്ചു എറണാകുളം പ്രസ് ക്ലബ് പ്രസിഡന്റ് ആർ. ഗോപകുമാർ സംസാരിച്ചു. സീറോമലബർമേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയ ചാൻസലർ ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ സ്വാഗതവും സീറോമലബാർ സഭ പി. ആർ. ഒ. റവ. ഡോ. ടോം ഓലിക്കരോട്ട് നന്ദിയും പ്രകാശിപ്പിച്ചു. കാരോൾ ഗാനാലാപനം, മാധ്യമപ്രവർത്തകരും സഭാനേതൃത്വവും തമ്മിലുള്ള സൗഹൃദസംഭാഷണം, സ്നേഹവിരുന്ന് തുടങ്ങിയവ നടന്നു. മാധ്യമലോകവും സഭയും തമ്മിലുള്ള ബന്ധം കൂടുതൽ സുസ്ഥിരവും സൃഷ്ടിപരവുമായതായി വളർത്തുന്നതിന് സഹായകമായ അർഥവത്തായ ക്രിസ്തുമസ് സംഗമമായിരുന്നു സഭാ ആസ്ഥാനത്തു നടന്നത്.

# ആവിഷ്ക്കാര സ്വാതന്ത്ര്യം അവഹേളനത്തിനു ഉപയോഗിച്ചതിനെതിരേ പ്രതിഷേധം

കൊച്ചി: ബിനാലെയുടെ പേരിൽ മട്ടാഞ്ചേരി ബസാർ റോഡിൽ പ്രദർശിപ്പിക്കപ്പെട്ട ഒരു കലാസൃഷ്ടിയിൽ ക്രൈസ്തവ വിശ്വാസത്തിന്റെ ഏറ്റവും വിശുദ്ധമായ അടയാളങ്ങളിലൊന്നായ 'അന്ത്യ അത്താഴം' അപമാനകരമായും വികലമായും അവതരിപ്പിച്ചതിൽ പ്രതിഷേധം അറിയിച്ച് സീറോമലബാർ സഭ. കോടിക്കണക്കിന് വിശ്വാസികൾ ആത്മീയ പ്രചോദനത്തിന്റെ പ്രതീകമായി കരുതുന്ന അന്ത്യഅത്താഴരംഗത്തെ അവഹേളിക്കുന്ന രീതിയിൽ അവതരിപ്പിച്ചത്, മതവിശ്വാസങ്ങളോടുള്ള അടിസ്ഥാന ബഹുമാനം ലംഘിക്കുന്ന നടപടിയാണെന്ന് സഭാ വക്താവ് പറഞ്ഞു.

2016 ഡിസംബർ ലക്കം ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിക്കുകയും, വിശ്വാസികളുടെ എതിർപ്പിനെ തുടർന്ന് പിൻവലിച്ചതുമായ ഈ ചിത്രം വീണ്ടും പ്രദർശിപ്പിച്ചിരിക്കുന്നത് ക്രൈസ്തവ വിശ്വാസത്തെ അവഹേളിക്കാൻ കരുതിക്കൂട്ടി ചെയ്ത ദുരുദ്ദേശപരമായ പ്രവർത്തിയാണെന്നു സംശയിക്കേണ്ടിയിരിക്കുന്നു. കലാസ്വാതന്ത്ര്യം ഒരു ജനാധിപത്യ സമൂഹത്തിന്റെ അനിവാര്യ ഘടകമാണെന്ന കാര്യത്തിൽ സഭയ്ക്ക് സംശയമില്ല. എന്നാൽ മതവിശ്വാസങ്ങളെ പരിഹസിക്കുന്നതും വിശുദ്ധ പ്രതീകങ്ങളെ വികലമാക്കി ചിത്രീകരിച്ചു വിശ്വാസികളുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നതുമായ അവതരണങ്ങൾ ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ ന്യായീകരിക്കപ്പെടാൻ കഴിയില്ല.

അഭിപ്രായസ്വാതന്ത്ര്യം ഉത്തരവാദിത്വത്തോടെയും പരസ്പര ബഹുമാനത്തോടെയും വിനിയോഗിക്കപ്പെടേണ്ടതാണെന്നത് ബഹുസ്വര സമൂഹത്തിന്റെ അടിസ്ഥാന തത്വമാണ്. ഈ സംഭവത്തിലൂടെ ക്രൈസ്തവ സമൂഹം ആഴത്തിൽ വേദനിക്കപ്പെട്ടിരിക്കുന്നുവെന്ന യാഥാർത്ഥ്യം ബന്ധപ്പെട്ട അധികാരികൾ ഗൗരവത്തോടെ കണക്കിലെടുക്കണമെന്ന് സീറോമലബാർ സഭ ആവശ്യപ്പെട്ടു.

ആരോഗ്യകരമായ സാംസ്കാരിക സംവാദത്തിന്റെയും കലാ ആവിഷ്കാരങ്ങളുടെയും വേദിയായിരിക്കേണ്ട നമ്മുടെ സാംസ്കാരിക ഇടങ്ങൾ, ഏതെങ്കിലും മതവിഭാഗത്തെ ലക്ഷ്യമാക്കിയുള്ള അവഹേളനത്തിന്റെയും വിഭജനത്തിന്റെയും വേദിയാക്കി മാറ്റുന്നത് ഉചിതമല്ല. ഈ വിഷയത്തിൽ നീതിയുക്തവും ഉത്തരവാദിത്വപരവുമായ നടപടികൾ ബന്ധപ്പെട്ട അധികാരികൾ സ്വീകരിക്കുമെന്ന് സീറോമലബാർസഭ പ്രതീക്ഷിക്കുകയാണെന്നും പി. ആർ ഓ. പുറത്തിറക്കിയ പ്രസ്താവനയിൽ പറഞ്ഞു.

# ദീർഘവീക്ഷണമുള്ള പൊതുപ്രവർത്തകർ നാടിന്റെ സമ്പത്ത്: മാർ ജോസ് പുളിക്കൽ



കാഞ്ഞിരപ്പള്ളി രൂപതാംഗങ്ങളായ ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളുടെ അനുമോദന സമ്മേളനം കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ ഉദ്ഘാടനം ചെയ്യുന്നു. മാർ മാത്യു അറയ്ക്കൽ, വിശിഷ്ടാതിഥികൾ എന്നിവർ സമീപം

കാഞ്ഞിരപ്പള്ളി: സമൂഹത്തിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്ന ദീർഘവീക്ഷണമുള്ള പൊതുപ്രവർത്തകർ നാടിന്റെ വിലമതിക്കാനാവാത്ത സമ്പത്താണെന്ന് കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ. കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ നിന്നുള്ള കാഞ്ഞിരപ്പള്ളി രൂപതാംഗങ്ങളായ ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളുടെ അനുമോദന സമ്മേളനം പാസ്റ്ററൽ സെന്ററിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

വനം-വന്യജീവി വിഷയങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകണമെന്നും മൂല്യാധിഷ്ഠിതവും മാനുഷികതയിലും ദേശീയതയിലും ഊന്നിയതുമായ വികസന സങ്കൽപങ്ങൾ വളർത്തിയെടുക്കണമെന്നും അദ്ദേഹം ഓർമിപ്പിച്ചു.

ദൈവവുമായുള്ള സജീവ ബന്ധം സഹോദരങ്ങളുമായുള്ള ബന്ധത്തെ ശക്തിപ്പെടുത്തും. ദൈവീക സമാധാനം ഹൃദയങ്ങളിൽ നിറയുമ്പോൾ മാത്രമേ യഥാർത്ഥ സമാധാനവാഹകരാകാനും നാടിന്റെ സമാധാനാന്തരീക്ഷത്തിന് കാവലാകാനും നമുക്ക് സാധിക്കുകയുള്ളൂവെന്നും മാർ ജോസ് പുളിക്കൽ പറത്തു. നാടിന്റെ സമഗ്രവികസനത്തിനായി സങ്കുചിത ചിന്തകൾക്കതീതമായി മൂല്യങ്ങളിലൂന്നിയ പ്രവർത്തന ശൈലിയാണ് ജനപ്രതിനിധികൾ സ്വീകരിക്കേണ്ടതെന്ന് അനുഗ്രഹ പ്രഭാഷണത്തിൽ കാഞ്ഞിരപ്പള്ളി രൂപത മുൻ മേലധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ പറഞ്ഞു.

മഹാത്മഗാന്ധി സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. സിറിയക് തോമസ് മുഖ്യ പ്രഭാഷണം നടത്തി. പാർലമെന്ററി മര്യാദകൾ പാലിച്ച് മാന്യമായ രാഷ്ട്രീയ മാതൃക കാട്ടിക്കൊടുക്കുവാൻ സാധിക്കണമെന്ന് അദ്ദേഹം ഓർമിപ്പിച്ചു.

രൂപത പ്രോട്ടോ സിഞ്ചല്ലൂസ് ഫാ. ജോസഫ് വെള്ളമറ്റം സ്വാഗതം ആശംസിച്ചു. സിഞ്ചല്ലൂസ് ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ മോഡറേറ്ററായിരുന്നു. സിഞ്ചല്ലൂസ് ഫാ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ, പ്രൊക്കുറേറ്റർ ഫാ. ഫിലിപ്പ് തടത്തിൽ, ചാൻസലർ ഫാ. മാത്യു ശൗര്യാംകുഴി, ഡോ ജൂബി മാത്യു, പാസ്റ്ററൽ ആനിമേഷൻ ഡയറക്ടർ ഫാ. സ്റ്റാൻലി പുള്ളോലിക്കൽ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

# മേജർ ആർച്ചുബിഷപ്പിന്റെ റോമാ സന്ദർശനം

## ലെയോ മാർപാപ്പയുമായി കൂടിക്കാഴ്ച്ച നടത്തി

## വിവിധ കാര്യാലയങ്ങൾ സന്ദർശിച്ചു



വത്തിക്കാൻസിറ്റി: സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് പരിശുദ്ധ പിതാവു ലെയോ പതിനാലാമൻ മാർപാപ്പയുമായി 2025 ഡിസംബർ 15 നു രാവിലെ 10 മണിക്കു കൂടിക്കാഴ്ച നടത്തി. സീറോമലബാർ മെത്രാൻ സിനഡിന്റെ സെക്രട്ടറി ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി, മേജർ ആർച്ചുബിഷപ്പിന്റെ റോമിലെ പ്രൊക്യൂറേറ്റർ ബിഷപ്പ് മാർ സ്റ്റീഫൻ ചിറപ്പണത്ത് എന്നിവരും മേജർ ആർച്ചുബിഷപ്പിനൊപ്പം ഉണ്ടായിരുന്നു. ഒരു മണിക്കൂറോളം നീണ്ട കൂടിക്കാഴ്ച്ചയിൽ, സീറോമലബാർസഭയ്ക്ക് കേരളത്തിന് പുറത്തു പുതുതായി നാലു പ്രോവിൻസുകളും ഗൾഫു മേഖലയിൽ അപ്പസ്തോലിക് വിസിറ്റേഷനും അനുവദിച്ചതിനും പന്ത്രണ്ടു രൂപതകളുടെ അതിർത്തി പുനഃക്രമീകരിക്കുന്നതിനുള്ള സിനഡുതീരുമാനത്തിനു അംഗീകാരം നല്കിയതിനും പരിശുദ്ധ പിതാവിനോടുള്ള സഭയുടെ ഹൃദയപൂർവമായ നന്ദി മേജർ ആർച്ചുബിഷപ്പ് രേഖപ്പെടുത്തി. ഈ തീരുമാനങ്ങൾ ആഗോളതലത്തിൽ സീറോമലബാർ വിശ്വാസികളുടെ ആത്മീയപരിപാലനത്തിനും സഭയുടെ പ്രേഷിതദൗത്യനിർവഹണത്തിനും വലിയ ശക്തിയും പ്രതീക്ഷയും നൽകുന്നതാണെന്നു മാർ റാഫേൽ തട്ടിൽ പിതാവു മാർപാപ്പയെ അറിയിച്ചു. സാർവത്രികസഭയുടെ വിവിധ തലങ്ങളിലും മിഷനറിപ്രവർത്തനങ്ങളിലും സീറോമലബാർസഭ നല്കിക്കൊണ്ടിരിക്കുന്ന വിലപ്പെട്ട സംഭാവനകളെ എടുത്തുപറഞ്ഞ പരിശുദ്ധ പിതാവ് സീറോമലബാർസഭയോടുള്ള തന്റെ അടുപ്പവും കേരളത്തിൽ മുൻപു നടത്തിയിട്ടുള്ള സന്ദർശങ്ങളും അനുസ്മരിച്ചു.

ഇതോടൊപ്പം, എറണാകുളം-അങ്കമാലി അതിരൂപതയിലെ നിലവിലെ സാഹചര്യം അഭിവന്ദ്യ പിതാക്കന്മാർ പരിശുദ്ധ പിതാവിന്റെ ശ്രദ്ധയിൽപ്പെടുത്തി. സമാധാനവും ഐക്യവും പുനഃസ്ഥാപിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളും സംഭാഷണത്തിന്റെയും സഹിഷ്ണുതയുടെയും വഴിയിലൂടെ ഐക്യം സാധ്യമാക്കാനുള്ള ശ്രമങ്ങളും മേജർ ആർച്ചുബിഷപ്പു വിശദീകരിച്ചു. അതിരൂപതയിലെ ഇപ്പോഴത്തെ സാഹചര്യങ്ങളെക്കുറിച്ചു പറഞ്ഞ കാര്യങ്ങൾ ശ്രദ്ധയോടെ ശ്രവിച്ച പരിശുദ്ധ പിതാവു കൂട്ടായ്മ ഉറപ്പാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളോട് അതിരൂപതയിലെ വിശ്വാസികളും വൈദികരും സമർപ്പിതരും പൂർണമായും സഹകരിക്കേണ്ടതിന്റെ ആവശ്യം എടുത്തുപറഞ്ഞു.

സന്ദർശന ഭാഗമായി, മേജർ ആർച്ചുബിഷപ്പും സിനഡു സെക്രട്ടറിയും വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ പിയത്രോ പരോളിനുമായും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ പ്രീഫെക്ട് കർദിനാൾ ക്ലൗദിയോ ഗുജറോത്തിയുമായും മറ്റു ഏതാനും വത്തിക്കാൻ കാര്യാലയങ്ങളുടെ മേധാവികളുമായും കൂടിക്കാഴ്ച നടത്തി. സഭാസംബന്ധിയായ വിവിധ കാര്യങ്ങൾ ചർച്ചചെയ്യുകയും നല്കിക്കൊണ്ടിരിക്കുന്ന സഹായങ്ങൾക്കു നന്ദിപറയുകയും ചെയ്തു.





വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദ്ദിനാൾ പിയെത്രോ പരോളിനുമൊപ്പം



പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ളകാര്യാലയത്തിന്റെ പ്രീഫെക്റ്റ് കർദ്ദിനാൾ ക്ലൗദിയോ ഗുജറോത്തിയോടൊപ്പം



ജൂബിലി തീർഥാടനത്തിന്റെ ഭാഗമായി സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ വിശുദ്ധ കുർബാന അർപ്പിച്ചപ്പോൾ

റോമസന്ദർശനത്തിനിടയിൽ യൂറോപ്പിലെ സീറോമലബാർ അപ്പോസ്തോലിക് വിസിറ്റേഷന്റെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി മേജർആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് സെന്റ് പീറ്റേഴ്സ് ബസിലിക്കയിലേക്കുള്ള ജൂബിലി തീർഥാടനത്തിന് നേതൃത്വം നൽകി. സീറോമലബാർ മെത്രാൻ സിനഡിന്റെ സെക്രട്ടറി ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി, യൂറോപ്പിലെ സീറോമലബാർ വിശ്വാസികൾക്കായുള്ള അപ്പോസ്തോലിക് വിസിറ്റേറ്റർ ബിഷപ്പ് മാർ സ്റ്റീഫൻ ചിറപ്പണത്ത് എന്നിവരും വൈദികരും സമർപ്പിതരും നൂറുകണക്കിന് വിശ്വാസികളും പങ്കെടുത്തു. സാർവത്രികസഭയോടും പ്രത്യേകിച്ച്, വിശുദ്ധ പത്രോസിന്റെ സിംഹാസനത്തോടുമുള്ള സഭാത്മക ഐക്യത്തിന്റെ പ്രകാശനമായിരുന്നു തീർഥാടനം. മേജർആർച്ചുബിഷപ്പ് സെന്റ് പീറ്റേഴ്സ് ബസിലിക്കയിലെ വിശുദ്ധ കവാടത്തിലൂടെ പ്രവേശിച്ചുതന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന സീറോമലബാർ വിശ്വാസികൾക്കായി ദൈവത്തിന്റെ സമൃദ്ധമായകരുണയും കൃപയും അപേക്ഷിച്ചു. ആത്മീയ നവീകരണത്തിന്റെയും പ്രത്യാശയുടെയും പ്രതീകമായ തീർഥാടനം ജൂബിലിവർഷത്തിലെ അവിസ്മരണീയ നിമിഷമായിരുന്നു. തീർഥാടനത്തെ തുടർന്ന് സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ മേജർ ആർച്ചുബിഷപ്പ് പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. സീറോമലബാർ സഭയുടെ സമ്പന്നമായ ആരാധനാക്രമ ആത്മീയ പാരമ്പര്യത്തിന്റെ ശക്തമായ സാക്ഷ്യമായി മാറിയ കുർബാനയർപ്പണത്തിൽ ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി, ബിഷപ്പ് മാർ സ്റ്റീഫൻ ചിറപ്പണത്ത് എന്നിവർ സഹകാർമ്മികരായിരുന്നു.

# കഴിവുകൾ മാറ്റുരച്ച പ്രതിഭാസംഗമം



സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ പ്രതിഭാസംഗമം 2025 ഡിസംബർ 26, 27, 28 തീയതികളിൽ മൗണ്ട് സെന്റ് തോമസിൽവെച്ച് നടത്തപ്പെട്ടു. രാമനാഥപുരം രൂപതാ അദ്ധ്യക്ഷനും സീറോമലബാർ സഭ കാറ്റക്കെറ്റിക്കൽ കമ്മീഷൻ അംഗം മാർ പോൾ ആലപ്പാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്തു. സഭയിലെ വിവിധ രൂപതകളിലെ സൺഡേ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളിൽനിന്നും മാതൃകാപരമായി വിശ്വാസപരിശീലനം നേടുന്നവരെ സഭാതലത്തിൽ ആദരിക്കുന്നതിനുള്ള വേദിയാണ് പ്രതിഭാസംഗമം. ഈശോമിശിഹായിലുള്ള വിശ്വാസത്തിൽ ആഴപ്പെടുക, സഭയോടുള്ള സ്നേഹത്തിൽ വളരുക, സീറോമലബാർസഭാംഗങ്ങളെന്ന നിലയിലുള്ള ക്രൈസ്തവ വ്യക്തിത്വത്തിന്റെ പ്രധാന്യം തിരിച്ചറിയുക, സഭയെന്ന നിലയിൽ ഒന്നിച്ചു വളരുക എന്നീ ലക്ഷ്യങ്ങളോടെയാണ് എല്ലാവർഷവും സഭാസ്ഥാനത്തുവച്ചു ഈ പ്രോഗ്രാം സംഘടിപ്പിക്കുന്നത്.

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നേതൃത്വത്തിൽ നടന്ന സംഗമത്തിൽ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ റഫേൽ തട്ടിൽ പ്രതിഭകളെ ആദരിച്ചു. പ്രതിഭാസമ്പന്നരായ ഓരോ വ്യക്തിയെയും സഭയുടെ സ്വന്തമാണെന്ന ബോധ്യത്തോടെ പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യണമെന്നും അവരുടെ കഴിവുകൾ സഭയുടെയും സമൂഹത്തിന്റെയും പെതുനന്മയ്ക്കായി ഫലപ്രദമായി വിനയോഗിക്കുന്നതിന് സഭ പ്രതിജ്ഞാബദ്ധമാണെന്നും മേജർ ആർച്ചുബിഷപ്പ് തന്റെ സന്ദേശത്തിൽ പറഞ്ഞു. കമ്മീഷൻ ചെയർമാൻ മാർ ജോസ് പുളിക്കൽ, കമ്മീഷൻ അംഗം മാർ പോൾ ആലപ്പാട്ട് എന്നിവർ കുട്ടികളുമായി സംവദിച്ചു. കമ്മീഷൻ സെക്രട്ടറി ഫാ. ജോഷി പാണംപറമ്പിൽ അസി. സെക്രട്ടറി ഫാ. ജോസഫ് കല്ലറയ്ക്കൽ ഫാ. മനു എം എസ് റ്റി, സി. ജിസ് ലെറ്റ് എം എസ് ജെ, സി. ഡിവീന, ജെബിൻ, സച്ചിൻ എന്നിവർ സംഗമത്തിന് നേതൃത്വം നൽകി. വിവിധ രൂപതകളിൽനിന്നായി 12-ാം ക്ലാസിൽ പഠിക്കുന്ന അറുപതിൽ പരം കുട്ടികൾ പങ്കെടുത്തു. വിവിധ മേഖലകളിൽ പ്രഗത്ഭരായ വ്യക്തികൾ ക്ലാസ്സുകൾക്കു നേതൃത്വംനൽകി. വിവിധ മേഖലകളിലെ പ്രാവീണ്യത്തിന്റെ അടിസ്ഥാനത്തിൽ ക്യാമ്പിൽ പങ്കെടുത്തവരിൽ നിന്ന് പത്ത് വിദ്യാർഥികൾ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടു. ആൻജോഷി (തലശ്ശേരി), ജുവൽ മരിയ അനീഷ് (ഇടുക്കി), ലിയ റോജി (പാല), റിയോണ മരിയ (താമരശ്ശേരി), തെരേസ് മാത്യു (കോതമംഗലം), ആബേൽ ബിനോയ് (ചങ്ങനാശ്ശേരി), അതുൽ ബാബു (മാനന്തവാടി), ജോയൽ പി ജോജി (കാഞ്ഞിരപ്പള്ളി), മെൽവിൻ ജോർജ് മാത്യു (കോട്ടയം), റിച്ചാർഡ് ജോസഫ് (മാണ്ഡ്യ).

# തിരുപ്പിറവിയുടെ സന്തോഷം വാനോളം ഉയർത്തി തൃശൂർ നഗരത്തിന്റെ ബോൺ നത്താലെ




ഒരേ താളത്തിൽ ചുവടുവച്ച പാപ്പാമാരുടെ ഫ്ലാഷ് മോബ് നൃത്തങ്ങളും തിരുപ്പിറവിയുടെ മനോഹരമായ നിശ്ചലദൃശ്യങ്ങളും സാംസ്കാരിക നഗരിയിൽ വിസ്മയക്കാഴ്ചകളൊരുക്കിയതോടെ തൃശൂർ നഗരത്തെ ആവേശത്തിലാഴ്ത്തി ബോൺ നത്താലെ. ക്രിസ്മസ് ആഘോഷത്തിമർപ്പുമായി ഡിസംബർ 27ന് വൈകിട്ട് അഞ്ച് മണിയോടെയാണ് ബോൺ നത്താലെ റാലി നഗരമുഖത്തെത്തിയത്. പതിനയ്യായിരത്തോളം ക്രിസ്മസ് പാപ്പമാർ നഗരത്തെ ചുവപ്പണിയിച്ച് സ്വരാജ് റൗണ്ട് ചുറ്റി. പ്രത്യേകം തയാറാക്കിയ പാട്ടിനനുസരിച്ചായിരുന്നു നൃത്തച്ചുവടുകൾ. തൃശൂർ സെന്റ് തോമസ് കോളജിൽനിന്നായിരുന്നു റാലിയുടെ തുടക്കം.

കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത്, കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി, മേയർ നിജി ജസ്റ്റിൻ, ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, മാർ ഔഗിൻ കുര്യാക്കോസ്, കർദ്ദിനാൾ മാർ ജോർജ് ജേക്കബ് കൂവക്കാട്ട്, സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ, മന്ത്രിമാരായ കെ. രാജൻ, ആർ. ബിന്ദു എന്നിവർ പങ്കെടുത്തു. തൃശൂർ പൗരാവലിയുടെയും തൃശൂർ അതിരൂപതയുടെയും നേതൃത്വത്തിലുള്ള ബോൺ നത്താലെ ഘോഷയാത്രയെ തൃശൂരിന്റെ സാംസ്കാരികോത്സവമാക്കി മാറ്റി.


# ക്രിസ്തുമസ്; ഇടങ്ങൾ തേടുന്നവരിലേക്കുള്ള തീർഥാടനം: മാർ റാഫേൽ തട്ടിൽ



കാക്കനാട്: ക്രിസ്തുമസ് നമ്മെ പഠിപ്പിക്കുന്നതു ഇടം ഒരുക്കുന്നതിന്റെയും സ്വീകരിക്കുന്നതിന്റെയും ആത്മീയതയാണന്നു സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽപിതാവ്. ദൈവവചനം തന്റെ ഉള്ളിൽ വസിക്കാൻ പരിശുദ്ധ മറിയം ഹൃദയത്തിന്റെ മുഴുവൻ ഇടവും തുറന്നുകൊടുത്തു. ദൈവത്തിന്റെ പദ്ധതിക്ക് വഴങ്ങിക്കൊണ്ട് യൗസേപ്പ് തന്റെ ജീവിതം സമർപ്പിച്ചു. ഇടയരും ജ്ഞാനികളും, തങ്ങളുടേതായ സൗകര്യങ്ങളും സുരക്ഷിതത്വങ്ങളും വിട്ട്, ദിവ്യശിശുവിനെ സ്വീകരിക്കാൻ സന്നദ്ധരായി. ദൈവത്തിനും സഹജീവികൾക്കും സ്ഥലം ഒരുക്കാതെ ക്രിസ്തുമസ് പൂർണ്ണമാകുന്നില്ലെന്ന് ഈ ജീവിത മാതൃകകൾ നമ്മെ ഓർമിപ്പിക്കുന്നു. എന്തുകൊണ്ട് ദൈവത്തിനു പിറക്കാൻ പുൽത്തൊട്ടിൽ എന്ന ചോദ്യത്തിന്റെ ലളിതമായ ഒരുത്തരം, കാലിത്തൊഴുത്തിലേക്കെത്തുവോളം മനുഷ്യഗന്ധമുള്ള ഇടങ്ങളെല്ലാം അവനു മുന്നിൽ കൊട്ടിയടയ്ക്കപ്പെട്ടതുകൊണ്ട് എന്നാണ്. മനുഷ്യരുടെ വാതിലുകൾ അടഞ്ഞുനിന്നപ്പോൾ, ദൈവം നിശബ്ദമായ ഒരു പുൽക്കൂടിൽ അഭയം തേടി. ഇത് വെറും ചരിത്രവിവരണം മാത്രമല്ല മറിച്ചു, എല്ലാ കാലങ്ങളിലുമുള്ള മനുഷ്യ ഹൃദയത്തിന്റെ അവസ്ഥയെ വെളിപ്പെടുത്തുന്ന യാഥാർഥ്യമാണ്.

ദൈവത്തിനു ഇടംകിട്ടാതെപോയ സത്രങ്ങൾ വർത്തമാനകാലത്തിലും അടഞ്ഞുകിടക്കുന്നുണ്ട്. ദൈവത്തിനും സ്വാധീനമില്ലാത്ത മനുഷ്യർക്കും ഇടം ലഭിക്കാതെപോകുന്ന പരിതോവസ്ഥകളുടെ പ്രതീകമാണത്. ഇന്നും ദൈവം മനുഷ്യഹൃദയങ്ങളിൽ, കുടുംബങ്ങളിൽ, സാമൂഹിക സംവിധാനങ്ങളിൽ ഒരു ഇടം തേടിക്കൊണ്ടിരിക്കുന്നു. 'സന്മനസുള്ളവർക്കു സമാധാനം' എന്ന തിരുപ്പിറവിയുടെ രാത്രിയിലെ ആശംസ, ദൈവത്തിനും സഹോദരങ്ങൾക്കും ഇടം കൊടുക്കാൻ തയ്യാറുള്ളവരുടെ മുൻപിലെ സാധ്യതയായി മാറുന്നു. സീറോമലബാർ സഭയുടെ കേന്ദ്ര കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽവച്ച് നൽകിയ തിരുപ്പിറവിയുടെ സന്ദേശത്തിലാണ് മേജർ ആർച്ചുബിഷപ്പ് ഇത് പറഞ്ഞത്.

# ക്രിസ്തുമസ് ആഘോഷങ്ങളോടുള്ള അസഹിഷ്ണുത അപലപനീയം: മാർ റാഫേൽ തട്ടിൽ




കാക്കനാട്: സുവിശേഷധീരതയോടെ മതസൗഹാർദ്ദം കാത്തുസൂക്ഷിക്കാൻ എല്ലാവരും ജാഗ്രത പുലർത്തണമെന്ന് സീറോമലബാർസഭ മേജർആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവരെയും, ക്രിസ്തുമസ് ആഘോഷങ്ങളെയും ലക്ഷ്യമിട്ടുകൊണ്ടുള്ള ആക്രമണങ്ങളും ഭീഷണികളും തടസ്സപ്പെടുത്തലുകളും വർധിച്ചുവരുന്ന സാഹചര്യത്തിൽ പ്രതികരിക്കുകയായിരുന്നു അദ്ദേഹം. ഇത്തരം വാർത്തകൾ അതീവ ആശങ്കാജനകമാണ്. ചില തീവ്ര മതസാമുദായിക സംഘടനകൾ നടത്തുന്ന ഇത്തരത്തിലുള്ള അക്രമങ്ങളും അസഹിഷ്ണുതയും ഇന്ത്യയുടെ ബഹുസ്വരമായ സാംസ്കാരത്തിനും, മതനിരപേക്ഷമായ ആത്മാവിനും എതിരെയുള്ള വെല്ലുവിളിയാണ്. സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സന്ദേശം പങ്കുവയ്ക്കുന്ന ക്രിസ്തുമസ് ആഘോഷങ്ങൾ തടസ്സപ്പെടുത്തുന്നതും ആരാധനാസ്വാതന്ത്ര്യം നിഷേധിക്കുന്നതും നിരപരാധികളായ വിശ്വാസികളെ ഭീഷണിപ്പെടുത്തുന്നതും ഒരു ജനാധിപത്യ രാജ്യത്തിന് യോജിച്ചതല്ല. ഇന്ത്യയുടെ ഭരണഘടന എല്ലാ പൗരന്മാർക്കും മതസ്വാതന്ത്ര്യവും വിശ്വാസം അനുഷ്ഠിക്കാനുള്ള അവകാശവും ഉറപ്പുനൽകുന്നുണ്ട്. മതത്തിന്റെ പേരിൽ അക്രമം പ്രചരിപ്പിക്കുന്നവർക്കും അസഹിഷ്ണുത വളർത്തുന്നവർക്കുമെതിരേ സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു. അതോടൊപ്പം, നിയമം കയ്യിലെടുക്കുന്ന എല്ലാ മതതീവ്രവാദ പ്രവണതകളെയും കർശനമായി നിയന്ത്രിക്കേണ്ടത് ഭരണകൂടത്തിന്റെ കടമയാണെന്നും ഓർമ്മിപ്പിക്കുന്നു. എല്ലാ പൗരന്മാർക്കും ഭരണഘടനയുടെ സംരക്ഷണം ഉറപ്പാക്കുകയും ഭയംകൂടാതെ ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യണം. മതപരമായ ആഘോഷങ്ങൾ സമാധാനപരമായി നടത്താൻ ന്യൂനപക്ഷമെന്നോ ഭൂരിപക്ഷമെന്നോ ഉള്ള വേർതിരിവില്ലാതെ എല്ലാവർക്കും തുല്യമായ അവകാശമുണ്ട്. മതത്തിന്റെ പേരിൽ വിഭജനം സൃഷ്ടിക്കുന്ന എല്ലാ ശ്രമങ്ങളെയും രാജ്യം ഒരുമിച്ച് ചെറുക്കേണ്ട സമയമാണിത്. വിദ്വേഷത്തിന്റെയും അക്രമത്തിന്റെയും കിരാതവാഴ്ചക്കുമുൻപിൽ സ്നേഹവും സമാധാനവും പങ്കുവയ്ക്കാനുള്ള ആത്മീയശക്തി എല്ലാവർക്കും ലഭിക്കുന്നതിനായി പ്രാർഥിക്കുന്നുവെന്നും മേജർ ആർച്ചുബിഷപ്പ് വാർത്താ കുറിപ്പിൽ അറിയിച്ചു. 2025 ക്രിസ്തുമസ് കാലയളവിൽ മാത്രമായി ഇന്ത്യയുടെ വിവിധ ഇടങ്ങളിൽ പന്ത്രണ്ടിലധികം അക്രമ സംഭവങ്ങൾ ക്രിസ്തുമസ് ആഘോഷങ്ങൾക്കെതിരെ നടന്നതിന്റെ പശ്ചാത്തലത്തിലായിരുന്നു മേജർ ആർച്ചുബിഷപ്പിന്റെ പ്രതികരണം.

# ദൈവദാസൻ ജോസഫ് പഞ്ഞിക്കാരൻ ധന്യ പദവിയിൽ



ദൈവദാസൻ മോൺസിഞ്ഞോർ ജോസഫ് പഞ്ഞിക്കാരനെ ധന്യനായി പ്രഖ്യാപിച്ച് ലിയോ പതിനാലാമൻ മാർപാപ്പ. 2025 ഡിസംബർ 18ന് ആണ് വത്തിക്കാനിൽ ഇത് സംബന്ധിച്ച പ്രഖ്യാപനം നടന്നത്. ഇറ്റലിയിലെ നേപ്പിൾസിൽ നിന്നുള്ള ഫ്രാൻസിസ്കൻ സന്യാസ വൈദികൻ ബെരാർദോ അത്തൊണ്ണയെയും, ഡൊമെനിക്ക കാതറീനയെയും ദൈവദാസൻ ജോസഫ് പഞ്ഞിക്കാരൻ അച്ചനോടൊപ്പം ധന്യരായി ഉയർത്തിയിട്ടുണ്ട്. 2010 ജൂലൈ 18ന് പഞ്ഞിക്കാരനച്ചനെ ദൈവദാസനായി പ്രഖ്യാപിച്ച് രൂപതാതല പഠനങ്ങൾ ആരംഭിച്ചു. 2015 ജൂൺ 23ന് രൂപതാതലപഠനങ്ങൾ തീർത്ത് മുഴുവൻ രേഖകളും വത്തിക്കാനിലേക്ക് അയച്ചു. 2020 ജൂലൈ 27നു അച്ചനെക്കുറിച്ചുള്ള രേഖകൾ ചേർത്തുള്ള പഠനഗ്രന്ഥം (Positio) നാമകരണ നടപടികൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിൽ സമർപ്പിച്ചു. ചരിത്രകാരന്മാരുടെയും, ദൈവശാസ്ത്രജ്ഞന്മാരുടെയും സുദീർഘമായ പഠനങ്ങൾക്കുശേഷം കർദിനാൾമാരുടെ സംഘം അവ പരിശോധിക്കുകയും പഞ്ഞിക്കാരനച്ചന്റെ ജീവിതവിശുദ്ധി ബോധ്യപ്പെട്ടതിനുശേഷമാണ് ധന്യ പദവി പ്രഖ്യാപനത്തിനുള്ള റിപ്പോർട്ട് മാർപാപ്പയ്ക്ക് സമർപ്പിച്ചത്.

കത്തോലിക്കാസഭയിൽ ഒരാളെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിന് പ്രാദേശിക അന്വേഷണം, വത്തിക്കാൻ അവലോകനം, സ്ഥിരീകരിച്ച അത്ഭുതങ്ങൾ എന്നിവ ഉൾപ്പെടുന്ന നിരവധി ഘട്ടങ്ങളുള്ള ഒരു പ്രക്രിയയിലൂടെ കടന്നുപോകേണ്ടതുണ്ട്. ഈ പ്രക്രിയയിൽ ദൈവദാസൻ (Servant of God) എന്ന നിലയിൽ ആരംഭിച്ച്, തുടർന്ന് ധന്യൻ (Venerable), സ്ഥിരീകരിച്ച ഒരു അത്ഭുതത്തിന്റെ അടിസ്ഥാനത്തിൽ വാഴ്ത്തപ്പെട്ടവൻ (Beatified), സ്ഥിരീകരിച്ച രണ്ടാമത്തെ അത്ഭുതത്തോടെ വിശുദ്ധൻ (Saint) എന്ന നിലയിലാണ് നാമകരണനടപടികൾ പുരോഗമിക്കുന്നത്. ഇതിൽ രണ്ടാമത്തെ പടിയായ ധന്യ പദവിയിലേക്കാണ് മോൺ. ജോസഫ് പഞ്ഞിക്കാരനച്ചൻ ഉയർത്തപ്പെടുന്നത്.

1888 സെപ്റ്റംബർ 10ന് ചേർത്തലയിൽ ഉഴുവ ഗ്രാമത്തിലാണ് മോൺ. ജോസഫ് പഞ്ഞിക്കാരൻ ജനിച്ചത്. സുറിയാനി കത്തോലിക്കരുടെയിടയിൽ നിന്ന് ആദ്യമായി എംഎ പാസായ അദ്ദേഹം പ്രേഷിതപ്രവർത്തനത്തിനുള്ള ആഗ്രഹവുമായി സെമിനാരിയിൽ ചേരുകയും, 1918 ഡിസംബർ 21ന് വൈദികനായി അഭിഷിക്തനാക്കപ്പെടുകയും ചെയ്തു. ഇന്നത്തെ എറണാകുളം, കോതമംഗലം, ഇടുക്കി രൂപതകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ രോഗികളും, അവശരും ആലംബഹീനരുമായ ആളുകളുടെ മധ്യേ അദ്ദേഹം തന്റെ പ്രവർത്തനം കേന്ദ്രീകരിച്ചു. കേരളത്തിലെ ആദ്യ കത്തോലിക്ക ആശുപത്രിയായ ധർമ്മഗിരിക്ക് ജന്മം നൽകുകയും രോഗീശുശ്രൂഷയിലൂടെയുള്ള സുവിശേഷവൽക്കരണം ലക്ഷ്യം വച്ചുകൊണ്ട് രോഗിപരിചരണം വഴിയായി വേദനിക്കുന്ന മനുഷ്യരാശിയെ ആശ്വസിപ്പിക്കാൻ ജീവിതം സമർപ്പിച്ചവരുടെ സന്യാസസമൂഹമായ മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് (MSJ) എന്ന സന്യാസിനി സമൂഹത്തിന് രൂപം നൽകുകയും ചെയ്തയാളാണ് മോൺ. ജോസഫ് പഞ്ഞിക്കാരനച്ചൻ. ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത്, (മത്താ. 25, 40) എന്നതായിരുന്നു പഞ്ഞിക്കാരനച്ചനെ നയിച്ച ദൈവവചനം.

കേരള കത്തോലിക്ക സഭയിൽ അറിയപ്പെടുന്ന ചരിത്രപണ്ഡിതൻ, പത്രപ്രവർത്തകൻ, ആതുരസേവകൻ എന്നീ നിലകളിൽ പ്രസിദ്ധിയാർജിച്ച പഞ്ഞിക്കാരനച്ചൻ 1949 നവംബർ 4ന് നിര്യാതനായി. 61 വർഷം മാത്രം ജീവിച്ച് രണ്ട് പുരുഷായുസുകൊണ്ട് ചെയ്തുതീർക്കാവുന്ന കാര്യങ്ങൾ നിർവ്വഹിച്ച പുണ്യശ്ലോകനായ ജോസഫ് പഞ്ഞിക്കാരനച്ചന്റെ കല്ലറയിൽ അന്നുമുതൽ ജാതിമതഭേദമെന്യേ ആളുകൾ വന്ന് പ്രാർഥിച്ചിരുന്നു. കുലീനമായ കുടുംബപശ്ചാത്തലവും നേടിയ ഉന്നത ബിരുദങ്ങളും നിസാരമായി പരിഗണിച്ച് സുവിശേഷവേലയ്ക്കായി ഇറങ്ങിത്തിരിച്ച വ്യക്തിയാണ് മോൺ. ജോസഫ് പഞ്ഞിക്കാരൻ. ആത്മരക്ഷയെ മുൻനിർത്തി പ്രവർത്തനനിരതമായ കാഴ്ചപ്പാടുകളായിരുന്നു അദ്ദേഹത്തിന്റെ പ്രത്യേകത.

# ദൈവദാസൻ ജോസഫ് കണ്ടത്തിലച്ചന്റെ വാർഷികമാചരിച്ചു



അമലോത്ഭവ മാതാവിന്റെ അസീസി സന്യാസിനി സമൂഹത്തിന്റെയും (എഎസ്എംഐ) ഗ്രീൻ ഗാർഡൻസ് സ്ഥാപനങ്ങളുടെയും സ്ഥാപകൻ കേരള ഡാമിയൻ ദൈവദാസൻ ജോസഫ് കണ്ടത്തിലച്ചന്റെ 34-ാമത് ചരമവാർഷികം ആചരിച്ചു. വിശുദ്ധ ഡാമിയന്റെ ജീവിതവഴികളിൽ ആകൃഷ്ടനായി കുഷ്ഠരോഗികളെയും സമൂഹം പുറംതള്ളിയവരെയും ചേർത്തുപിടിക്കുകയും അവർക്കുവേണ്ടി ജീവിതം മുഴുവൻ ചെലവഴിക്കുകയും ചെയ്തതുകൊണ്ടാണ് ഫാ. ജോസഫ് കണ്ടത്തിലിന് കേരളഡാമിയൻ എന്ന വിശേഷണം ലഭിച്ചത്. 1904 ഒക്ടോബർ 27-ന് വൈക്കം ചെമ്പുകണ്ടത്തിൽ വർക്കി തോമസ്-ക്ലാരമ്മ ദമ്പതികളുടെ മൂന്നാമത്തെ മകനായി ജനിച്ച അദ്ദേഹം 1933 ഡിസംബർ 17ന് മാർ അഗസ്റ്റ്യൻ കണ്ടത്തിൽ മെത്രാപ്പോലീത്തയിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. ചേർത്തല മുട്ടം പള്ളിയിലെ സഹവികാരിയായി സേവനം ആരംഭിച്ച വൈദികജീവിതത്തിന്റെ തുടക്കകാലം തന്നെ അദ്ദേഹത്തിന്റെ ജീവിതത്തിൽ നിർണായകവഴിത്തിരിവുണ്ടാക്കി. വീടുസന്ദർശനത്തിന്റെ ഭാഗമായി കണ്ടുമുട്ടിയ കുഷ്ഠരോഗികളുടെ ദയനീയസ്ഥിതിയും അക്കാലത്ത് ചേർത്തലഭാഗത്തുണ്ടായിരുന്ന ദാരിദ്ര്യവും തൊഴിലില്ലായ്മയും ഇതിൽ പ്രധാനപങ്കുവഹിച്ചു. 1942-ൽ ചേർത്തലയിൽ കുഷ്ഠരോഗാശുപത്രി സ്ഥാപിച്ച അച്ചൻ തൊട്ടടുത്ത വർഷം എ എസ് എംഐ സന്യാസിനീസമൂഹത്തിന് തുടക്കം കുറിച്ചു. 1986-ൽ ഈ സന്യാസിനിസമൂഹം പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തപ്പെട്ടു. ഇപ്പോൾ വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിലും കെനിയ, ടാൻസാനിയ, മഡ്ഗാസ്ക്കർ, പാപ്പുവ ന്യൂഗിനിയ, ഇറ്റലി, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിലും എഎസ്എംഐ സന്യാസിനിമാർ ശുശ്രൂഷ ചെയ്യുന്നു. 1969-ൽ മോൺസിഞ്ഞോർ പദവി നല്കി വത്തിക്കാൻ അച്ചനെ ആദരിച്ചു. 1991 ഡിസംബർ 12-ന് ദിവംഗതനായി. ചേർത്തല മതിലകം സേക്രട്ട് ഹാർട്ട് ചാപ്പലിലാണ് അച്ചന്റെ കബറിടം സ്ഥിതി ചെയ്യുന്നത്. 2019 ഒക്ടോബർ 24-ന് കണ്ടത്തിലച്ചനെ ദൈവദാസപദവിയിലേക്ക് ഉയർത്തി. എല്ലാ ദിവസവും വൈകുന്നേരം അഞ്ചുമണിക്ക് അച്ചന്റെ ഓർമ്മയ്ക്കായി വിതരണം ചെയ്യുന്ന നേർച്ചക്കഞ്ഞി രോഗശമനത്തിനുള്ള ഔഷധമാണെന്നാണ് ആളുകൾ വിശ്വസിക്കുന്നത്. കേരളത്തിലും ഇന്ത്യയുടെ വിവിധഭാഗങ്ങളിലും കുഷ്ഠരോഗാശുപത്രികളും ആതുരാലയങ്ങളും അഗതി-വൃദ്ധമന്ദിരങ്ങളും സ്ഥാപിച്ച കണ്ടത്തിലച്ചന്റെ നാമകരണനടപടികൾ പുരോഗമിക്കുന്നു.

# ചങ്ങനാശ്ശേരി അതിരൂപതാ കുട്ടനാടൻ മേഖല തീർഥാടനം



ചമ്പക്കുളം: ജൂബിലി വർഷത്തിൽ മാർപാപ്പ പ്രഖ്യാപിച്ചിരിക്കുന്ന പൂർണ്ണദണ്ഡമോചനം പ്രാപിക്കുന്നതിനും കുടുംബങ്ങൾക്കും ദേശത്തിനും അനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ടും

ചങ്ങനാശേരി അതിരൂപത മെത്രാപ്പോലീത്ത മാർ തോമസ് തറയിലിന്റെ നേതൃത്വത്തിൽ ചമ്പക്കുളം സെന്റ് മേരീസ് ബസലിക്കയിൽ നിന്ന് പാറേൽ മരിയൻ തീർഥാടന കേന്ദ്രത്തിലേക്കു കുട്ടനാടൻ മേഖല അതിരൂപതാ ജൂബിലി തീർഥാടനം 2025 ഡിസംബർ 13 ന് നടന്നു. ചമ്പക്കുളം സെന്റ് മേരിസ് ബസിലിക്കയിൽ നിന്ന് ആരംഭിച്ച് ചമ്പക്കുളം, ആലപ്പുഴ, മുഹമ്മ, പുളിങ്കുന്ന്, എടത്വാ ഫൊറോനകളുടെ നേതൃത്വത്തിൽ നടന്ന തീർഥാടനത്തിൽ അതിരൂപത മെത്രാപ്പോലീത്തയോടൊപ്പം വികാരി ജനറാൾമാർ, ഫൊറോന വികാരിമാർ, 77 പള്ളികളിലെ വികാരിമാർ, സന്യസ്തർ, മാതാപിതാക്കൾ, യുവജനങ്ങൾ, സൺഡേസ്കൂൾ കുട്ടികൾ എന്നിവർ പങ്കെടുത്തു. മാർത്തോമാ ശ്ലീഹാ സ്ഥാപിച്ച ഏഴരപള്ളികളിൽ ഒന്നായ നിരണത്തിന്റെ കുരിശുപള്ളിയായിരുന്ന ചമ്പക്കുളം കല്ലൂർക്കാട് സെന്റ് മേരിസ് പള്ളി ചങ്ങനാശേരി അതിരൂപതയിലെ ആദ്യ പള്ളിയാണ്. കുട്ടനാടൻ മേഖലയിലെ മാതൃവേദി, പിതൃവേദി, കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ 501 വോളണ്ടിയേഴ്സ് നേതൃത്വം നൽകി.



# മാതൃവേദിയുടെ വാർഷികം ആഘോഷിച്ചു

ഭദ്രാവതി രൂപതയിലെ റെഹിമ മാതൃവേദിയുടെ വാർഷികം ആഘോഷിച്ചു, രൂപതാധ്യക്ഷൻ മാർ ജോസഫ് അരുമച്ചാടത്ത് അധ്യക്ഷനായിരുന്നു. മാതൃവേദി ഗ്ലോബൽ പ്രസിഡന്റ് ബീനജോഷി ഉദ്ഘാടനം ചെയ്തു. വാർഷികത്തോട് അനുബന്ധിച്ച് വിവിധ കലാപരിപാടികൾ നടത്തി. രൂപതയിലെ 17 ഇടവകകളിൽ നിന്നായി 250 പേർ പങ്കെടുത്തു. ഇൻഫന്റ് ജീസസ് ഇടവക ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി. മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നിരവധി സാംസ്കാരികപരിപാടികളും നടന്നു. വികാർ ജനറൽ ഫാ. തോമസ് ചിറ്റിലപ്പിള്ളി, ഫാ. അബ്രഹാം അരീപ്പറമ്പിൽ, സിസ്റ്റർ റോയ്സ് എസ്. എച്ച് എന്നിവർ പ്രസംഗിച്ചു.

# യേശുവിന്റെ സന്ദേശം സാർവത്രികലോകത്തിന് വേണ്ടി: ഉപരാഷ്ട്രപതി



ഡൽഹി: യേശുക്രിസ്തുവിന്റെ സമാധാനത്തിന്റെയും ഐക്യത്തിന്റെയും സന്ദേശം ലോകം മുഴുവനും വേണ്ടിയുള്ളതാണെന്ന് ഇന്ത്യയുടെ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. ഭാരത കത്തോലിക്ക മെത്രാൻ സമിതിയുടെ ആഭിമുഖ്യത്തിൽ ഡൽഹിയിൽ നടന്ന ക്രിസ്തുമസ് ആഘോഷത്തിൽ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. സമാധാനവും ഐക്യവും സ്ഥാപിക്കാൻ ലോകത്തിലേക്കുവന്ന കർത്താവായ യേശുക്രിസ്തുവിന്റെ ജീവിതത്തിലും പ്രബോധനങ്ങളിലുമാണ് ക്രിസ്തീയതയുടെ സത്ത സ്ഥിതി ചെയ്യുന്നത്. അനുകമ്പ, പരസ്പര ബഹുമാനം, ഓരോ മനുഷ്യന്റെയും അന്തസ്സ് എന്നിവ ഭാരതത്തിന്റെ മൂല്യങ്ങളെ ശക്തമായി പ്രതിധ്വനിപ്പിക്കുന്നു. ലോകമെമ്പാടുമുള്ള സമൂഹങ്ങൾ ഭിന്നതകളും സംഘർഷങ്ങളും നേരിടുന്ന സമകാലിക കാലത്ത് അത്തരം മൂല്യങ്ങൾ പ്രത്യേകിച്ചും പ്രസക്തമാണെന്നും അഭിപ്രായപ്പെട്ടു. ഔപചാരിക പരിപാടിക്ക് മുമ്പ് ഉപരാഷ്ട്രപതി മറ്റ് വിശിഷ്ട വ്യക്തികളോടൊപ്പം പുൽക്കൂട് സന്ദർശിക്കുകയും ഉണ്ണിയേശുവിന് ആദരവ് അർപ്പിക്കുകയും ചെയ്തു.

പശ്ചിമബംഗാൾ ഗവർണർ ഡോ. സി. വി. ആനന്ദ ബോസ് വിശിഷ്ടാതിഥിയായിരുന്നു.

സീറോമലബാർസഭ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ, കർദ്ദിനാൾ ഡോ. ഓസ്വാൾഡ് ഗ്രേഷ്യസ്, കർദിനാൾ ആന്റണി പൂള, സീറോമലങ്കരസഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് സിബിസിഐ പ്രസിഡന്റ് ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധി ആർച്ചുബിഷപ്പ് ലെയോപോൾഡോ ജിറേല്ലി, സിബിസിഐ വൈസ് പ്രസിഡന്റ് ആർച്ചുബിഷപ്പ് ഡോ. ജോർജ് അന്തോണിസാമി, സെക്രട്ടറി ജനറൽ ആർച്ചുബിഷപ്പ് ഡോ. അനിൽ കൂട്ടോ, ഡെപ്യൂട്ടി സെക്രട്ടറി ജനറൽ റവ.ഡോ. മാത്യു കോയിക്കൽ തുടങ്ങിയവർ പങ്കെടുത്തു.



## തലശേരി അതിരൂപതയിൽ മരിയൻ തീർഥാടനം



തലശേരി: മലബാറിലെ ഏറ്റവും വലിയ തീർഥാടനമായി മാറിയ തലശേരി അതിരൂപത മരിയൻ തീർഥാടനം ചെമ്പേരി ലൂർദ് മാതാ ബസിലിക്കയിലേക്ക് എടൂർ സെന്റ് മേരീസ് ആർക്കിഎപ്പിസ്കോപ്പൽ ദേവാലയത്തിൽ നിന്നും ആലക്കോട് സെന്റ് മേരീസ് ഫൊറോനാ ദേവാലയത്തിൽനിന്നും ജപമാല ചൊല്ലി കാൽനടയായി നടത്തി. എടൂരിൽനിന്ന് 35 കിലോമീറ്ററും ആലക്കോട്നിന്ന് 23 കിലോമീറ്ററും ദൂരമാണ് ചെമ്പേരിബസിലിക്കയിലേക്കുള്ളത്. തലശേരി അതിരൂപതയുടെ ഹൃദയഭാഗത്ത് കൂടി 60 ഓളം കിലോമീറ്റർ നീണ്ടുനിന്ന തീർഥാടനത്തിൽ ഇരുപതിനായിരത്തോളം ആളുകൾ പങ്കെടുത്തു. 125 വൈദികരും 500ലേറെ സിസ്റ്റേഴ്സും തീർത്ഥാടകരായിരുന്നു. ആലക്കോട്, വായാട്ട്പറമ്പ്, പൈസക്കരി, മണിക്കടവ്, നെല്ലിക്കാംപൊയിൽ, എടൂർ, ചെമ്പേരി, കുന്നോത്ത് എന്നീ ഒൻപത് ഫൊറോനകളിൽ നിന്നാണ് കൂടുതൽ ആളുകളും പങ്കെടുത്തത്. പരിശുദ്ധ കന്യകാമറിയത്തെകുറിച്ചുള്ള വചനവിചിന്തനങ്ങളും ദിവ്യകാരുണ്യ ആരാധനയും വിശുദ്ധ കുർബാനയും കുമ്പസാരവും മരിയൻ സന്ധ്യയിൽ സംഘടിപ്പിച്ചിരുന്നു. എടൂർനിന്നുള്ള തീർഥാടകസംഘത്തെ തലശേരി അതിരൂപത അധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി നയിച്ചു. വിവിധ ഫൊറോനാ കേന്ദ്രങ്ങളിൽ നടന്ന മരിയൻ സന്ധ്യയ്ക്ക് വികാരി ജനറാൾ മോൺ. മാത്യു ഇളംതുരുത്തിപടവിൽ, ഫാ. ടോം ഓലിക്കരോട്ട്, ഫാ. ജോസഫ് മുട്ടത്തുകുന്നേൽ, ഫാ. സെബാസ്റ്റ്യൻ പുതുപ്പള്ളി, ഫാ. പയസ് പടിഞ്ഞാറെമുറിയിൽ, ഫാ. സെബാസ്റ്റ്യൻ തെങ്ങുംപള്ളിൽ എന്നിവർ നേതൃത്വം നൽകി. ഡിസംബർ 6 വെള്ളിയാഴ്ച 2.30ന് തീർഥാടകസംഘം ചെമ്പേരി ലൂർദ് മാതാ ബസിലിക്കയിൽ എത്തിച്ചേർന്നു. തീർഥാടകർക്ക് ആയി പുലർച്ചെ മൂന്നിന് വിശുദ്ധ കുർബാന അർപ്പണം നടന്നു. അതിരൂപതാധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി മുഖ്യകാർമികത്വം വഹിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. മാർ ജോർജ് വലിയമറ്റം, തലശേരി അതിരൂപത പ്രോട്ടോസിൻചില്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ, വികാരി ജനറൽമാരായ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ എന്നിവരും ഫൊറോന വികാരിമാരും സഹകാർമികരായി.

അതിരൂപതയിലെ മുഴുവൻ കുടുംബങ്ങളെയും പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിന് പ്രതിഷ്ഠിച്ചു. ചെമ്പേരി ലൂർദ് മാതാ ബസലിക്ക റെക്ടർ റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ടിന്റെ നേതൃത്വത്തിൽ തീർഥാടകർക്ക് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ഒരുക്കിയിരുന്നു. അതിരൂപത ചാൻസലർ ഫാ. ജോസഫ് മുട്ടത്തുകുന്നേൽ ഏവർക്കും നന്ദി അറിയിച്ചു. ഒരു രാത്രി മുഴുവൻ ജപമാല ചൊല്ലി മലയോര ഹൈവേയിലൂടെ ദൈവജനം ത്യാഗത്തോടെ നടത്തിയ പ്രാർഥന അതിരൂപതയ്ക്ക് മുഴുവൻ വലിയ ആത്മീയ ഉണർവിന്റെ അവസരമായി. ദണ്ഡവിമോചനത്തിനുള്ള അവസരവുമുണ്ടായിരുന്നു. പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോൽഭവത്തിരുന്നാളോടനുബന്ധിച്ചാണ് എല്ലാവർഷവും മരിയൻ തീർഥാടനം സംഘടിപ്പിക്കുന്നത്.

## ഗ്രേറ്റ്ബ്രിട്ടൻ രൂപത വിമൻസ് ഫോറം വാർഷികസമ്മേളനം നടന്നു



ബർമിംഗ്ഹാം: ഗ്രേറ്റ്ബ്രിട്ടൻ സീറോമലബാർരൂപതാ വിമൻസ് ഫോറം കൺവൻഷൻ (THAIBOOSA 2025) ന്യൂ ബിങ്‌ലി ഹാളിൽ നടന്നു. രൂപതയിലെ മുഴുവൻ ഇടവക/മിഷൻ/പ്രൊപ്പോസഡ് മിഷൻ കേന്ദ്രങ്ങളിൽ നിന്നും ഉള്ള ആയിരക്കണക്കിന് വനിതാ പ്രതിനിധികൾ പങ്കെടുത്തു. രൂപതാധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കൽ ഉദ്ഘാടനം ചെയ്തു. രൂപതയുടെ കെട്ടുറപ്പിനും വളർച്ചക്കും വിശ്വാസപരിശീലനത്തിനും സീറോമലബാർ സഭയുടെ പാരമ്പര്യങ്ങൾ വരുംതലമുറയിലേക്ക് പകർന്നുനൽകുന്നതിനും സിനഡ് ഓൺ സിനഡാലിറ്റിയുടെ ചൈതന്യം രൂപതയിൽ പ്രചരിപ്പിക്കുന്നതിനും വിമൻസ് ഫോറം അംഗങ്ങൾ വഹിക്കുന്ന പങ്ക് ഏറെ വിലപ്പെട്ടതാണെന്ന് മാർ ജോസഫ് സ്രാമ്പിക്കൽ പറഞ്ഞു. വിമൻസ് ഫോറം രൂപതാ പ്രസിഡന്റ് ടിങ്കിൾ റെയ്സൺ അധ്യക്ഷത വഹിച്ചു.

## കോട്ടയം അതിരൂപത ജൂബിലി ക്വിസ് മത്സരം



തെള്ളകം: ഈശോയുടെ മനുഷ്യാവതാരത്തിന്റെ ജൂബിലി വർഷത്തിൽ കോട്ടയം അതിരൂപതയിലെ കുടുംബങ്ങൾക്കായും സന്യാസസമർപ്പിത സമൂഹങ്ങൾക്കായും ജൂബിലി ക്വിസ് മത്സരം നടത്തി. 14 ഫൊറോനകളിൽനിന്നുള്ള 14 കുടുംബങ്ങളും നാല് സന്യാസ സമർപ്പിത സമൂഹങ്ങളിൽ നിന്നായി 8 ടീമുകളും മത്സരത്തിൽ പങ്കെടുത്തു. കുടുംബങ്ങൾക്കായി നടത്തിയ ക്വിസ് മത്സരത്തിൽ യഥാക്രമം ബിനുമോൻ ജോസഫ് & ഫാമിലി മുകളേൽ, ഞീഴൂർ, അലക്സാണ്ടർ കെ.സി & ഫാമിലി കുപ്പനാനിക്കൽ ഉഴവൂർ, ജെയ് കെ. ജോർജ് & ഫാമിലി കൊച്ചാദംപള്ളിൽ കത്തീഡ്രൽ എന്നിവർ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. സന്യാസ സമർപ്പിത സമൂഹങ്ങൾക്കായി നടത്തിയ ക്വിസ് മത്സരത്തിൽ റവ. ഡോ. സി. ലിസ് മരിയ എസ്.വി.എം & സി. ബിൻസി എസ്.വി.എം, സി. എലിസബത്ത് എസ്.വി.എം & സി. ഹിത എസ്.വി.എം, റവ. ഡോ. സി. ലേഖ എസ്.ജെ.സി & സി. ഡെജി എസ്.ജെ.സി എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് വിജയികൾക്ക് ആശംസകൾ നേരുകയും സമ്മാനദാനം നിർവ്വഹിക്കുകയും ചെയ്തു. കുടുംബങ്ങൾക്കായി നടത്തിയ ക്വിസ് മത്സരത്തിൽ വിജയികളായവർക്ക് അതിരൂപത ഫാമിലി കമ്മീഷൻ 50,000/, 30,000/, 20,000/ രൂപ ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും സന്യസ്തർക്കായി നടത്തിയ ക്വിസ് മത്സരത്തിൽ വിജയകളായവർക്ക് 20,000/, 15,000/, 10,000/ രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റുകളും നൽകി. ജൂബിലി കമ്മിറ്റി കൺവീനർ റവ. ഡോ. തോമസ് ആദോപ്പിള്ളിൽ, കമ്മിറ്റിയംഗങ്ങളായ റവ. ഡോ. ജോയി കറുകപ്പറമ്പിൽ, ഫാ. ജിബിൻ മണലോടിയിൽ, റവ. ഡോ, സിസ്റ്റർ ആൻസ് മരിയ എസ്.വി.എം, റവ. ഡോ. സിസ്റ്റർ അപർണ എസ്.ജെ.സി, ജോണി ടി.കെ, ക്വിസ് മാസ്റ്റർ ഡോ. അജിത് ജെയിംസ് ജോസ് എന്നിവർ ക്വിസ് മത്സരത്തിന് നേതൃത്വം നൽകി.

# മേജർ ആർച്ചുബിഷപ്പിന്റെ ഡയറി

**ഡിസംബർ 03 മുതൽ ഡിസംബർ 31 വരെ**

**ഡിസംബർ**

- **03 ബുധൻ:** ക്ലർജി കമ്മീഷന്റെ ആഭിമുഖ്യത്തിൽ മൗണ്ട് സെന്റ് തോമസിൽ വിളിച്ചുചേർത്ത സീറോമലബാർസഭാംഗങ്ങളായ ഡീക്കന്മാരുടെ കൂട്ടായ്മയിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നല്കുകയും സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.
- **06 ശനി:** തൃശൂർ അതിരൂപതയിലെ സെന്റ് മേരീസ് അസംപ്ഷൻ ഫൊറോനാ ദൈവാലയത്തിന്റെ ആയിരത്തിയിരുപത്തിയഞ്ചാമാണ്ടിന്റെ ആഘോഷങ്ങളുടെ ഭാഗമായി വി. കുർബാനയർപ്പിച്ചു സന്ദേശം നല്കി.
- **07 ഞായർ:** എറണാകുളം-അങ്കമാലി അതിരൂപതയിൽ പുതുതായി കൂദാശചെയ്ത കിഴക്കമ്പലം ഫൊറോനാ ദൈവാലയത്തിൽ വി.കുർബാനയർപ്പിച്ചു സന്ദേശം നല്കി.

  കൊച്ചി രൂപതയുടെ നിയുക്ത മെത്രാൻ ബഹു. മോൺ. ആന്റണി കാട്ടിപ്പറമ്പിലിന്റെ മെത്രാഭിഷേകചടങ്ങുകളിൽ പങ്കെടുത്തു അനുഗ്രഹപ്രഭാഷണം നടത്തി.
- **08 തിങ്കൾ:** തൃശൂർ അതിരൂപതയിലെ വീണ്ടശ്ശേരി അമലോത്ഭവമാതാവിന്റെ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു വി. കുർബാനയർപ്പിക്കുകയും പുതുതായി നിർമ്മിച്ച കപ്പേള വെഞ്ചരിച്ചു സന്ദേശം നൽകുകയും ചെയ്തു.
- **10 ബുധൻ:** എറണാകുളം-അങ്കമാലി അതിരൂപതാംഗമായ കട്ടക്കകത്തൂട്ട് ബഹു. പോളച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ നാലാംഭാഗത്തിനു മൂഴിക്കുളം സെന്റ് മേരീസ് ദൈവാലയത്തിൽ കാർമികത്വം വഹിച്ചു.
- **12 വെള്ളി:** റോമിലെ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിൽ പ്രീഫെക്ട് അഭിവന്ദ്യ കർദിനാൾ ക്ലൗദിയോ ഗുജറോത്തിയുമായി കൂടിക്കാഴ്ചനടത്തി.

  റോമിൽ വിവിധ മേഖലകളിൽ സേവനമനുഷ്ഠിക്കുന്നവരും ഉപരിപഠനം നടത്തുന്നവരുമായ വൈദികർ, സന്യസ്തർ, വൈദികവിദ്യാർത്ഥികൾ എന്നിവരോടൊപ്പം ദോമൂസ് മാർ തോമ പ്രൊക്യൂറയിൽ സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു.
- **13 ശനി:** വത്തിക്കാനിലെ വിവിധ കാര്യാലയങ്ങൾ സന്ദർശിച്ചു.
- **14 ഞായർ:** ഈശോയുടെ പിറവിത്തിരുന്നാളിന്റെ മഹാജൂബിലിയുടെ ഭാഗമായി റോമിലെ സീറോമലബാർ വിശ്വാസസമൂഹത്തോടൊപ്പം സെന്റ് പീറ്റേഴ്സ് ബസിലിക്കയിലേക്കു തീർഥാടനംനടത്തി വി. കുർബാനയർപ്പിച്ചു.
- **15 തിങ്കൾ:** പരിശുദ്ധ പിതാവു ലെയോ പതിനാലാമൻ മാർപാപ്പയെ വത്തിക്കാനിലെ പേപ്പൽ പാലസിൽ സന്ദർശിച്ചു. തുടർന്നു സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ പിയെത്രോ പരോളിൻ പിതാവുമായി കൂടിക്കാഴ്ച നടത്തി.
- **18 വ്യാഴം:** ദില്ലിയിലെ സി ബി സി ഐ ആസ്ഥാനത്തു സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തു.
- **19 വെള്ളി:** ഭാരതത്തിന്റെ ഉപരാഷ്ട്രപതി ശ്രീ സി പി രാധാകൃഷ്ണൻ തന്റെ ഔദ്യോഗിക വസതിയിൽ വിളിച്ചുചേർത്ത വിവിധ ക്രിസ്ത്യൻ മതമേലധ്യക്ഷന്മാരുടെ ക്രിസ്തുമസ് വിരുന്നിൽ പങ്കെടുത്തു.
- **20 ശനി:** മൗണ്ട് സെന്റ് തോമസിൽ വിളിച്ചു ചേർത്ത മാധ്യമപ്രവർത്തകരുടെ ക്രിസ്തുമസ് ആശംസാ സമ്മേളനത്തിൽ സന്ദേശം നൽകുകയും അവരുമായി സംവദിക്കുകയും ചെയ്തു.
- **21 ഞായർ:** എറണാകുളം-അങ്കമാലി അതിരൂപതയിലുള്ള വൈദികമന്ദിരങ്ങൾ സന്ദർശിച്ചു അതിരൂപതയിലെ മുതിർന്ന വൈദികർക്കു ക്രിസ്തുമസ് ആശംസകൾ നേർന്നു.
- **25 വ്യാഴം:** മൗണ്ട് സെന്റ് തോമസിൽ പിറവിത്തിരുനാൾ കർമങ്ങൾക്കു നേതൃത്വം നല്കി.
- **27 ശനി:** സി എം ഐ കോയമ്പത്തൂർ പ്രേഷിത പ്രോവിൻസിലെ ഒൻപതു ഡീക്കൻമാർക്കു തലോർ ധ്യാനകേന്ദ്രത്തിൽവച്ച് തിരുപ്പട്ടം നല്കി.

  എറണാകുളം-അങ്കമാലി അതിരൂപതയിലെ പതിമൂന്നു ഡീക്കൻമാർക്കു കത്തീഡ്രൽ അങ്കണത്തിൽ തിരുപ്പട്ടംനല്കി.
- **29 തിങ്കൾ:** തൃശൂർ അതിരൂപതയിലെ കുരിയച്ചിറ ഇടവക ദൈവാലയത്തിൽവച്ചു എം എസ് ജെ സന്യാസസഭാംഗമായ ഡീക്കൻ ഡിനിൽ കുന്നുമ്മലിനു തിരുപ്പട്ടം നല്കി.
- **31 ബുധൻ:** എറണാകുളം-അങ്കമാലി അതിരൂപതയിലെ മരുത്തോർവട്ടം സെന്റ് സെബാസ്ററ്യൻസ് ഇടവക ദൈവാലയത്തിൽ മുപ്പത്തിമൂന്നാമതു സായാഹ്ന ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയും വി. കുർബാനയർപ്പിക്കുകയുംചെയ്തു.

# സമുദായ ശക്തീകരണ വർഷം: തൃശ്ശൂർ അതിരൂപതാതല ഉദ്ഘാടനം



തൃശൂർ: ക്രിസ്തുജയന്തി ജൂബിലിവർഷ സമാപനവും സീറോമലബാർസഭയുടെ സമുദായ ശക്തീകരണവർഷത്തിന്റെ രൂപതാതല ഉദ്ഘാടനവും പുത്തൻപള്ളി ബസിലിക്കയിൽ തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്തിനൊപ്പം വൈദികസന്യസ്ത അൽമായ പ്രതിനിധികൾ തിരിതെളിയിച്ച് നിർവഹിച്ചു. സമുദായത്തിന്റെ ബഹുമുഖ പുരോഗതിക്കായി ഒത്തൊരുമയോടെ പ്രവർത്തിക്കണമെന്ന് ആമുഖപ്രഭാഷണത്തിൽ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ആഹ്വാനം ചെയ്തു. പ്രാർഥനാശുശ്രൂഷ, പ്രഭാഷണം, പരിശുദ്ധ കുർബാന, ദിവ്യകാരുണ്യപ്രദക്ഷിണം, ദിവ്യകാരുണ്യ ആശീർവാദം എന്നിവ നടന്നു. ബസിലിക്ക ദേവാലയത്തിൽ നടന്ന ദിവ്യകാരുണ്യപ്രദക്ഷിണത്തിന് അതിരൂപത വികാരി ജനറാൾമാരായ മോൺ. ജോസ് കോനിക്കര, മോൺ. ജെയ്സൺ കൂനംപ്ലാക്കൽ എന്നിവർ നേതൃത്വം നൽകി.

ആർച്ചുബിഷപ്പിനൊപ്പം മാർ ടോണി നീലങ്കാവിൽ, വികാരി ജനറൽമാർ മോൺ. ജോസ് കോനിക്കര, മോൺ. ജെയ്സൺ കൂനംപ്ലാക്കൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോഷി വടക്കൻ, സി. ആർ. ഐ. പ്രസിഡണ്ട് ഫാ. സിജോ പൈനാടത്ത്, പ്രിസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി ഫ. അലക്സ് മരോട്ടിക്കൽ, അതിരൂപത ഏകോപന സമിതി സെക്രട്ടറി ഷിന്റോ മാത്യു, കത്തോലിക്ക കോൺഗ്രസ് വൈസ് പ്രസിഡന്റ് ലീല ടീച്ചർ, മാതൃവേദി പ്രസിഡന്റ് ഉജ്ജ്വല ബിജു, കെസിവൈഎം പ്രസിഡന്റ് ജിഷാദ് ജോസ്, സി. എൽ. സി വൈസ് പ്രസിഡന്റ് മീട്ടു മനോജ് എന്നിവർ ചേർന്ന് തിരി തെളിയിച്ചു. 2025 ജൂബിലി വർഷത്തിന്റെ ഔപചാരികമായ സമാപനം കുറിച്ച് വിശ്വാസപരിശീലകരുടെ ജൂബിലി സംഗമവും സംഘടിപ്പിച്ചു.

# താമരശേരി രൂപത ഭിന്നശേഷിസംഗമം സംഘടിപ്പിച്ചു



താമരശേരി: രൂപതയുടെ റൂബി ജൂബിലിയുടെ ഭാഗമായി രൂപതാ കുടുംബ കൂട്ടായ്മയുടെ നേതൃത്വത്തിൽ ഇടയനോടൊപ്പം എന്ന പേരിൽ രൂപതയിലെ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെയും കുടുംബാംഗങ്ങളുടെയും ക്രിസമസ് ആഘോഷം രൂപതാധ്യക്ഷൻ മാർ റെമിജിയോസ് ഇഞ്ചനാനിയിലിന്റെ സാന്നിധ്യത്തിൽ പുതുപ്പാടി സെന്റ് ജോർജ് പാരിഷ് ഓഡിറ്ററിയത്തിൽ നടത്തി. മാർ റെമിജിയോസ് സംഗമം ഉദ്ഘാടനം ചെയ്തു. പുതുപ്പാടി ഇടവകവികാരി ഫാ ജോർജ് കളത്തൂർ, കുടുംബക്കൂട്ടായ്മ ഡയറക്ടർ ഫാ. ജിനോയ് പനക്കൽ, മേഖല ഡയറക്ടർ ഫാ. മിൽട്ടൻ മുളങ്ങശ്ശേരി, സി.ഓ.ഡി. ഡയറക്ടർ ഫാ. സായി പാറകുളങ്ങര, രൂപതാ പ്രസിഡന്റ് പ്രകാശ് പുളിക്കെക്കര, പ്രോഗ്രാം കോർഡിനേറ്റർ മനോജ്, രൂപതാ സെക്രട്ടറി മേരിക്കുട്ടി, രുഗ്മിണിയമ്മ എന്നിവർ പ്രസംഗിച്ചു. ഫോട്ടോ സെഷൻ, കേക്ക് മുറിക്കൽ, സദ്യ, കലാപരിപാടികൾ, ക്രിസ്തുമസ് സമ്മാന വിതരണം എന്നിവയും ഉണ്ടായിരുന്നു. ഭിന്നശേഷിക്കാരും കുടുംബാംഗങ്ങളുമായി 313 പേർ പങ്കെടുത്തു.

# അമ്മമാർ കാവൽക്കാർ: മാർ ജോസ് പുളിക്കൽ



കാഞ്ഞിരപ്പള്ളി: അമ്മമാർ കുടുംബത്തിന്റെയും സഭയുടെയും സമൂഹത്തിന്റെയും കാവലാളാണെന്നും മാതൃവേദിയുടെ മദ്ധ്യസ്ഥയായ പരി. കന്യകാമറിയം ദൈവത്തിൽ ആശ്രയിച്ചതുപോലെ നാം ദൈവത്തിലാശ്രയിക്കണമെന്നും സഹമദ്ധ്യസ്ഥയായ വി. മോനിക്കായും, വി.ജിയന്നായും കുടുംബത്തെ വലിയ പ്രതിസന്ധിയിൽ കാത്തതുപോലെ നമ്മുടെ കുടുംബത്തിൽ കാവലായി, കരുതലായി, കരുത്തായി നിൽക്കണമെന്നും കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ ഓർമ്മിപ്പിച്ചു.

കാഞ്ഞിരപ്പള്ളി രൂപതാ മാതൃവേദിയുടെ 30-ാം വാർഷികം വിഷൻ 2K25 ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കുടുംബകൂട്ടായ്മ ഡയറക്ടർ ഫാ. തോമസ് വെൺമാന്തറ വിശുദ്ധ കുർബാനയർപ്പിച്ചു. പൊതുസമ്മേളനത്തിൽ രൂപതാ പ്രസിഡന്റ് ജിജി ജേക്കബ് പുളിയംകുന്നേൽ അധ്യക്ഷത വഹിച്ചു. വ്യത്യസ്ത കലാപരിപാടികൾ സമ്മേളനത്തെ മികവുറ്റതാക്കി. മാതൃവേദിയുടെ 30-ാം വാർഷികത്തിന്റെ സ്മാരകമായി ക്രമീകരിച്ച സുവനീർ "സുകൃതം" പ്രകാശനം ചെയ്തു. രൂപതയിലെ 148 ഇടവകകളിൽ നിന്നുള്ള അമ്മമാർ സംബന്ധിച്ചു.

രൂപതാ ഡയറക്ടർ ഫാ. മാത്യു ഓലിക്കൽ, ആനിമേറ്റർ സി. റോസ്മി എന്നിവർ പ്രസംഗിച്ചു.

# തൃശൂർ അതിരൂപത

## ക്രൈസ്തവവിശ്വാസത്തിന്റെ പിള്ളത്തൊട്ടിൽ



അപ്പസ്തോലനായ തോമാശ്ലീഹായുടെ പാദമുദ്രകളും പ്രേഷിതചൈതന്യവുമണിഞ്ഞ നാടാണ് തൃശൂർ. അനേകം വർഷങ്ങളുടെ വിശ്വാസപാരമ്പര്യമുള്ള ഇന്നത്തെ തൃശൂർ അതിരൂപത അഞ്ചുലക്ഷം സഭാതനയരാൽ അനുഗൃഹീതമാണ്. രണ്ട് വിശുദ്ധരുൾപ്പെടെ ക്രിസ്തീയജീവിതത്തിന് മകുടം ചാർത്തിയ സുകൃതികളുടെ ജന്മത്താലും കർമ്മത്താലും ധന്യമാക്കപ്പെട്ട ദേശം, ഭക്തസംഘടനകളിലൂടെയുള്ള തീക്ഷ്ണമായ സാക്ഷ്യജീവിതത്തിന്റെയും പ്രവർത്തനങ്ങളുടെയും വിശ്വാസത്തിന്റെ പ്രോജ്ജ്വല സാക്ഷ്യമായ പാലയൂർ തീർത്ഥാടനത്തിന്റെയും ഇടം, മികവുറ്റ ജീവകാരുണ്യ- ആതുരശുശ്രൂഷ- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നാട്, ലോകറിക്കാർഡ് നേടിയ ബോൺ നത്താലെ കരോൾ ഘോഷയാത്രയുടെ വേദി എന്നു തുടങ്ങി നിരവധി സവിശേഷതകൾ തൃശൂർ അതിരൂപതയ്ക്ക് സ്വന്തമാണ്.

ഇന്ത്യയിലെ ക്രൈസ്തവ വിശ്വാസത്തിന്റെ പിള്ളത്തൊട്ടിലാണ് തൃശൂർ. അപ്പസ്തോലനായ മാർ തോമാശ്ലീഹാ എ. ഡി. 52-ാമാണ്ടിൽ വന്നിറങ്ങിയതും പ്രേഷിതപ്രവർത്തനങ്ങൾ ആരംഭിച്ചതും തൃശൂർ ജില്ലയിലെ അക്കാലത്തെ മുസിരിസ് വാണിജ്യ തുറമുഖ നഗരമായിരുന്ന കൊടുങ്ങല്ലൂരിലും ജൂതകുടുംബങ്ങൾ പാർത്തിരുന്ന പാലയൂരിലുമാണ്.

### ചരിത്രവഴിയിലെ നാഴികക്കല്ലുകൾ

**1887 മെയ് 20** – ലെയോ പതിമൂന്നാമൻ മാർപാപ്പ തൃശൂർ വികാരിയാത്ത് സ്ഥാപിച്ചു.

**1896** – ലെയോ പതിമൂന്നാമൻ മാർപാപ്പ തൃശൂർ വികാരിയാത്തിന്റെ അധികാരപരിധി പുനർനിർവ്വചിച്ചു.

**1923** – പതിനൊന്നാം പിയൂസ് മാർപാപ്പ സീറോമലബാർ ഹയരാർക്കി സ്ഥാപിച്ചപ്പോൾ തൃശൂർ രൂപതയെ എറണാംകുളം അതിരൂപതയുടെ സാമന്തരൂപതയാക്കി.

**1974 ജൂൺ 20** – തൃശൂർ രൂപത വിഭജിച്ച് പാലക്കാട് രൂപത സ്ഥാപിച്ചു.

**1978 ജൂൺ 22** – തൃശൂർ രൂപത വിഭജിച്ച് ഇരിങ്ങാലക്കുട രൂപത സ്ഥാപിച്ചു.

**1995 മെയ് 18** – ജോൺ പോൾ രണ്ടാമൻ മാർപാപ്പ തൃശൂർ രൂപതയെ അതിരൂപതയായി ഉയർത്തി. പാലക്കാട്, ഇരിങ്ങാലക്കുട രൂപതകൾ ഉൾപ്പെടുന്ന തൃശൂർ മെത്രാപ്പോലീത്തൻ പ്രവിശ്യ നിലവിൽ വന്നു.


**2010 ഏപ്രിൽ 11** – രാമനാഥപുരം രൂപത തൃശൂർ മെത്രാപ്പോലീത്തൻ പ്രവിശ്യയുടെ ഭാഗമായി രൂപീകൃതമായി.

**2025 ആഗസ്റ്റ്** – ഹൊസൂർ രൂപത തൃശൂർ മെത്രാപ്പോലീത്തൻ പ്രവിശ്യയിൽ കൂട്ടിച്ചേർക്കപ്പെട്ടു.

### ഇടയ ശ്രേണി



അഡോൾഫസ് എഡ്വിൻ മെഡ്‌ലിക്കോട്ട് (1887-1896)



മാർ ജോൺ മേനാച്ചേരി (1896-1919)



മാർ ഫ്രാൻസിസ് വാഴപ്പിള്ളി (1921 -1942)



മാർ ജോർജ് ആലപ്പാട്ട് (1944-1970)



മാർ ജോസഫ് കുണ്ടുകുളം മെത്രാപ്പോലീത്ത (1970-1997)



മാർ ജേക്കബ് തൂങ്കുഴി മെത്രാപ്പോലീത്ത (1997-2007)



മാർ ആൻഡ്രൂസ് താഴത്ത് 2007-

### സഹായ മെത്രാന്മാർ



മാർ ആൻഡ്രൂസ് താഴത്ത്



മാർ റാഫേൽ തട്ടിൽ



മാർ ടോണി നീലങ്കാവിൽ

**CATHOLIC ARCHBISHOP'S HOUSE**
P.B. NO. 706, Thrissur - 680 005, Kereala, India, Ph.:0487 - 2333325, 2338203, 2333542
E-mail : curiatcr@gmail.com Website:www.trichurarchdiocese.org

## വിശുദ്ധിയുടെ പാതയിലൂടെ ചരിച്ചവർ





വിശുദ്ധ എവുപ്രാസ്യാമ്മ

വിശുദ്ധ മറിയം ത്രേസ്യ

ലോകത്തിന് രണ്ട് വിശുദ്ധരെ സമ്മാനിക്കാൻ അവിഭക്ത തൃശൂർ അതിരൂപതയെ ദൈവം അനുഗ്രഹിച്ചു. പുണ്യജീവിതം നയിച്ച അവിഭക്ത തൃശൂർ അതിരൂപതാംഗങ്ങളായ രണ്ടു സമർപ്പിതർ ധന്യപദവിയിലേക്കും മൂന്ന് വൈദികർ ദൈവദാസപദവിയിലേക്കും ഉയർത്തപ്പെട്ടതിൽ ദൈവജനം ഏറെ സന്തോഷിക്കുന്നു.




ധന്യൻ ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ

ധന്യ സിസ്റ്റർ സെലിൻ കണ്ണനായ്ക്കൽ.

ദൈവദാസൻ ഫാ. ജോസഫ് വിതയത്തിൽ

ദൈവദാസൻ ഫാ. ആന്റണി തച്ചുപറമ്പിൽ

ദൈവദാസൻ ഫാ. കനീസിയൂസ് തെക്കേക്കര സി. എം. ഐ.

## അവിസ്മരണീയ സംഭവങ്ങൾ

ലോകം വണങ്ങുന്ന വിശുദ്ധരായ ജോൺ പോൾ രണ്ടാമൻ മാർ പാപ്പയ്ക്കും മദർ തെരേസയ്ക്കും തൃശൂർ ജനത ആവേശോജ്ജ്വലമായ വരവേൽപ് നൽകിയിട്ടുണ്ട്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ 1986 ഫെബ്രുവരി ഏഴിന് തൃശൂർ സന്ദർശിച്ചത് ഐതിഹാസിക സംഭവമായിരുന്നു. ജനലക്ഷങ്ങളെ സാക്ഷി നിറുത്തി രൂപതയുടെ ശതാബ്ദി ആഘോഷങ്ങൾ അന്ന് പരിശുദ്ധ പിതാവ് ഉദ്ഘാടനം ചെയ്തു.



ആയിരത്തി തൊള്ളായിരത്തി എൺപതുകളുടെ അവസാനത്തിൽ ദൈവപുത്രനായ ക്രിസ്തുവിനെ അവഹേളിക്കുന്ന വിധത്തിൽ രചിക്കപ്പെട്ട ആറാം തിരുമുറിവ് എന്ന നാടകത്തിനെതിരായ പ്രതിഷേധ കൊടുങ്കാറ്റ് ഏറ്റവും ശക്തമായി ഉയർന്നത് തൃശൂരിൽ നിന്നായിരുന്നു.

വിശുദ്ധ മദർ തെരേസ രണ്ടു തവണ തൃശൂർ സന്ദർശിച്ചപ്പോഴും സ്നേഹാദരങ്ങളുമായി വിശ്വാസി സഹസ്രങ്ങൾ ഓടിയെത്തി. 1990 ഡിസംബർ 30 നും 1994 ജനുവരി 18 നുമായിരുന്നു ആ സന്ദർശനങ്ങൾ.

2004 ജനുവരിയിലെ സി. ബി. സി. ഐ. ജനറൽ അസംബ്ലിക്ക് ആതിഥ്യമരുളിയത് തൃശൂർ അതിരൂപതയാണ്.



ജൂബിലി മിഷൻ മെഡിക്കൽ കോളേജ്



ഡാമിയൻ ഇൻസ്റ്റ്യൂട്ട്



മേരിമാതാ മേജർ സെമിനാരി



പോപ്പ് പോൾ മേഴ്സി ഹോം



സെന്റ് തോമസ് കോളേജ്



ജ്യോതി എഞ്ചിനിയറിങ്ങ് കോളേജ്

## വൈദിക-സമർപ്പിത സമൂഹങ്ങൾ

16 ഫൊറോനകൾക്ക് കീഴിൽ 225 ഇടവകകളിലും 34 സ്റ്റേഷൻ പള്ളികളിലും വിവിധ സ്ഥാപനങ്ങളിലുമായി തൃശൂർ അതിരൂപയിലെ 442 വൈദികർ ശുശ്രൂഷ ചെയ്യുന്നു. മലബാർ മിഷണറി ബ്രദേഴ്സ് ഉൾപ്പെടെ 21 സന്യാസസമൂഹങ്ങളിലെയും 61 സന്യാസിനീസമൂഹങ്ങളിലെയും അംഗങ്ങൾ വിശിഷ്ടമായ ശുശ്രൂഷകളാണ് അതിരൂപയിൽ ചെയ്തുകൊണ്ടിരിക്കുന്നത്. 4 സമർപ്പിതസമൂഹങ്ങളുടെ ജനറലേറ്റ് ഹൗസുകളും 9 സമർപ്പിതസമൂഹങ്ങളുടെ പ്രൊവിൻഷ്യലേറ്റ് ഹൗസുകളും തൃശൂർ അതിരൂപതയിൽ പ്രവർത്തിക്കുന്നു. വിവിധ സമർപ്പിതസമൂഹങ്ങളുടെ നേതൃത്വത്തിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആതുരാലയങ്ങൾ, ജീവകാരുണ്യസ്ഥാപനങ്ങൾ എന്നിവ ഏറെ പ്രശംസനീയമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

## പ്രേഷിത ആഭിമുഖ്യം

സീറോ മലബാർ മെത്രാൻ സമിതിയുടെ നിർദ്ദേശമനുസരിച്ച് മുംബൈയിലെ വിശ്വാസിസമൂഹത്തിനു ശുശ്രൂഷ നൽകാനുള്ള ദൗത്യം 1987 ൽ തൃശൂർ രൂപത ഏറ്റെടുത്തു. കല്യാൺ രൂപതയുടെ ഉത്ഭവത്തിലും വളർച്ചയിലും പങ്കുപറ്റാൻ തൃശൂർ അതിരൂപതയ്ക്ക് ദൈവം ഇടവരുത്തി.

ഷംഷാബാദ് അതിരൂപതയുടെ ഭാഗമായ വിശാഖപട്ടണത്ത് ഇപ്പോൾ പ്രേഷിതപ്രവർത്തനങ്ങളിൽ വ്യാപൃതരായിട്ടുള്ളത് തൃശൂർ അതിരൂപതയിലെ വൈദികരാണ്. കേരളത്തിനു പുറത്തുള്ള സീറോ മലബാർ രൂപതകളിൽ ശുശ്രൂഷ ചെയ്യാൻ ആവശ്യാനുസരണം വൈദികരെ അയയ്ക്കാനും തൃശൂർ അതിരൂപത ശ്രദ്ധിക്കാറുണ്ട്.

## ജീവകാരുണ്യ പ്രവർത്തനങ്ങൾ

ഈശോയുടെ കരുണയും സ്നേഹവും മനുജർക്ക് സംലഭ്യമാക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളിൽ തൃശൂർ അതിരൂപത എന്നും ഉത്സുകയാണ്. വിവിധ കാലങ്ങളിൽ സ്ഥാപിതമായിട്ടുള്ളതും ഇപ്പോഴും പ്രവർത്തനനിരതവുമായ ജീവകാരുണ്യ സ്ഥാപനങ്ങൾ ദീർഘകാലാടിസ്ഥാനത്തിലുള്ള അതിരൂപതയുടെ പ്രതിബദ്ധതയുടെ തെളിവാണ്.

വ്യത്യസ്ത കാലഘട്ടങ്ങളിൽ മാനവസമൂഹം കെടുതികളിലൂടെ കടന്നുപോയപ്പോഴൊക്കെ അവസരത്തിനൊത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങളിലേർപ്പെട്ട ചരിത്രമാണ് തൃശൂർ അതിരൂപതയ്ക്കുള്ളത്. പ്രളയകാലത്ത് അതിരൂപതയും ഇടവകകളും അനേകർക്ക് രക്ഷാകേന്ദ്രങ്ങളായി. പല പള്ളികളിലും സ്ഥാപനങ്ങളിലും ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. അതിരൂപതയുടെ ജീവകാരുണ്യ പ്രസ്ഥാനമായ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ സേവ് തൃശൂർ എന്ന പേരിൽ അനേകം സഹായപദ്ധതികൾ നടപ്പാക്കി. ഉരുൾപൊട്ടൽ അടക്കമുള്ള പ്രകൃതിക്ഷോഭങ്ങളുണ്ടായപ്പോഴും അതിരൂപതയുടെ നേതൃത്വത്തിൽ സഹായങ്ങൾ ഒഴുകി. മൃതസംസ്കാരം അടക്കമുള്ള കാര്യങ്ങൾക്കായി ടാസ്ക് ഫോഴ്സ് രൂപീകരിച്ച് കോവിഡ് കാലത്തെ അടച്ചുപൂട്ടലിൽ ക്ലേശമനുഭവിച്ചവർക്കും അതിരൂപത തുണയേകി.

## മാധ്യമ ശുശ്രൂഷാരംഗം

രക്ഷയുടെ സുവിശേഷം പങ്കുവയ്ക്കുന്ന പ്രക്രിയയിലും പൊതുജനനന്മ ഉറപ്പാക്കുന്ന കാര്യത്തിലും മാധ്യമങ്ങൾക്കുള്ള അനിഷേധ്യമായ സ്വാധീനശക്തി തിരിച്ചറിഞ്ഞ അതിരൂപത ഏറെക്കാലമായി മാധ്യമശുശ്രൂഷാരംഗത്തെ സജീവ സാന്നിധ്യമാണ്. കത്തോലിക്കാ സഭ പത്രം, മീഡിയ കത്തോലിക്ക യൂട്യൂബ് ചാനൽ തുടങ്ങിയവയിലൂടെ സമൂഹത്തോട് സംവദിക്കുന്നതിൽ അതിരൂപത ജാഗ്രത പുലർത്തുന്നുണ്ട്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന അതിരൂപത പബ്ലിക് റിലേഷൻസ് ഓഫീസും മാധ്യമരംഗത്ത് സമയോചിതവും ക്രിയാത്മകവുമായ ഇടപെടലുകൾ നടത്തിവരുന്നു.

## പാലയൂർ തീർത്ഥാടനം

1998 ൽ ആർച്ചുബിഷപ് മാർ ജേക്കബ് തൂങ്കുഴി ആരംഭിച്ച പാലയൂർ തീർത്ഥാടനത്തിൽ ആയിരക്കണക്കിന് വിശ്വാസികളാണ് കിലോമീറ്ററുകളോളം നടന്നുകൊണ്ട് പങ്കെടുക്കുന്നത്.



## ബോൺ നത്താലെ

പൗരാവലിയുടെ പങ്കാളിത്തത്തോടെ 2013 ൽ ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് ആരംഭിച്ച ബോൺ നത്താലെ കരോൾ ഘോഷയാത്ര ലോകപ്രശസ്തമാണ്. 2014 ൽ ഗിന്നസ് ലോക റിക്കാർഡിട്ട ഈ ഘോഷയാത്ര വിശ്വാസ സാക്ഷ്യത്തിന്റെ അടയാളപ്പെടുത്തലും ജിവകാരുണ്യ സേവനങ്ങളുടെ ഉൽസവവുമാണ്. എല്ലാ വർഷവും ഡിസംബർ 27 നാണ് ബോൺ നത്താലെ കരോൾ ഘോഷയാത്ര നടത്തിവരുന്നത്.




# പുരോഹിതർ മിശിഹായോടുള്ള സ്നേഹത്താൽ പ്രചോദിതരായി സഭയെ പടുത്തുയർത്തേണ്ടവർ: മേജർ ആർച്ചുബിഷപ്



കാക്കനാട്: പുരോഹിതർ മിശിഹായോടുള്ള സ്നേഹത്താൽ പ്രചോദിതരായി സഭയെ പടുത്തുയർത്തേണ്ടവരാണെന്ന് മേജർആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ. സീറോമലബാർ സഭയുടെ കേന്ദ്ര കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ 2025-26 വർഷത്തിൽ പൗരോഹിത്യം സ്വീകരിക്കുന്ന ഡീക്കന്മാരുടെ സമ്മേളനത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രാദേശികമായ ചിന്തകൾക്കപ്പുറം സീറോമലബാർ സഭാംഗങ്ങളാണെന്നുള്ള സ്വത്വബോധം വൈദികരിൽ രൂപപ്പെടണമെന്നും നമ്മുടെ പുരാതനമായ സഭ പൈതൃകത്തിൽ അറിവും അഭിമാനവുമുള്ളവരായി മാറണമെന്നും മേജർ ആർച്ചുബിഷപ് ഓർമ്മിപ്പിച്ചു. വിവിധ രൂപതകൾക്കും സന്യാസ സമൂഹങ്ങൾക്കുമായി തിരുപ്പട്ടം സ്വീകരിക്കുന്ന സീറോമലബാർ സഭാംഗങ്ങളായ 250 ഡീക്കന്മാരാണ് സഭാ ആസ്ഥാനത്തു ഒരുമിച്ചുകൂടിയത്.

ഡിസംബർ മൂന്നിന് രാവിലെ 10 മണിക്ക് ആരംഭിച്ച പൊതുസമ്മേളനം സീറോമലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു. ക്ലർജി കമ്മീഷൻ ചെയർമാൻ ബിഷപ് മാർ ടോണി നീലങ്കാവിൽ സ്വാഗതം ആശംസിച്ചു. പ്രശസ്ത ആധ്യാത്മികപ്രഭാഷകനും എഴുത്തുകാരനുമായ ഫാ. ബോബി ജോസ് കട്ടിക്കാട് മുഖ്യപ്രഭാഷണം നടത്തി. സഭാകാര്യാലയത്തിന്റെ ചാൻസലർ റവ. ഡോ. എബ്രഹാം കാവിൽപുരയിടത്തിൽ, ക്ലെർജി കമ്മീഷൻ സെക്രട്ടറി റവ. ഡോ. ടോം ഓലിക്കരോട്ട് എന്നിവരും സംസാരിച്ചു. മേജർ ആർച്ചുബിഷപ്പിന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ വിശുദ്ധകുർബാനയർപ്പണം നടന്നു. സീറോമലബാർ സഭയിലെ വൈദികർക്കുവേണ്ടിയുള്ള കമ്മീഷന്റെ ആഭിമുഖ്യത്തിലായിരുന്നു ഡീക്കന്മാരുടെ സമ്മേളനം നടന്നത്. വിവിധ രൂപതകളിൽ നിന്നും സന്യാസസമൂഹങ്ങളിൽ നിന്നുമായി 245 ഡീക്കന്മാർ പങ്കെടുത്തു.

# പ്രത്യാശയുടെ ജൂബിലിവർഷം സമാപിക്കുന്നു



റോം: 2025 ലെ പ്രത്യാശയുടെ ജൂബിലി വർഷത്തിനു സമാപനംകുറിച്ച്, റോമിലെ നാല് പ്രധാന പേപ്പൽ ബസിലിക്കകളിലെ വിശുദ്ധ വാതിലുകൾ അടച്ചു. ജൂബിലി വർഷത്തിൽ 30 ദശലക്ഷം തീർഥാടകർ കടന്നുപോയ, വത്തിക്കാൻ സെന്റ് പീറ്റേഴ്സ് ബസിലിക്കയിലെ വിശുദ്ധ വാതിൽ, 2026 ജനുവരി ആറിന് ലെയോ പാപ്പ അടയ്ക്കുന്നതോടെ കത്തോലിക്കാ സഭയുടെ ജൂബിലി വർഷത്തിന് പൂർണ്ണ സമാപനമാകും. സാർവത്രിക സഭയിലെ ഈ ജൂബിലി വർഷം നമ്മെ ക്രിസ്തുവിന്റെ പ്രത്യാശയെ സ്വീകരിക്കാനും അതിൽ പുതുക്കപ്പെടാനും ആഹ്വാനം ചെയ്യുന്നു - നിരാശപ്പെടുത്താത്ത ഒരു പ്രത്യാശ. നാം ഒരു പ്രത്യേക തീർഥാടന സമയത്തിലേക്ക് പ്രവേശിക്കുകയാണ്, പരിശുദ്ധ പിതാവ് നമ്മെ ഓർമ്മിപ്പിച്ചതുപോലെ, യേശു 'നമ്മുടെ തീർഥാടനത്തിന്റെ ലക്ഷ്യസ്ഥാനമാണ്'. അവൻ വഴിയും സഞ്ചരിക്കേണ്ട പാതയുമാണ്.

പ്രത്യാശയുടെ തീർഥാടകർ എന്നതായിരുന്നു ഈശോയുടെ ജനനത്തിന്റെ 2025-ാം ജൂബിലി വർഷാഘോഷത്തിന്റെ മുഖ്യ പ്രമേയം. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്ന തിരുവെഴുത്തിലൂടെ 2024 മെയ് മാസം ഒൻപതാം തീയതി സ്വർഗ്ഗാരോഹണ തിരുനാൾ ദിവസമാണ് ഫ്രാൻസിസ് മാർപാപ്പ 2025 ജൂബിലി വർഷം ഔദ്യോഗികമായി പ്രഖ്യാപിച്ചത്. 2024 ലെ ക്രിസ്മസ് ദിനത്തിൽ ഫ്രാൻസിസ് മാർപാപ്പ തന്നെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിലെ വിശുദ്ധവാതിൽ തീർഥാടകർക്കായി തുറന്നുകൊടുത്തു. ഫ്രാൻസിസ് പാപ്പ തുറന്നതും ലെയോ പാപ്പ അവസാനിപ്പിക്കുന്നതുമായ ജൂബിലി വർഷമായിരുന്നു ഇത്. 1700-ൽ ഇന്നസെന്റ് പന്ത്രണ്ടാമൻ തുറന്ന് ക്ലെമന്റ് പതിനൊന്നാമൻ അടച്ചതിനുശേഷം സമാനമായ ഒന്ന് സംഭവിച്ചിട്ടില്ല.

ഫ്രാൻസിസ് മാർപാപ്പയെ അടക്കം ചെയ്ത, സെന്റ് മേരി മേജർ അഥവാ സാന്താ മരിയ മജോറെയിലെ വിശുദ്ധവാതിൽ അടച്ചതോടെയാണ് ജൂബിലിവർഷത്തിന്റെ ഔദ്യോഗിക സമാപനത്തിന് തുടക്കമായത്. ചടങ്ങുകൾക്ക് കർദിനാൾ റോളാൻഡാസ് മക്രിക്കാസ് മുഖ്യ കർമികത്വം വഹിച്ചു. ഡിസംബർ 27-ന് രാവിലെ 11 ന് കർദിനാൾ ബൽദസാരെ റെയ്നയുടെ കാർമികത്വത്തിൽ സെന്റ് ജോൺ ലാറ്ററൻ ബസിലിക്കയിലെ വിശുദ്ധവാതിൽ അടച്ചു. ഡിസംബർ 28-ന് രാവിലെ 10-ന് കർദിനാൾ ജെയിംസ് മൈക്കൽ ഹാർവിയുടെ കാർമികത്വത്തിൽ നടന്ന ചടങ്ങിൽ സാൻ പൗളോ ബസിലിക്കയുടെ വിശുദ്ധ വാതിൽ അടച്ചു.

ജൂബിലി വർഷത്തിന്റെ സമ്പൂർണ്ണ സമാപനത്തെ സൂചിപ്പിക്കുന്നതിനായി ലെയോ പതിനാലാമൻ മാർപാപ്പ 2026 ജനുവരി ആറിന് രാവിലെ 9.30 ന് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ വെങ്കല വാതിൽ അടയ്ക്കുന്നതോടെ 2025 ജൂബിലി വർഷത്തിന് സമാപനമാകും. ജൂബിലി വർഷത്തിൽ വിശ്വാസികൾ വിശുദ്ധ വാതിലുകളിലൂടെ കടന്നുപോകുന്നതിലൂടെ പൂർണ്ണ ദണ്ഡവിമോചനം നേടുന്നു എന്നാണ് വിശ്വാസം. 1300-ൽ പോപ്പ് ബോണിഫേസ് എട്ടാമൻ ഒന്നാം ജൂബിലി പ്രഖ്യാപിച്ചതുമുതൽ ഈ പാരമ്പര്യം തുടർന്നുപോരുന്നു. പ്രാദേശിക സഭകളുടെ ജൂബിലി സമാപനം 2025 ഡിസംബർ 28-ന്, വിശുദ്ധ കുടുംബത്തിന്റെ തിരുനാളിൽ നടന്നിരുന്നു. സഭ അസാധാരണ വിശുദ്ധ വീണ്ടെടുപ്പ് വർഷമായി ആഘോഷിക്കുന്ന 2033-ൽ വിശുദ്ധ വാതിൽ വീണ്ടും തുറക്കും.

# പ്രാർഥിക്കാൻ ഇഷ്ടം കത്തോലിക്കാ ദൈവാലയം: പോപ്പ് ലെയോ പതിനാലാമൻ



ഇസ്താംബുളിലെ ബ്ലൂ മോസ്ക് സന്ദർശിച്ചപ്പോൾ അവിടെ പ്രാർഥിച്ചിരുന്നോ എന്ന മാധ്യമപ്രവർത്തകന്റെ ചോദ്യത്തിന് തന്റെ പ്രാർത്ഥനാജീവിതത്തിന്റെ ആഴവും ലാളിത്യവും വെളിപ്പെടുത്തുന്ന ലെയോ പതിനാലാമൻ പാപ്പായുടെ മറുപടി ശ്രദ്ധേയമാകുന്നു. "ആരാണ് ഞാൻ പ്രാർഥിച്ചില്ലെന്ന് പറഞ്ഞത്? ഒരുപക്ഷേ ഈ നിമിഷം പോലും എന്റെ പ്രാർത്ഥന തുടരുന്നുണ്ടാകാം. സത്യം പറഞ്ഞാൽ, എന്റെ ആത്മാവിന് കൂടുതൽ ആശ്വാസം നൽകുന്നതു പരിശുദ്ധ കുർബാനയുടെ ജീവനുള്ള സാന്നിധ്യമുള്ള ഒരു കത്തോലിക്കാ പള്ളിയിൽ പ്രാർഥിക്കുന്നതാണ്' പാപ്പ വ്യക്തമാക്കി. പരിശുദ്ധ കുർബാനയിലെ യേശുവിന്റെ സജീവസാന്നിധ്യത്തിലുള്ള തന്റെ അഗാധമായ വിശ്വാസം പ്രകടമാക്കുന്നതും കുർബാനയിലുള്ള വിശ്വാസത്തിൽ ആഴപ്പെടാൻ പ്രോത്സാഹനം നൽകുന്നതുമായിരുന്നു പാപ്പായുടെ വാക്കുകൾ. കാസ്റ്റൽ ഗണ്ടോൾഫോയിലെ പാപ്പായുടെ വേനൽക്കാല വസതിയിൽനിന്ന് വത്തിക്കാനിലേക്ക് മടങ്ങുന്നതിനിടെയായിരുന്നു മാർപാപ്പയുടെ ഈ പ്രസ്താവന.

# ക്രിസ്ത്യാനിക്ക് ശത്രുക്കളില്ല; സഹോദരങ്ങൾ മാത്രം: മാർപാപ്പ

ക്രിസ്ത്യാനിക്ക് ശത്രുക്കളില്ല, മറിച്ച് സഹോദരീസഹോദരങ്ങളാണുള്ളത്, പരസ്പരം മനസ്സിലാകാത്ത അവസരങ്ങളിൽപ്പോലും അതങ്ങനെതന്നെ തുടരുന്നു എന്ന് ലെയോ പതിനാലാമൻ മാർപാപ്പ. പ്രഥമരക്തസാക്ഷിയായ വിശുദ്ധ സ്തേഫാനോസിന്റെ തിരുനാൾ ദിനത്തിൽ വത്തിക്കാനിൽ സന്ദേശം നൽകുകയായിരുന്നു പാപ്പ. സമകാലീന ലോകത്തിലെ അനിശ്ചിതത്വത്തിന്റെയും കഷ്ടപ്പാടിന്റെയും സാഹചര്യങ്ങളിൽ, ആനന്ദം അസാധ്യമാണെന്ന് തോന്നിയേക്കാമെന്നും രക്തസാക്ഷിത്വം സ്വർഗ്ഗത്തിലെ ജനനമാണെന്നും പാപ്പ പറഞ്ഞു. നാം ഈ ഭൂമിയിലേക്ക് വരുന്നത് സ്വന്തമായി തീരുമാനമെടുത്തല്ല, എന്നാൽ പിന്നീട്, നമ്മോട് വ്യക്തമായി അറിഞ്ഞുകൊണ്ട്, വെളിച്ചത്തിലേക്ക് വരാനും, വെളിച്ചം തിരഞ്ഞെടുക്കാനും ആവശ്യപ്പെടുന്ന ഒരുപാട് അനുഭവങ്ങളിലൂടെ നാം കടന്നുപോകാറുണ്ട്. ലോകത്തിന്റെ എല്ലായിടങ്ങളിലും, വലിയ വില നൽകേണ്ടിവരുമ്പോഴും നീതി തിരഞ്ഞെടുക്കുന്ന, തങ്ങളുടെ ഭീതികളെക്കാൾ സമാധാനത്തിന് പ്രാധാന്യം നൽകുന്ന, തങ്ങളെത്തന്നെ സേവിക്കുന്നതിന് പകരം പാവപ്പെട്ടവരെ ശുശ്രൂഷിക്കുന്ന മനുഷ്യരുണ്ട്. സമകാലീന ലോകത്തിലെ അനിശ്ചിതത്വത്തിന്റെയും കഷ്ടപ്പാടിന്റെയും സാഹചര്യങ്ങളിൽ, ആനന്ദം അസാധ്യമാണെന്ന് തോന്നിയേക്കാം. ഇന്ന്, സമാധാനത്തിൽ വിശ്വസിക്കുകയും, യേശുവിന്റെയും രക്തസാക്ഷികളുടെയും ആയുധരഹിതമായ വഴി തിരഞ്ഞെടുക്കുകയും ചെയ്തവർ പലപ്പോഴും അപഹാസ്യരാകുകയും, പൊതുചർച്ചകളിൽനിന്ന് മാറ്റിനിറുത്തപ്പെടുകയും ചെയ്യുന്നുണ്ട്.

# പത്തു വർഷത്തിനിടെ നൈജീരിയയിൽ തട്ടിക്കൊണ്ടുപോയത് 212 വൈദികരെ

ക്രൈസ്തവ വിരുദ്ധ പീഡനങ്ങൾക്കൊണ്ട് കുപ്രസിദ്ധിയാർജ്ജിച്ച നൈജീരിയയിൽ പത്തു വർഷത്തിനിടെ ആയുധധാരികൾ തട്ടിക്കൊണ്ടുപോയത് ഇരുനൂറിലധികം വൈദികരെ. എയിഡ് ടു ദി ചർച്ച് ഇൻ നീഡ് (ACN) എന്ന പൊന്തിഫിക്കൽ സംഘടനയാണ് വിശദമായ പഠനത്തിന് ഒടുവിൽ കണക്കുകൾ പുറത്തുവിട്ടിരിക്കുന്നത്. 2015 നും 2025 നും ഇടയിൽ 212 വൈദികരെ അക്രമികൾ തട്ടിക്കൊണ്ടുപോയതായി റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു.

രാജ്യത്തു തട്ടിക്കൊണ്ടുപോയ 212 വൈദികരിൽ 183 പേരെ മോചിപ്പിച്ചിട്ടുണ്ട്. അതേ സമയം 12 പേർ കൊല്ലപ്പെട്ടു. തടവിലായ ശേഷം തങ്ങൾ അനുഭവിച്ച ആഘാതവും പരിക്കും സഹിക്കവയ്യാതെ മൂന്ന് പേർ പിന്നീട് മരിക്കുകയും ചെയ്തതായും എസിഎൻ റിപ്പോർട്ട് ചെയ്യുന്നു. ക്രൈസ്തവ വിശ്വാസികൾക്കും വൈദികർക്കും ഒരുപോലെ ഭീഷണിയായ രാജ്യമാണ് നൈജീരിയയെന്ന വസ്തുതയെ ഒരിക്കൽകൂടി സ്ഥിരീകരിക്കുകയാണ് പുതിയ റിപ്പോർട്ട്.

നൈജീരിയായിലെ 59 രൂപതകളിൽ കുറഞ്ഞത് 41 എണ്ണത്തിലും വൈദികരെ തട്ടിക്കൊണ്ടുപോയ സംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. 4 വൈദികർ ഇപ്പോഴും തടങ്കലിൽ തുടരുകയാണ്.